
കാമാക്ഷി ഗ്രാമപഞ്ചായത്ത്

വികസനരേഖ



9-ാം പദ്ധതി
ജനകീയ പദ്ധതി

62-4



മഹാത്മജി

" ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."
ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും."




പണ്ഡിറ്റ് ജവഹർലാൽ നെഹ്രു

സ്വതന്ത്രഭാരത ശില്പി

പഞ്ചവത്സരപദ്ധതികളുടെ ഉപജ്ഞാതാവ്



ഇന്ത്യയെ ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കു നയിക്കുന്നതിന് ജനകീയ നവോത്ഥാനം ലക്ഷ്യമാക്കി പഞ്ചായത്ത് രാജ് നിയമം ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച ഇന്ത്യയുടെ യുവ ദാർശനികൻ.




ഇ. എം. എസ്. നമ്പൂതിരിപ്പാട്

സംസ്ഥാന ജനകീയ ആസൂത്രണ ഉന്നതാധികാര സമിതി ചെയർമാൻ




മുൻ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. പി. വി. ജോസഫ് പാലയ്ക്കൽ



കാമാക്ഷി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ്
ശ്രീ. ഔസേഫ് അബ്രഹാം ആലയ്ക്കപ്പറമ്പിൽ




മുൻ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. എൻ. രാജശേഖരൻ നായർ ഇലഞ്ഞിമറ്റം



ഇടുക്കി എം. എൽ. എ.
പി. പി. സുലൈമാൻ റാവുത്തർ





ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
അഗസ്റ്റ്യൻ തോമസ് ശ്രാമ്പിക്കൽ




ജില്ലാ പഞ്ചായത്ത് മെമ്പർ
നോബിൾ ജോസഫ്




ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
സെലിൻ മാത്യു കുഴിഞ്ഞാലിൽ

കാഞ്ഞിരപ്പുഴ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



വൈസ് പ്രസിഡന്റ്
ജോസ് തെച്ചേരി



സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
അപ്പച്ചൻ അയ്യമ്പള്ളിക്കൽ



ലീസിയമ്മ തോമസ്



പ്രസിഡന്റ്
മണ്ണായി തേക്കുമല



റോസമ്മ തോമസ്




ജെസ്സി ജോസഫ്






ഷേർലി ജോസഫ്



എം. ജെ. ജോൺ




ഗംഗാധരൻ കുട്ടി



റെജി തങ്കപ്പൻ

കാമാക്ഷി ഗ്രാമ പഞ്ചായത്ത്



ഉള്ളടക്കം

പഞ്ചായത്തിന്റെ പൊതു വിവരണം

ആമുഖം

ചരിത്രം

I കൃഷിയും ജലസേചനവും

II മൃഗസംരക്ഷണവും അനുബന്ധമേഖലകളും

III വിദ്യാഭ്യാസം

IV കുടിവെള്ളവും പൊതുജനാരോഗ്യവും

V വ്യവസായം

VI ഗതാഗതവും ഊർജ്ജവും

VII പാർപ്പിടവും സാമൂഹ്യക്ഷേമവും

VIII സംസ്കാരം

IX വനിതാക്ഷേമം

X സഹകരണം

XI പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

XII വിഭവസമാഹരണം

XIII ഉപസംഹാരം

പഞ്ചായത്ത് പൊതുവിതരണം

പഞ്ചായത്തിന്റെ പേര്	:	കാമാക്ഷി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	തങ്കമണി, ഉപ്പുതോട്
താലൂക്ക്	:	ഉടുമ്പൻചോല
റവന്യു ജില്ല	:	ഇടുക്കി
പാർലമെന്റ് മണ്ഡലം	:	ഇടുക്കി
ആകെ വിസ്തീർണ്ണം	:	32.38 ചതുഃ കി. മീ.

അതിർത്തികൾ

വടക്ക്	: വാത്തിക്കുടി പഞ്ചായത്ത്
കിഴക്ക്	: ഇരട്ടയാർ പഞ്ചായത്ത്
തെക്ക്	: ഇടുക്കി റിസർവ്വേയർ
പടിഞ്ഞാറ്	: മരിയാപുരം പഞ്ചായത്ത്

ജനസംഖ്യ (1991ലെ സെൻസസ് പ്രകാരം)

ആകെ ജനസംഖ്യ	- 20425
പുരുഷന്മാർ	- 10359
സ്ത്രീകൾ	- 10006
പട്ടികജാതി	
പുരുഷന്മാർ	- 379
സ്ത്രീകൾ	- 372
ആകെ	- 751
പട്ടികവർഗ്ഗം	
പുരിഷന്മാർ	- 62
സ്ത്രീകൾ	- 57
ആകെ	- 119
സാക്ഷരത	
പുരുഷന്മാർ	- 8794
സ്ത്രീകൾ	- 8337
ആകെ	- 17131
സാക്ഷരത ശതമാനം	- 95.16%
ജനസാന്ദ്രത	- 640
വാർഡുകൾ	- 10

എഡിറ്റോറിയൽ ബോർഡ്

1. മാത്യു മത്തായി തേക്കമല
2. ജോസ് തൈച്ചേരി
3. അപ്പച്ചൻ അച്ചണ്ണിക്കൽ
4. ജോൺ മലമ്പാറ
5. കെ. വി. ജോസഫ്
6. ജോൺ തോമസ്
7. പി. സി. ചാക്കോ
8. ജോസഫ് മാണി
9. K. A. ചാക്കോ
10. റ്റി. എൻ. ബിജു
11. A. D. ചാക്കോ അങ്ങാടിയിൽ

വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. റെജി തങ്കപ്പൻ
2. ഗംഗാധരൻകുട്ടി
3. ഷേർളി ജോസഫ്
4. ജെസ്സി ജോസ്
5. റോസമ്മ തോമസ്സ്
6. ലിസ്സിയാമ്മ തോമസ്സ്
7. P. V. ജോസഫ് പുന്നത്താനി
8. പി. ജെ. ജേക്കബ്
9. വി. റ്റി ജയിംസ്
10. റോമിയോ സെബാസ്റ്റ്യൻ
11. പി. റ്റി. ജോർജ്ജ് പഴനിലം
12. രാജു കണ്ണംകോട്ട്
13. ടോമി കൂത്രപ്പള്ളി
14. കെ. എ. മാത്യു
15. ജോണി ജോസഫ്
16. ടോമി ഐപ്പൻപറമ്പിൽ
17. ദേവസ്യാ ജോസഫ് വലിയകുളം
18. മാത്യു വാഴയിൽ
19. ഇ. കെ. ജോസഫ്
20. സി. എ. അഗസ്റ്റിൻ

പഞ്ചായത്ത് ജീവനക്കാർ

1. കെ. വി. ജോസഫ്	സെക്രട്ടറി	4. കെ. എൻ. രവി	എൽ. ഡി. ക്ലാർക്ക്
2. കെ. എ. വിജയൻ	യു. ഡി. ക്ലാർക്ക്	5. എൻ. പാരിജാക്ഷൻ	ജൂനിയർ ബിൽ കളക്ടർ
3. കെ. എം. ജോസഫ്	എൽ. ഡി. ക്ലാർക്ക്	6. പി. എ. ശാന്ത പ്യൂൺ	

ആമുഖം

ഭരണം ഉന്നതരുടെ ദന്തഗോപുരത്തിൽ നിന്നും സാധാരണ ജനങ്ങളുടെ മദ്ധ്യത്തിലേക്ക് ഇറങ്ങി വരുന്നതിന്റെ മന്ദ്ര സാന്ദ്രിതി നാദമാണ് പഞ്ചായത്തി രാജ് ഉതിർക്കുന്നത്. കേന്ദ്രതിൽ ഇരിക്കുന്ന ഏതാനും ആളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല യഥാർത്ഥ ആസൂത്രണം. അത് ഓരോ ഗ്രാമത്തിലെയും ജനങ്ങളാൽ താഴെ നിന്നു തന്നെ നിർവ്വഹിക്കപ്പെടണം. ശരിയായ ആസൂത്രണത്തിലൂടെ വികസനപദ്ധതികൾ നടപ്പിൽ വരുത്തേണ്ട ചുമതല ഇന്നു നമുക്കു തന്നെ ലഭിച്ചിരിക്കുകയാണ്. ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചതിലൂടെ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് പദ്ധതികൾ ആവി ഷ്കരിക്കുവാനും അതു നടപ്പാലാക്കാനുമുള്ള ദൗത്യം നാം തന്നെ ഏറ്റെടുത്തിരിക്കുകയാണ്.

അധികാരം ജനങ്ങളിൽ എത്തുമ്പോൾ നാമിന്നനുഭവിച്ചുകൊണ്ടിരിക്കുന്ന വികസനപ്രതിസന്ധി കൾക്ക് ഒരളവുവരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയും. നമ്മുടെ ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദാന്യം വളരെ വർദ്ധിച്ചിരിക്കുന്നു. അധികാരം ജനങ്ങളിൽ എത്തികുന്ന മഹത്തായ. വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിച്ച് മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയെ നാം ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കണം. ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് നമ്മുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം വസ്ത്രം പാർപ്പിടം വിദ്യാഭ്യാസം തൊഴിൽ തുടങ്ങിയ മേഖലകളിൽ മുന്നേറാൻ നമുക്കു സാധിക്കണം.

ഭാരതത്തിന്റെ ഭരണഘടന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ സ്ത്രീപുരുഷ സമത്വമുണ്ടായിരിക്കണമെന്നതാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സമത്വം ഇന്ന് കടലാസിലും പ്രസംഗത്തിലുമൊക്കെയായി ഒതുങ്ങി നില്ക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. എന്നാൽ വനിതകൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം ഉറപ്പു വരുത്തിയിരിക്കുന്നതിലൂടെ ഈ പദ്ധതി അക്ഷന്തവ്യമായ ഈ തെറ്റിനു പരിഹാരം കണ്ടെത്തിയിരിക്കുന്നു.

നമ്മുടെ കൊച്ചുകേരളത്തിന് ഭാരതത്തിനു തന്നെ മാതൃകയാകാൻ കഴിയുന്ന പല നേട്ടങ്ങളും കൈവരികാൻ സാധിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനമുന്നേറ്റവും അക്കൂട്ടത്തിൽ പെടുന്നു. വിദ്യാഭ്യാസരംഗത്തും, ആരോഗ്യപരിപാലനരംഗത്തും നാം കൈവരിച്ച നേട്ടങ്ങൾ എടുത്തു പറയാവുന്നതാണ്. മതസൗഹാർദ്ദത്തിന് നമ്മുടെ സംസ്ഥാനം ഭാരതത്തിനാകെ മാതൃകയാണ്.

വിസ്തൃതിയിൽ കേലവം 1.1 ശതമാനം മാത്രം വരുന്ന കേരളം ദേശീയ കാർഷികമേഖലയിൽ അതിപ്രധാനമായ സ്ഥാനമാണ് വഹിക്കുന്നത്. ദേശീയ കാർഷിക വരുമാനത്തിൻരെ 3.29 ശതമാനവും കയറ്റുമതി അടങ്കലിന്റെ 3.27 ശതമാനവും കാർഷിക കേരളത്തിന്റെ സംഭാവനയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കാർഷിക മേഖലയിൽ ഇന്നുണ്ടായിരിക്കുന്ന മാന്ദ്യം കണക്കിലെടുത്ത് ഈ മേഖലയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ആസൂത്രണമായിരിക്കണം നമ്മുടെ ലക്ഷ്യം. അനുകൂലമായ കാലാവസ്ഥയും ഫലഭൂയിഷ്ഠമായ മണ്ണും അദ്ധ്വാനശീലരായ ജനസമ്പത്തും കൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനത്തിനു തനതായ ഒരു കാർഷികസംസ്കാരം വളർത്തിയെടുക്കാൻ നമുക്കു സാധിക്കണം.

വ്യാവസായികരംഗത്ത് നാം വളരെ പിന്നിലാണ്. അതിന്റെ ഫലമായി തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്നു. ഈ പ്രതിസന്ധി അതിജീവികുവാൻ നമുക്കു കഴിയണം. ജനകീയാസൂത്രണത്തിലൂടെ ജനപങ്കാളിത്തം ഉറപ്പു വരുത്തി വ്യാവസായികരംഗത്തും കാർഷികരംഗത്തും പുരോഗതിയുണ്ടാക്കി തൊഴിലില്ലായ്മ പരിഹരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നിരവധി വിദ്യാലയങ്ങളും വിദ്യാസമ്പന്നരും നമുക്കുണ്ട്. എങ്കിലും വളരെയേറെ മാറ്റങ്ങൾ ആവശ്യമായ. ഒരു രംഗമാണിത്. വിദ്യാഭ്യാസത്തിലൂടെ വ്യക്തികൾക്കുണ്ടാകുന്ന വികസനം സമൂഹത്തിന്റെ വികസനത്തിനു നൽകുന്ന സ്ഥിതിവിശേഷം ഉണ്ടാകേണ്ടിയിരിക്കുന്നു.

സമൂഹത്തിൽ അതിബലവാനു ലഭിക്കുന്ന അതേ സൗകര്യങ്ങൾ അതി ദുർബ്ബലനും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തിയാൽ മാത്രമേ നമ്മുടെ സങ്കല്പങ്ങളും ജനാധിപത്യവും പൂർണ്ണമായും പൂവണിഞ്ഞുവെന്ന് അഭിമാനി ക്കാനാവൂ. ഒൻപതാം പദ്ധതി നടപ്പിലാക്കുവാൻ ഗാന്ധിജിയുടെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ നമുക്കു കഴിയും.

ഗ്രാമസഭകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും കണക്കിലടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കേണ്ടതുമായ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതിയുമായി സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊണ്ട് കാമക്ഷി പഞ്ചായത്തിലെ ജനങ്ങളുടെ മുമ്പിൽ സജീവ ചർച്ചയ്ക്കായി വികസന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

എന്ന് പ്രസിഡന്റ്

മാത്യു മത്തായി, തേക്കമല

പഞ്ചായത്ത് രൂപീകരണചരിത്രം

കോട്ടയം ജില്ലയിൽപെട്ട കട്ടപ്പന പഞ്ചായത്തി ലെ VI-ാംവാർഡായിരുന്ന കാമാക്ഷി പ്രദേശം 1968 ജൂൺമാസം 9-ാംതീയതി G.O.M.S.No. 365-4/68 D.D. നമ്പർ ഉത്തരവുപ്രകാരം കാമാക്ഷി പഞ്ചായത്തായി രൂപീകരിക്കപ്പെട്ടു. കാമാക്ഷി പഞ്ചായത്ത് രൂപീകരണത്തിന് സഹായിച്ചവരിൽ പ്രമുഖരായ മുൻ റവന്യു മന്ത്രി യശഃ ശരീരനായ K. T. ജേക്കബ്, മുൻ കേരളാ മുഖ്യമന്ത്രിയായിരുന്ന പി. കെ. വാസുദേവൻ നായർ, കട്ടപ്പന പഞ്ചായത്ത് മുൻ പ്രസിഡന്റും മുൻ എം. എൽ. എ. യുമായ ശ്രീ വി. റ്റി. സെബാസ്റ്റ്യൻ, റവ. ഫാ. പോൾ തരണിയിൽ എന്നിഅവരെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

പഞ്ചായത്തിന് സൗജന്യമായി സ്ഥലം തന്നവർ

കാമാക്ഷി പഞ്ചായത്ത് ആഫീസ് പണിയുന്നതിന് പെരുമ്പാംപള്ളി മത്തച്ചൻ സൗജന്യമായി 15 സെന്റ് സ്ഥലം വിട്ടുകൊടുത്തു പകരമായി ഇപ്പോൾ ആപ്പീസ് സ്ഥിതി ചെയ്യുന്ന 30 സെന്റ് സ്ഥലം തങ്കമണി സെന്റ് തോമസ് ദേവാലയത്തിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. തങ്കമണി മാർക്കറ്റിനു വേണ്ടി ഇട്ടംപറമ്പിൽ E. M. ഫിലിപ്പ്, E. M. മാത്യു, E. M. തോമസ് എന്നിവർ സൗജന്യമായി 30 സെന്റ് സ്ഥലം പഞ്ചായത്തിനു വിട്ടു തന്നിട്ടുള്ളതാണ്. പഞ്ചായത്ത് സ്റ്റേഡിയത്തിനുവേണ്ടി കാമാക്ഷിയിൽ വാളിപ്ലാക്കൽ തോമസ്, കുറ്റ്യാമല കൊച്ചേട്ടൻ, പീതാംബരൻ എന്നിവർ സൗജന്യമായി ഒരു ഏക്കർ സ്ഥലം വിട്ടു തന്നിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി കട്ടപ്പന പഞ്ചായത്തിന്റെ VI-ാംവാർഡ് മെമ്പറായിരുന്ന ഔസേപ്പ് എബ്രഹാം ആലയ്ക്കപ്പറമ്പിലിനെയും, മെമ്പറന്മാരായി കട്ടപ്പന വില്ലേജ് അസിസ്റ്റന്റായിരുന്ന പി. എൻ. കൃഷ്ണപിള്ള, അഴുത ബ്ലോക്കിന്റെ ഗ്രാമ സേവകനമായിരുന്ന K. K. വിജയൻ എന്നിവരെയും സർക്കാർ നോമിനേറ്റു ചെയ്തു. 29-8-1968 ൽ ഈ സമിതി പഞ്ചായത്തിന്റെ അധികാരം ഏറ്റെടുത്തു. തങ്കമണി നീലിവയൽ ജംഗ്ഷനിൽ അരീക്കൽ താഴെ കുഞ്ഞപ്പൻ വക കെട്ടിടത്തിൽ കാമാക്ഷി പഞ്ചായത്താഫീസ് പ്രവർത്തനമാരംഭി ക്കുകയും ചെയ്തു. നിലവിൽ രൂപം കൊണ്ട പഞ്ചായത്തിന്റെ അതിരുകൾ പടിഞ്ഞാറ് ഇടുക്കി പെരിയാറും, കിഴക്ക് കൊച്ചു കാമാക്ഷി കുളം പള്ളി പുരയിടത്തിലൂടെ ഒഴുകുന്ന വലരിയും, നെല്ലിപ്പാറതോടും വടക്ക് ഉപ്പുതോട് കിളിയാറുകണ്ടം കുപ്പച്ചാംപടിതോടും, തെക്ക് കല്യാണത്തണ്ടും ആയിരുന്നു.

1-7-1971 ൽ കട്ടപ്പന പഞ്ചായത്ത് വിഭജിച്ച് ഇരട്ടയാർ പഞ്ചായത്ത് രൂപം കൊണ്ടപ്പോൾ നിലവിലുള്ള പഞ്ചായത്ത് പ്രസിഡന്റ് ഇരട്ടയാർ പഞ്ചായത്തിൽ ഉൾപ്പെട്ട ആളായതുകൊണ്ട് പ്രസിഡന്റു സ്ഥാനം നഷ്ടപ്പെടുകയും ശ്രീ. പി. വി. ജോസഫ് പാലയ്ക്കനെ പ്രസിഡന്റായി പുതിയ ഭരണസമിതിയെ ഗവൺമെന്റ് നോമിനേറ്റു ചെയ്യുകയും 17-7-1971 ൽ ഈ കമ്മറ്റി ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഈ ഭരണസമിതിയിൽ അംഗങ്ങളായി ശ്രീ മാത്യു മത്തായി തേക്കമല, ശ്രീ. ജോൺ തോമസ് മൂലേപ്പറമ്പിൽ, ശ്രീ. റോക്കി റോക്കി പുത്തൻപുരയ്ക്കൽ, ശ്രീ. എം. ആർ. കേശവൻ മുള്ളൻകുഴിയിൽ, ശ്രീ. പി. ജി. ദാമോദരൻ പിള്ള, ശ്രീ. ജോസഫ് ചാലിൽ, ശ്രീ. ഇ. എൻ. നാരായണൻ, ശ്രീ, തോമസ് പാലമറ്റം, ശ്രീ. ജോസഫ് തോമസ് ശ്രാമ്പിക്കൽ, ശ്രീ എൻ രാജശേഖരൻ നായർ ഇലഞ്ഞിമറ്റം എന്നിവർ അംഗങ്ങളായിരുന്നു.

1975 ൽ ഈ പഞ്ചായത്തിനെ വിഭജിച്ച് മരിയാപുരം പഞ്ചായത്ത് രൂപം കൊണ്ടപ്പോൾ പടിഞ്ഞാറെ അതിർത്തിയിൽ മാറ്റമുണ്ടായി. കല്യാണത്തണ്ട് പഴുവത്തടം തോടുമുതൽ ചട്ടിക്കുഴി തോട് വാരിക്കാട്ടുകാനം, പാണ്ടിപ്പാറ, കുരിശുപാറ, കരിക്കുംതോളം അമ്പലം, കരിക്കിൻ മേടു വരെയുള്ള പ്രദേശങ്ങൾ കാമാക്ഷി പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായി രൂപപ്പെട്ടു.

1977 ഫെബ്രുവരി 7-ാംതീയതി പ്രസിഡന്റായിരുന്ന ശ്രീ. പി. വി. ജോസഫ് പാലയ്ക്കൽ നിര്യാതനായതിനെ ത്തുടർന്ന് ശ്രീയ എൻ. രാജശേഖരൻ നായർ ഇലഞ്ഞിമറ്റം പ്രസിഡൻരായി ഭരണം തുടർന്നു.

1979-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. മാത്യു മത്തായി തേക്കമല പ്രസിഡന്റായുംശ്രീ. കെ. റ്റി. വർക്കി കെല്ലിത്തടം വൈസ് പ്രസിഡന്റായും കമ്മറ്റി അംഗങ്ങളായി ശ്രീ. എം. റ്റി. തോമസ്

മൂലേച്ചേരി, ശ്രീ. ജോസഫ് തോമസ് ശ്രാമ്പിക്കൽ, ശ്രീ. കെ. റ്റി. കുട്ടുൻ കുറ്റിക്കൽ, ശ്രീമതി. ചിന്നമ്മ മാത്യു തേനംമാക്കൽ, ശ്രീ. ജോസഫ് ജോസഫ് ഇടയാൽ, പി. ഡി. തോമസ് പുതുപ്പറമ്പിൽ എന്നിവരുമുൾപ്പെട്ട പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

ഈ ഭരണസമിതിയുടെ കാലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന് സ്വന്തമായി കെട്ടിടവും ഷോപ്പിംഗ് സെന്ററും നിർമ്മിക്കുവാൻ കഴിഞ്ഞു. 1984 ൽ കാലാവധി പൂർത്തിയായപ്പോൾ ഭരണസമിതി പിരിച്ചു വിടുകയും 1987 വരെ സ്പെഷ്യൽ ഓഫീസർമാരുടെ ചുമതലയിൽ പഞ്ചായത്ത് ഭരണം നടത്തിപ്പോരുകയും ചെയ്തു.

1988 ൽ പഞ്ചായത്തിനെ 9 വാർഡുകളായി തിരിച്ചുകൊണ്ട് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. മാത്യു മത്തായി പ്രസിഡൻറായും , ശ്രീ. ജോസഫ് കോരവൈസ് പ്രസിഡന്റായും, ശ്രീ. എം. റ്റി. തോമസ് മൂലേച്ചാലിൽ ശ്രീ. പി. എൻ. ശശി പാറക്കുഴിയിൽ, ശ്രീ. പി. റ്റി. ഡൊമിനിക്ക് പയ്യമ്പിള്ളിൽ, ശ്രീ. വി. റ്റി. ഡൊമിനിക്ക് ഇരുമ്പുകുഴിയിൽ, ശ്രീ. പി. ജെ. അഗസ്റ്റിൻ പരത്തിനാൽ ശ്രീമതി. അന്നമ്മ മൈക്കിൾ വാഴയിൽ, ശ്രീമതി. ആനീ,സ്സ് വർഗ്ഗീസ് എന്നിവർ കമ്മറ്റി അംഗങ്ങളായും ഭരണസമിതി ചുമതലയേറ്റു.

ഈ ഭരണസമിതിയുടെ കാലത്ത് തങ്കമണി ടൗണിലും കാൽവരിമൗണ്ടിലും ഷോപ്പിംഗ് സെന്ററുകളും വെയ്റ്റിംഗ് ഷെഡ്ഡുകളും നിർമ്മിച്ചത്. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണവും ഈ ഭരണസമിതിയുടെ എടുത്തു പറയത്തക്ക മറ്റൊരു നേട്ടമാണ്.



കാമാക്ഷി പഞ്ചായത്തു വക തങ്കമണി വെയിറ്റിംഗ് ഷെഡ് ഉൽഘാടനം ശ്രീ. മാത്യു സ്റ്റീഫൻ M.L.A. നിർവ്വഹിക്കുന്നു.

1994 സെപ്തംബർ 25ന് ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്തീരാജ് നിയമ ത്തിന്റെ പിൻ ബലത്തിൽ നടന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുപ്പിൽ ഈ പഞ്ചായത്തിനെ പത്തു വാർഡുകളായി തിരിക്കുകയും നിലവിലുള്ള ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

നിലവിലുള്ള വാർഡും ഭരണസമിതി അംഗങ്ങളും

വാർഡ് I	കാമാക്ഷി	റെജി തങ്കപ്പൻ കപ്പയ്ക്കൽ
,, II	നെല്ലിപ്പാറ	അപ്പച്ചൻ അയ്യുണ്ണിക്കൽ
,, III	കാൽവരിമൗണ്ട് (വനിതാസംവരണം)	റോസമ്മ തോമസ് മുതുപ്ലാക്കൽ
,, IV	തങ്കമണി (വനിതാസംവരണം)	ജെസ്സി ജോസ് കുന്നേൽ
,, V	പാണ്ടിപ്പാറ	മാത്യു മത്തായി തേക്കമല
,, VI	നീലിവയൽ (വനിതാസംവരണം)	ഷേർളി ജോസഫ് പുന്നത്താനിൽ
,, VII	പ്രകാശ്	M. J. ജോൺ മലമ്പാറയ്ക്കൽ
,, VIII	കുപ്പച്ചാംപടി (വനിതാസംവരണം)	ലിസ്സിയമ്മ തോമസ് പ്ലാത്തറ
,, IX	തങ്കമണി വെസ്റ്റ്	ജോസ് തൈച്ചേരിൽ
,, X	ഉദയഗിരി (പട്ടികജാതി സംവരണം)	ഗംഗാധരൻകുട്ടി കാരപ്പാട്ട്

ഈ ഭരണസമിതി 1995 ഒക്ടോബർ രണ്ടാം തീയതി സത്യപ്രതിജ്ഞ ചെയ്യുകയും പ്രസിഡന്റായി ശ്രീ മാത്യു മത്തായി തേക്കുമലയെയും വൈസ് പ്രസിഡന്റായി ശ്രീ ജോസ് തൈച്ചേരിയെയും തെരഞ്ഞെടുക്കുകയും ചെയ്തു. പഞ്ചായത്തീരാജ് നിയമ പ്രകാരം പുതിയതായി രൂപം കൊണ്ട സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തെരഞ്ഞെടുപ്പിൽ അപ്പച്ചൻ അയ്യുണ്ണിക്കൽ, റെജി തങ്കപൻ, ഗംഗാധരൻകുട്ടി, ലിസ്സിയമ്മ തോമസ്, റോസമ്മ തോമസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയുടെ ചെയർമാനായി ശ്രീ അപ്പച്ചൻ അയ്യുണ്ണിക്കൽ പ്രർത്തിക്കുന്നു.



1995 ഒക്ടോബർ 2 ന് പഞ്ചായത്ത് പ്രസിഡന്റായി മാത്യു മത്തായി സത്യപ്രതിജ്ഞ ചെയ്യുന്നു.

മുൻ പഞ്ചായത്ത് ഭരണസമിതി പ്രസിഡന്റുമാരായിരുന്ന ശ്രീ. പി. വി. ജോസഫ് പാലയ്ക്കൽ, ശ്രീ. എൻ. രാജശേഖരൻനായർ ഇലഞ്ഞിമറ്റം. വൈസ് പ്രസിഡന്റായിരുന്ന ശ്രീ. K. T. വർക്കി കൊല്ലിത്തടം അംഗങ്ങളായിരുന്ന ശ്രീ. K. T. കുട്ടൻ കുറ്റിയ്ക്കൽ , ശ്രീ. P. D. തോമസ് പുതുപ്പറമ്പിൽ എന്നിവരുടെ നിര്യാണത്തിൽ അനുശോചിക്കുകയും അവരുടെ സുത്യർഹമായ സേവനങ്ങളെ അനുസ്മരിക്കുകയും ചെയ്യുന്നു.

സാമൂഹിക സാംസ്കാരിക ചരിത്രം

1959 കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽ പെട്ട മീനച്ചിൽ ചങ്ങനാശ്ശേരി താലൂക്കുകളിൽ നിന്നും എറണാകുളം ജില്ലയിൽ പെട്ട തൊടുപുഴ മൂവാറ്റുപുഴ താലൂക്കുകളിൽ നിന്നും ജീവിതമാർഗ്ഗംതേടി ഭൂരഹിതരായ കർഷകർ കൂട്ടമായി ഈ പ്രദേശത്ത് കുടിയേറിയതോടുകൂടി ഈ പഞ്ചായത്തിന്റെ ചരിത്രം ആരംഭിക്കുന്നു. ഇവിടെ ആളുകൾ കുടിയേറിയപ്പോൾ ഗിരിവർഗ്ഗത്തിൽ പെട്ട മന്നാൻ വിഭാഗക്കാരായ ആളുകളെ ഇവിടെ കാണപ്പെട്ടിരുന്നു. അവരി നിന്നും അറിഞ്ഞിരുന്ന സ്ഥലനാമങ്ങളായ കാമാക്ഷി, പാണ്ടിപ്പാറ, നാലിവയൽ, പ്രകാശ, കരികുംമേട്, കരിക്കുംതോളം, നാരുപാറ, ചട്ടിക്കുഴി, നെല്ലിപ്പാറ, കല്യാണത്തണ്ട്, കുപ്പച്ചാംപടി, ആനക്കുഴി എന്നിവ ഉൾപ്പെടുന്ന പ്രദേശമാണ് കാമാക്ഷി പഞ്ചായത്ത്

വിലപിടിപ്പുള്ള തടികളും ആനക്കൊമ്പ് തുടങ്ങിയ വന സമ്പത്തുക്കളും കടത്തിക്കൊണ്ടു പോകുന്നതിനു വേണ്ടി ആംഗ്ലോ റാവുത്തറുടെ ആളുകൾ വെട്ടിയ പോത്തുവണ്ടികൾക്കു മാത്രം സഞ്ചരിക്കാവുന്ന റോഡുകളും ആനത്താരകളും ആയിരുന്നു ആദ്യകാല യാത്രാസൗകര്യം. കാട്ടുമൃഗങ്ങളിൽ നിന്നും താമസിക്കുന്ന സ്ഥലത്തെ സംരക്ഷിക്കുന്നതിന് ആംഗ്ലോ റാവുത്തറുടെ ആളുകൾ നിർമ്മിച്ച ട്രഞ്ചുകളും അങ്ങിങ്ങ് കാണാമായിരുന്നു.

ഇവിടുത്തെ കുടിയേറ്റത്തിന്റെ ആരംഭകാല ഘട്ടം സംഘർഷപൂരിതമായിരുന്നു. കാരണം എൻക്രോച്ചും മേൽ എൻക്രോച്ചും നടത്തി ആളുകൾ ഭൂമിക്കുവേണ്ടി ബലപരീക്ഷണം നടത്തിയിരുന്നു. അയ്യപ്പൻ കോവിൽ വഴിയും ഉടുമ്പന്നൂർ വാഴത്തോപ്പു വഴിയും, ചുമടുകളും കൈക്കുഞ്ഞുങ്ങളുമായും ദിവസങ്ങളോളം ഘോരവനത്തിൽ കൂടി യാത്ര ചെയ്ത് എത്തിയ കർഷകർക്ക് കാട്ടുമൃഗങ്ങളുടെ ഉപദ്രവത്തിൽ നിന്നും രക്ഷ നേടാൻ വലിയ മരങ്ങളുടെയും ഇല്ലിക്കൂട്ടങ്ങളുടെയും മുകളിൽ ഏറുമാടം കെട്ടി പാർക്കേണ്ടി വന്നിട്ടുണ്ട്. ഈ ഏറുമാടങ്ങളിൽ താമസിച്ചുകൊണ്ട് ഇല്ലിക്കാനം, ഈറ്റക്കാനം, പുല്ലുമേടുകൾ എന്നിവ വെട്ടിത്തെളിച്ച് ആദ്യമായി നെല്ലും കപ്പയും കൃഷി ചെയ്തു. കൃഷിഭൂമിയിൽ പണിയുവാൻ കൂലിക്ക് ആളെ വയ്ക്കുവാൻ കഴിവില്ലാത്ത കർഷകർ മറ്റാൾ പണിയാണ് നടത്തിപ്പോന്നത്. ഈ മറ്റാൾ പണി സമ്പ്രദായം കൊണ്ട് ആളുകളുടെ ഇടയിൽ കൂട്ടായ്മ വർദ്ധിച്ചു. കൃഷികൾ നശിപ്പിക്കാനെത്തുന്ന കാട്ടുമൃഗങ്ങളെ അകറ്റി നിർത്താൻ രാത്രികാലങ്ങളിൽ ആഴി കൂട്ടിയും പടക്കങ്ങൾ പൊട്ടിച്ചും കാവലിരുന്നു നേരം വെളുപ്പിച്ചവരാണ് ഇവിടുത്തെ കുടിയേറ്റകർഷകർ.

ഇവിടുത്തെ കൃഷിക്കാരുടെ കഠിനാധ്വാനം കൊണ്ട് ഭക്ഷ്യവസ്തുക്കൾ സമൃദ്ധമായി വിളയിച്ച് പത്തായങ്ങളും കളപ്പുരകളും നിറഞ്ഞു കവിഞ്ഞ

പ്പോൾ, ഗണ്യമായ വില കിട്ടിയില്ലെങ്കിലും കർഷകന്റെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. ആ ഓർമ്മകൾ ഇന്നും കുടിയേറ്റകർഷകന്റെ മരവിച്ച മനസ്സിനെ പച്ച പിടിപ്പിച്ചു നിർത്തുന്നു.

ഈ കാലഘട്ടത്തിൽ തന്നെ ഹൈറേഞ്ചിൽ കുടിയിറക്കാനുള്ള നീക്കം ആരംഭിക്കുകയും ചില സ്ഥലങ്ങളിൽ കുടിയിറക്കു നടക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസം മറന്ന് ഏകമനസ്സോടെ ഒന്നിച്ച് കുടി യിറക്കിനെതിരായി ശ്രീ. O. V. ലൂക്കോസിന്റെ (ഹൈറേഞ്ച് കർഷകയൂണിയന്റെ) നേതൃത്വത്തിൽ കുടിയിറക്കിനെ ചെറുത്തു നിൽക്കുന്നതിനുവേണ്ടി ഈ പ്രദേശത്തെ കുടിയേറ്റ കർഷകരൊത്തൊരുമ യോടെ പ്രവർത്തിച്ചു.

1962ൽ ബഹുമാനപ്പെട്ട ഫാദർ വടക്കന്റെ നേതൃത്വത്തിൽ യശഃ ശരീരനായ ശ്രീ. ജോൺ മാഞ്ഞൂരാൻ, ശ്രീ. ബി. വില്ലിംഗ്ടൺ, ഫാ. ജയിംസ് വെട്ടിക്കാടൻ, ശ്രീ. ജെ.സി. പെരുമന, വരകപ്പള്ളി കൊച്ചമ്മാവൻ, ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ, അഡ്വ. എം. എം. തോമസ്, ശ്രീ. എസ്. വിളക്കുന്നേൽ ശ്രീ. കെ. എം. ചാക്കോ കൊറക്കുന്നേൽ, ശ്രീ. ദേവസ്യാച്ചൻ പൂമറ്റം എന്നിവരോടൊപ്പം ഈ പ്രദേശത്തെ കുടിയേറ്റക്കാരായ ശ്രീ. ആഗസ്തി മണ്ണാംപറമ്പിൽ, ശ്രീ. വർക്കി കുഴിപ്പള്ളിൽ, ശ്രീ കുഞ്ഞാപ്പൻ അരീക്കത്താഴെ, ശ്രീ. കുഞ്ഞാപ്പൻ പുത്തേട്ട് , ശ്രീ. മാത്യു മത്തായി തേക്കമല, ശ്രീ. ജോൺതോമസ് മൂലേപ്പറമ്പിൽ, ശ്രീ. കെ. ജെ. തോമസ് കൊല്ലംപറമ്പിൽ, ശ്രീ. തൈച്ചേരി കുട്ടിച്ചേട്ടൻ, ശ്രീ. പവ്വത്ത് അപ്പൻ, ശ്രീ. എം. റ്റി. തോമസ് മൂലേച്ചാലിൽ എന്നിവർ നേതൃത്വം കൊടു ത്ത് അയ്യപ്പൻ കോവിലിൽ നടന്ന കുടിയിറക്കിനെ തിരെ ആയിരക്കണക്കിനാളുകളെ സംഘടിപ്പിച്ച് സമരം നടത്തി.

അമരാവതിയിൽ നടന്ന സ. ഏ. കെ. ജി. യുടെ ഐതിഹാസികമായ നിരാഹാര സത്യാഗ്രഹ ത്തിന് ഈ പ്രദേശത്തുകാർ സർവ്വ വിധ പിന്തുണ യും നൽകി. 1964ൽ നടന്ന ചുരുളികീരിത്തോട്ട് സമര ത്തിലും ഈ പ്രദേശത്തുകാർ സർവ്വ വിധമായ സഹകരണം നൽകി. ചുരുളികീരിത്തോട്ട് സമരത്തോ ടനുബന്ധിച്ച് ശ്രീ. എ. കെ. ഗോപാലൻ വാഴത്തോ പ്പിൽ നടത്തിയ നിരാഹാരത്തിലും ഇവിടുത്തെ കർഷകർ ആത്മാർത്ഥമായി സഹകരിച്ചു. കുടിയിറ ക്കിനെതിരെയുള്ള സമരങ്ങൾ ശക്തിപ്പെട്ടപ്പോൾ ഇന്ത്യൻ പാർലമെന്റിലെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. എ. കെ. ഗോപാലൻ ഇന്ത്യൻ പാർലമെന്റിലവത രിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഗവൺ മെന്റ് മാത്യു മണിയങ്ങാടൻ ചെയർമാനായുള്ള പാർല മെന്ററി കമ്മറ്റിയെ കുടിയേറ്റ പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി. ഈ കമ്മറ്റിക്ക് ഈ പ്രദേശങ്ങൾ സന്ദർശിക്കുവാൻ യാത്രാസൗകര്യമില്ലാതിരുന്നതുകൊണ്ട് അദ്ധ്വാനശീല രായ ഇവിടുത്തെ കർഷകർ ആയിരക്കണക്കിനാളു കളെ സംഘടിപ്പിച്ച് രാവും പകലും ഒരുപോലെ പണി ചെയ്ത് ഒരാഴ്ചക്കാലം കൊണ്ട് ഇടുക്കി മുതൽ ഉപ്പുകണ്ടം വരെ റോഡു നിർമ്മിച്ച് ജീപ്പ് സഞ്ചരിക്കുവാനുള്ള സൗകര്യമുണ്ടാക്കി. മാത്യു മണിയങ്ങാടൻ കമ്മറ്റിയെ ഈ പ്രദേശത്തെക്കുറിച്ച് റിപ്പോർട്ടു തയ്യാറാക്കാൻ കോതമംഗലം രൂപതയുടെ ദിവംഗതനായ മാർ മാത്യു പോത്തനാംമൂഴി തിരു മേനിയും രൂപതാ സെക്രട്ടറി ഫാ. ജോൺ വള്ളവറ്റ വും നിസ്തുലമായ പങ്ക് വഹിച്ചു.

മാത്യു മണിയങ്ങാടൻ കമ്മറ്റിയുടെ റിപ്പോർട്ടു സമർപ്പണത്തിനുശേഷം കർഷകന്റെ കൈവശഭൂമിക്കു പട്ടയം നൽകണമെന്ന ആവശ്യം മലയോരങ്ങളിൽ ശക്തിപ്പെടുകയും ഗവൺമെന്റ് പട്ടയം നൽകുന്ന തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എങ്കിലും നാമമാത്രമായ കർഷകർക്കു മാത്രമേ പട്ടയം ലഭിച്ചിട്ടുള്ളു. കൃഷിക്കാർക്കു മുഴുവൻ പട്ടയം ലഭിക്കു ന്നതിനുള്ള സമരം തുടർന്നു കൊണ്ടിരിക്കുകയാണ്. തുടർന്ന് കർഷകൻ കൃഷി ചെയ്ത നാണ്യവുളകൾ ക്കുണ്ടായ മാരക രോഗങ്ങളാലും പ്രകൃതിക്ഷോഭം മൂലവുംമണ്ണൊലിപ്പ് മൂലം വളമണ്ണ് ഒഴുകിപ്പോയതി നാലും കൃഷി ആദായകരമല്ലാതാവുകയും വിളകളുടെ വിലയിടിവു മൂലം കാർഷികമേഖല തകിടം മറിയു കയും ചെയ്തപ്പോൾ കർഷകരുടെ ബാദ്ധ്യത വർദ്ധി ക്കുകയും കൃഷിക്കാരുടെ പ്രതീക്ഷകൾ തകർ ന്നടിയുകയും ചെയ്തു. ഇതിനെ അതിജീവിക്കുവാൻ കർഷകന്റെ ഉരുക്കു മുഷ്ടിക്കും മനസ്സിനും ഇന്നും കഴിഞ്ഞിട്ടില്ല. കാർഷിക മേഖല തകർന്നടിഞ്ഞപ്പോൾ കൃഷികൾ പുനരുദ്ധരികുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ സർക്കാരിൽ നിന്നോ ദേശവൽകൃത ബാങ്കുകളിൽ നിന്നോ സഹകരണബാങ്കുകളിൽ നിന്നോ കൃഷിക്കാരന് യഥാ സമയം ലഭിക്കാത്തതുകൊണ്ട് കടക്കെണിയിൽ മുങ്ങിത്താണു കൊണ്ടിരിക്കുകയാണ്.

ഈ സമയത്ത് കൂനിന്മേൽ കുരു എന്നതുപോ ലെയാണ് തങ്കമണി ഗ്രാമത്തെ ആകമാനം നടുക്കി

ക്കൊണ്ട് 1986 ഒക്ടോബർ 22-ന് തങ്കമണിയിൽ പോലീസ് വെടിവയ്പ്പ് നടന്നത്. വെടി വയ്പിനെ ന്യായീകരിക്കാൻ പോലീസു നടത്തിയ അതിക്രമങ്ങൾ സമീപകാലത്തെ ഏറ്റവും കിരാതമായ കടന്നാക്രമണമാണ്. വെടി വയ്പിൽ ശ്രീ. കോഴിമല അവറാച്ചൻ കൊല്ലപ്പെടുകയും ഒരു കാൽ മാത്രമുണ്ടായിരുന്ന ഉടുമ്പക്കൽ പേരപ്പന്റെ (മാത്യു) കാലിൽ വെടിയേറ്റു തകർന്നു. തങ്കമണി ഗ്രാമത്തെ ഒന്നാകെ വേട്ടയാടുവാൻ നടത്തിയ പോലീസു ധാർഷ്ഠ്യത്തെ നേരിടുവാൻ തങ്കമണി ഗ്രാമവാസികൾ ഒറ്റക്കെട്ടായി പോരാടിയപ്പോൾ പ്രബുദ്ധകേരളം ഈ ഗ്രാമത്തോടൊപ്പമായിരുന്നു എന്നത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഈ ചെറുത്തു നില്പും പോലീസിനെതിരായി നിയമപരമായ പോരാട്ടങ്ങളും ഇത്തരം അതിക്രമങ്ങൾ ഒരു ഗ്രാമത്തോടും നടത്താൻ പോലീസു തയ്യാറാകാനിടയില്ലാത്ത രൂപത്തിലുള്ള അനുഭവമാക്കി മാറ്റിയിട്ടുണ്ട്.

സാമ്പത്തികപരമായി തകർന്നടിഞ്ഞ കർഷകർ അധിവസിക്കുന്ന ഈ പഞ്ചായത്ത് ഇടുക്കി ജില്ലയിലെ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽകുന്ന വചായത്താണ്. സർക്കാർ ഗ്രാന്റിനെ ആശ്രയിച്ചു മാത്രമാണ് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. സമഗ്രവും ആസൂത്രിതവുമായ കാർഷിക വികസന പ്രവർത്തനങ്ങൾ കൊണ്ട് മാത്രമേ ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവവാരം ഉയർത്തുന്നതിനും സാദ്ധയമാവുകയുള്ളു.

ഈ പഞ്ചായത്തിന്റെ നാനോന്മുഖമായ വളർച്ചയ്ക്ക് ഈ പ്രദേശത്ത് കാലാകാലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അഭിവന്ദ്യരായ വൈദികരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

ഈ പഞ്ചായത്തിലെ നിലവിലുള്ള പ്രധാന പ്രശ്നങ്ങൾ കാർഷിക മേഖലയുടെ തകർച്ചയും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും, കുടിവെള്ള ക്ഷാമവുമാണ്.

പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

1. കാമാക്ഷി ഗവഃ പ്രൈമറി ഹെൽത്ത് സെന്റർ
2. തങ്കമണി മൃഗാശുപത്രി
3. തങ്കമണി വില്ലേജ് ആഫീസ്
4. തങ്കമണി കൃഷി ഭവൻ
5. ഹെൽത്ത് സബ് സെന്റർ 4 എണ്ണം
6. ബ്രാഞ്ചു പോസ്റ്റോഫീസ് 7 ,,
7. ടെലഫോൺ എക്സ്ചേഞ്ച് 1 ,,
8. ഹൈസ്കൂളുകൾ 2 ,,
9. യു. പി. സ്കൂൾ 4 ,,
10. എൽ. പി. സ്കൂൾ 4 ,,
11. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് 2 ,,
12. അഗ്രിക്കൽച്ചറൽ ഡെമോൺസ്ട്രേഷൻ ആഫീസ് 1 ,,

ഭൂപ്രകൃതി

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 7898 ഏക്കർ

ഭൂപ്രകൃതിയെ നാലായി തരംതിരിച്ചിരിക്കുന്നു.

1. പാറപുറംപോക്കും തരിശുഭൂമിയും 898 ഏക്കർ
2. പുൽമേട് 2500 ഏക്കർ
3. ചരിവ് പ്രദേശങ്ങൾ 3000 ഏക്കർ
4. സമതല പ്രദേശങ്ങൾ 1500 ഏക്കർ

ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ കല്യാണത്തണ്ട് സമുദ്രനിരപ്പിൽ നിന്നും 3645 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിൽ വിവിധ മേഖലകളിൽ ഉയർന്ന മലകളായതിനാൽ കുടിവെള്ള ക്ഷാമമാണ്.

ഇവിടുത്തെ പ്രധാന കൃഷികൾ

കുരുമുളക്, കാപ്പി, കൊക്കോ, തെങ്ങ്, കമുക്, ജാതിഗ്രാമ്പു, ഏലം, തേയില മുതലായ നാണ്യവിളകളും ഇഞ്ചി, കപ്പ, വാഴ പച്ചക്കറി മുതലായ ഹ്യസ്വകാല കൃഷികളും വിളകളും ഈ പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നു.


ഈ പഞ്ചായത്തിലെ പ്രധാന തോടുകൾ

1. പാറക്കടവ് കൂട്ടക്കല്ലുതോട്
2. 9-ാം മൈൽ, വാഴവരതോട്.
3. നീലിവയൽ ഇരുകൂട്ടിതോട്.
4. തങ്കമണി പാണ്ടിപ്പാറതോട്
5. തങ്കമണി, കാമാക്ഷി, പാറക്കടവ് തോട്.
6. തങ്കമണി കരിക്കുംതോളം തോട്

കാമാക്ഷി ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ റിപ്പോർട്ട്

ജനകീയാസൂത്രണത്തിന് ജില്ലാ പരിശീലനം ലഭിച്ച പഞ്ചായത്തു മെമ്പറന്മാരുടെയും D.R.P മാരുടെയും യോഗം 15-9-96-ൽ പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ പ്രസിഡണ്ട് ശ്രീ മാത്യു മത്തായി തേക്കമലയുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ തോമസ് ഉദ്ഘാടനം ചെയ്തു. ജനകീയാസൂത്രണത്തിന്റെ പഞ്ചായത്തുതല ഒന്നാം ഘട്ട പരിശീലനസെമിനാർ 18-9-96-ൽ കമ്മ്യൂണിറ്റി ഹാളിൽ കൂടുവാൻ തീരുമാനിച്ചു. ഈ പരിശീലന പരിപാടിയിൽ എല്ലാ രാഷ്ട്രീയ സാമുദായിക- സാംസ്കാരിക, സാമൂഹിക സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ പ്രത്യേകം ക്ഷണിച്ചുകൊണ്ട് പ്രസ്തുത പരിപാടി നടത്തുവാൻ തീരുമാനിച്ചു.

18-9-96-ൽ പഞ്ചായത്ത് തലത്തിൽ നടന്ന ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടപരിശീലന സെമിനാറിൽ 170 പ്രതിനിധികൾ പങ്കെടുത്തു. ആ ക്യാമ്പിൽ ജില്ലാ തലത്തിൽ പരിശീലനം ലഭിച്ച റവ. ഫാ. ജോൺമുണ്ടയ്ക്കൽ, ഗംഗാധരൻകുട്ടി, ജോസഫ് മാണി, കെ. എ. ചാക്കോ, പി. സി. ചാക്കോ, ജോൺതോമസ്, പി. വി. ജോസഫ് ,



ഒന്നാം ഘട്ട ജനകീയാസൂത്രണ പരിപാടിയുടെ പഞ്ചായത്തുതല പരിശീലന സെമിനാറിൽ പഞ്ചായത്ത് പ്രസിഡന്റ് അഗസ്റ്റിൻ തോമസ്, പഞ്ചാ. വൈസ് പ്രസിഡന്റ് ജോസ് തൈച്ചേരി, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അപ്പച്ചൻ അച്ചുണ്ടിക്കൽ, പഞ്ചായത്ത് മെമ്പർമാരായ റെജി തങ്കപ്പൻ, റോസമ്മ തോമസ്, ലിസമ്മ തോമസ്, ഷേർളി ജോസഫ്, D.R.P. മാരായ ഫാ. ജോൺ മുണ്ടക്കൽ, ജോൺ തോമസ്, പി. സി. ചാക്കോ, കെ. എ. ചോക്കോ, കെ. വി. വർഗീസ് എന്നിവർ തോമസ് കുഴിപ്പിള്ളിൽ എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നയിച്ചു. അതേ ദിവസംതന്നെ ഗ്രാമസഭകൾ 6-10-96 ന് മുമ്പായി കൂടുവാൻ തീരുമാനിച്ചു. വിവിധ ഗ്രാമസഭകളുടെ വിശദവിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഗവൺമെൻറ് നിർദ്ദേശപ്രകാരം നവംബർ ഒന്നിന് നടത്തേണ്ട പുനരർപ്പണദിനപരിപാടി നല്ല രീതിയിൽ നടത്തുന്നതിന് ഒക്ടോബർ 28ന് കൂടിയ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചു. നവംബർ 1-ന് പഞ്ചായത്ത് ടൗൺ ശുചീകരണവും മാർക്കറ്റ് റോഡ് പുനരുദ്ധാരണവും പഞ്ചായത്ത് പ്രസിഡൻറ് ശ്രീ മാത്യു മത്തായി തേക്കമല ഉൽഘാടനം ചെയ്യുകയും പഞ്ചായത്തു മെമ്പറന്മാരുടെയും D.R.P മാരുടെയും നേതൃത്വത്തിൽ നൂറുകണക്കിനാളുകൾ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.



നവംബർ 1-ന് പുനരർപ്പണദിനത്തിൽ നടത്തിയ ടൗൺ ശുചീകരണ പരിപാടി പ്രസിഡന്റ് മാത്യു മത്തായി തെക്കേമല ഉൽഘാടനം ചെയ്യുന്നു. വൈസ് പ്രസിഡന്റ് ജോസ് തൈച്ചേരി പഞ്ചായത്ത് മെംമ്പർമാരായ റെജി. D. R. P മാരായ ജോൺ തോമസ്, സി. വി. വറുഗീസ്, സ്കറിയാ കിഴക്കേൽ. കുഞ്ഞുകുട്ടി മണ്ണാൻപറമ്പിൽ എന്നിവർ സമീപം.

നവംബർ മാസം 5,6,7 തീയതികളിൽ തടിയമ്പാട് കമ്മ്യൂണിറ്റിഹാളിൽ വച്ചു നടന്ന ജില്ലാപരിശീലന രണ്ടാം ഘട്ട ക്യാമ്പിൽ പഞ്ചായത്തു മെമ്പറന്മാരും D.R.P. മാരും പങ്കെടുത്തു.

ജോസ് തൈക്കച്ചേരി.
(വൈസ് പ്രസി.)

അപ്പച്ചൻ അയ്യുണ്ണിക്കൽ
(സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ)

ജോൺ തോമസ്,
കെ. എ. ചാക്കോ,
കെ. വി. ജോസഫ്(സെക്രട്ടറി)
ദേവസ്യാ ജോസഫ്
വലിയകുളംL.R.P

17-11-96-ൽ കാമാക്ഷിപഞ്ചായത്തുതല പഠനപര്യടന പരിപാടി നടത്തി. ഈ പരിപാടിയിൽ പഞ്ചാ. പ്രസിഡൻറ് മാത്യു മത്തായി തേക്കുമല യുടെ നേതൃത്വത്തിൽ വൈസ് പ്രസിഡണ്ട് ജോസ് തൈച്ചേരി, പഞ്ചായത്ത് മെമ്പർ റോസമ്മ തോമസ് D.R.P മാരായ ജോസഫ് പുന്നത്താനി, ജോസഫ് മാണി, ടോമി ജോസഫ് കൂത്രപ്പള്ളി, ഇ.വി. ജോസഫ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ.എ മാത്യു, ജോണി ജോസഫ്, അസിസ്റ്റൻറ് കൃഷി ഓഫീസർ, സജീവൻ, ഈപ്പച്ചൻ കിഴക്കയിൽ, സ്കറിയാ കിഴക്കേൽ, കെ. എ. ചാക്കോ, ഗ്രമപഞ്ചായത്ത് സെക്രട്ടറി, കെ.വി. ജോസഫ് എന്നിവർ പങ്കെടുത്തു. സംഘം കല്യാണ ആണ്ട് മുതൽ പ്രകാശ് വരെ പഞ്ചായത്തിനു നെടുകയും കുറുകെയുമായി പഠനപര്യടനം നടത്തി വിശദമായി റിപ്പോർട്ട് നല്കി. 25-11-96-ൽ കൂടിയ പഞ്ചായത്തു കമ്മറ്റി പഞ്ചായത്തു വികസനറിപ്പോർട്ട് ഏകകണ്ഠമായി പാസ്സാക്കി. 21-12-96-ൽ കാമാക്ഷി ഗ്രാമപഞ്ചായത്തിൻെറ ജനകീയ ആസൂത്രണത്തിൻെറ ഭാഗമായി വികസന സെമിനാർ തങ്കമണി സെൻറ്. തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കൂടുവാൻ തീരുമാനിച്ചു.

കാമാക്ഷി ഗ്രാമപഞ്ചായത്ത്
വിവിധവാർഡുകളിലെ ഗ്രാമസഭാ വിവരങ്ങൾ

വാർഡ്	ഗ്രാമസഭകൾ കൂടിയ സ്ഥലം	തീയതി	പങ്കെടുത്തവർ		ആകെ
			പുരുഷന്മാർ	സ്ത്രീകൾ	
1	2	3	4	5	6
I	Govt. U.P.S തങ്കമണി കാമാക്ഷി	29-9-1996	150	25	175
II	സെൻറ്സേവ്യേഴ്സ് L.P.സ്കൂൾ നെല്ലിപ്പാറ	2-10-1996	87	46	143
III	കാൽവരി യു.പി.സ്കൂൾ, കാൽവരിമൗണ്ട്	29-9-1996	159	30	189
IV	പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ	6-10-1996	110	40	150
V	സെൻറ് ജോസഫ്സ്. യു.പി. സ്കൂൾ പാണ്ടിപ്പാറ	6-10-96	184	28	212
VI	താഴത്തുനിലിവയൽ	6-10-1996	120	40	160
VII	സെൻറ്. മേരീസ് യു.പി. സ്കൂർ ഉദയഗിരി	2-10-1996	211	100	311
VIII	മേരിഗിരി സ്കൂൾ	29-9-1996	75	15	90
IX	പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ	22-91996	160	30	190
X	സെൻറ്. ജോർജ്മൗണ്ട്	22-9-1996	130	39	169

11-11.96ൽ കാമാക്ഷി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽവെച്ച് ജനകീയ ആസൂത്രണ രണ്ടാംഘട്ട പരിശീലന സെമിനാർ നടത്തി പ്രസ്തുത സെമിനാറിൽ K.R.P. P.J, വർഗീസ്, രവീന്ദ്രനാഥ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ഈ സെമിനാറിൽ അംഗൻവാടി അദ്ധ്യാപികമാരും മഹിളാസമാജം, ഭാരവാഹികളും, പഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂൾ ഹെഡ്മാസ്റ്റർമാരും D.R.P.മാരും L.R.P മാരും പങ്കെടുത്തു.

പരിശീലനക്യാമ്പിനുശേഷം കാമാക്ഷിപഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഗ്രൂപ്പുകളുടെ യോഗം ചേരുകയും കോർഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത ഗ്രാമസഭാ പ്രതിനിധികളെ നവംബർ 15 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ വിളിച്ചു കൂട്ടി ഓരോ വിഷയങ്ങളും 24 പേരടങ്ങുന്ന ഗ്രാമസഭാ പ്രതിനിധികൾ കൂടി ഗ്രാമസഭാ നിർദ്ദേശങ്ങൾ വിശദമായി ചർച്ചചെയ്തു പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് തയാറാക്കുന്നതിനാവശ്യമായ രൂപരേഖ തയാറാക്കി. വിഷയങ്ങൾ ചർച്ചചെയ്തു റിപ്പോർട്ടു ക്രോഡീകരിക്കുന്നതിനുവേണ്ടി രൂപീകരിച്ച കോർഗ്രൂപ്പുകളുടെ ചുമതലപ്പെടുത്തിയവരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

വിഷയം	കോർഗ്രൂപ്പുയോഗം
1. കൃഷി, ജലസേചനം:	ജോസ് തൈച്ചേരി (വൈസ്പ്രസിഡണ്ട്), പി.ജെ. ജെക്കബ്. D.R.P രാജു കണ്ണങ്കോട്ട് D.R.P ദേവസ്യ ജോസഫ് വലിയകുളL.R.P മാത്യു വാഴയിൽ L.R.P
2. മൃഗസംരക്ഷണം മത്സ്യബന്ധനം	: റോസമ്മ തോമസ് (പഞ്ചാ. മെമ്പർ) പി.സി. ചാക്കോ D.R.P, ടോമി ഐപ്പൻപറമ്പിൽ D.R.P
3. വിദ്യാഭ്യാസം	: എം.ജെ. ജോൺ(പഞ്ച.മെമ്പർ) ബിജു. ടി. എൻ. നെടുഞ്ചേരിൽD.RP
4. കുടിവെള്ളവും, പൊതുജനാരാഗ്യവും:	ജാസ് തൈച്ചേരി, ജെസ്സി ജോസ്, റോമിയോ സെബാസ്റ്റ്യൻ, C.A. അഗസ്റ്റിൻ ചാലപ്പാട്ട്, ബിജു. ടി.എൻ. നെടുഞ്ചേരിൽ, കെ.ജെ. മാത്യു കൊല്ലിത്തടത്തിൽ
5. വ്യവസായം	: അപ്പച്ചൻ അയ്യുണ്ണിയ്ക്കൽ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ), കെ.എ. ചാക്കോ D.R.P, ജോസഫ് മാണിD.R.P പി.ടി. ജോർജ് പഴനിലം D.R.P
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	: ലിസിയാമ്മ തോമസ് (പഞ്ച.മെമ്പർ), വി.ടി ജയിംസ്. D.R.P
7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം	: റെജി തങ്കപ്പൻ (പഞ്ചാ.മെമ്പർ), ജോൺ തോമസ് D.R.P, ജോസഫ് മാണി പുന്നോലി D.R.P
8. സംസ്കാരം	: ജെസ്സിജോസ് (പഞ്ചാ. മെമ്പർ) ഫാ. ജോൺ മുണ്ടയ്ക്കൽ, സി.എ അഗസ്റ്റിൻ ചാലപ്പാട്ട്.
9. വനിതാക്ഷേമം	: ഷേർലി ജോസഫ് (പഞ്ചാ. മെമ്പർ.), ബിജു. ടി. എൻ. നെടുഞ്ചേരിൽ
10. സഹകരണം	: എം.ജെ. ജോൺ (പഞ്ചാ.മെമ്പർ) പി.വി. ജോസഫ് പുന്നത്താനി. D.R.P
11. പട്ടിക ജാതി, പട്ടിക വർഗ്ഗക്ഷേമം	: ഗംഗാധരൻകുട്ടി. (പഞ്ചാ. മെമ്പർ), തോമസ് കുഴിപ്പിള്ളി
12. വിഭവസമാഹരണം	: മാത്യുമത്തായി. തേക്കുമല (പഞ്ചാ. പ്രസി.)

കൃഷിയും ജലസേചനവും

ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിയൊമ്പത് അറുപത് കാലഘട്ടങ്ങളിൽ കോട്ടയം ജില്ലയിലെ മിനച്ചിൽ താലൂക്ക്, ചങ്ങനാശേരി താലൂക്ക്, തൊടുപുഴ താലൂക്ക് എന്നിവിടങ്ങളിൽ നിന്നും കുടിയേറിയ കർഷകരാണ് ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും യാത്രാസൗകര്യം ഒട്ടുംതന്നെയില്ലാതിരുന്ന അക്കാലത്ത് അയ്യപ്പൻ കോവിൽ നിന്നും തൊടുപുഴയിൽ നിന്നും ഒക്കെ കാൽനടയായി കാട്ടുപതയിലൂടെ കാട്ടുമൃഗങ്ങളുടെ ഭീഷണിയെ നേരിട്ടുകൊണ്ടാണ് കർഷകർ ഈ പ്രദേശത്ത് എത്തിയത്. ഇവിടെ കുടുംബങ്ങളായി എത്തിയ കർഷകർക്ക് ആദ്യകാലഘട്ടങ്ങളിൽ അനവധി വൈതരണികളെ നേരിടേണ്ടിവന്നിട്ടുണ്ട്. ഒന്നാമതായി പാർപ്പിടമോ, ഭക്ഷണമോ ഇല്ലാതിരുന്ന അവസ്ഥയിൽ വന്യമൃഗങ്ങളെ ഭയന്ന് ഏറുമാടങ്ങളിൽ അന്തിയുറങ്ങുകയും അതോടൊപ്പം യാതൊരു ചികിത്സാ സൗകര്യങ്ങളും ഇല്ലാതിരുന്ന അക്കാലത്ത് പല രോഗങ്ങളും അവനെ വേട്ടയാടി. വന്യമൃഗങ്ങളായ ആന, കാട്ടുപോത്ത്, കരടി, കാട്ടുപന്നി, കടുവ എന്നിവയുടെ ആക്രമണങ്ങളും അവന്റെ ശരീരത്തെയും മനസിനെയും തളർത്തിയപ്പോഴും കൃഷിയോടുള്ള അഭിവാഞ്ച ഈ കുടിയേറ്റ പ്രദേശത്ത് പിടിച്ചു നിൽക്കുവാൻ അവനെ പ്രേരിപ്പിക്കുയായിരുന്നു. ശാസത്രീയമായ കൃഷിരീതികൾ ഒന്നും വശമില്ലാതിരുന്ന അക്കാലത്ത് പുതുമണ്ണിൽ നൂറുമേനി വിളയിക്കുവാൻ സാഹസീകനായ കർഷകന് അന്ന് സാധിച്ചിരുന്നു. ഫലഭൂയിഷ്ടമായ മണ്ണും അനുകൂലമായ കാലവസ്ഥയും ഇതിന് പ്രേരകഘടകങ്ങളായിരുന്നു.

ആദ്യകാലത്ത് പ്രധാന കൃഷികളായ നെല്ലും, മരച്ചീനിയും, പഞ്ഞപ്പുല്ലും, ചോളം മെയിസ് ഇവധാരാളമായി ഉൽപ്പാദിപ്പിച്ചത്കൊണ്ട് പട്ടിണി ഇല്ലാതെ ജീവിക്കുവിൻ കഴിഞ്ഞു. പിന്നീട് നാണ്യവിളകളുടെ കൃഷിയിലേക്ക് ഇവിടുത്തെ കർഷകർ ശ്രദ്ധചെലുത്തിതുടങ്ങി, പ്രധാനവിളകൾ കുരുമുളക്, തെങ്ങ്, കാപ്പി, ഏലം, കമുക് ഇവയായിരുന്നു. ഇക്കാലമായപ്പോഴേക്കും കുടിയിറക്ക് ഭീഷണി ആരംഭിച്ചിരിക്കുന്നു. ഫാ: വടക്കൻ, ജോൺമാഞ്ഞൂരാൻ, കെ.റ്റി. ജേക്കബ്, ബില്ലിംഗ്ടൺ, അഡ്വ: എം.എം. തോമസ് എന്നിവർ കുടിയിറക്കിനെതിരെ നടത്തി ധീരോദാത്തമായ സമരങ്ങൾ എന്നും സ്മരണീയമാണ്. ആ സമരങ്ങൾ കർഷകർക്ക് കുടിയിറക്കിനെ നേരിടുവാൻ സഹായകമായി. ആ കാലത്ത് കൃഷിയിൽ നിന്നു നല്ല രീതിയിൽ ആദായം ലഭിച്ചിരുന്നു എങ്കിലും വിപണനസൗകര്യത്തിന്റെ അപര്യാപ്തതയും ഗതാഗതസൗകര്യത്തിന്റെ കുറവും മൂലം ഉൽപ്പന്നങ്ങൾക്ക് ശരിയായ വില ലഭിച്ചിരുന്നില്ല. ഇത് കൃഷിക്കാരന്റെ സാമ്പത്തികപുരോഗതിയെ പ്രതികൂലമായി ബാധിച്ചിരുന്നു. തുടർന്ന് പ്രകൃതിയിൽ ഉണ്ടായ മാറ്റങ്ങൾ കൃഷിയെ ബാധിക്കുകയും അതോടൊപ്പം പഞ്ചായത്തിലെ കൃഷിഭൂമിയിൽ 95% ചെരിവു പ്രദേശമായതിനാൽ മണ്ണൊലിപ്പ് മൂലം കൃഷിയിടത്തിന്റെ ഫലഭൂയഷ്ഠത നഷ്ടപ്പെടുകയും ചെയ്തു. ഇക്കാരണത്താൽ കൃഷി പരാജയപ്പെടുകയായിരുന്നു. കാർഷികപുനഃരുദ്ധാരണ പദ്ധതികൾ പലതും കൃഷിഭവൻ വഴി നടപ്പിലാക്കിയെങ്കിലും പദ്ധതികൾ പലതും പരാജയപ്പെടുകയാണുണ്ടായത്. ഗുണനിലവാരമില്ലാത്ത വളങ്ങളും, നടീൽ വസ്തുക്കളും അസമയത്തുള്ള വിതരണവുമാണ് ഈ പരാജയത്തിന് കാരണം. കാർഷിക പുനരുദ്ധാരണത്തിന് വേണ്ടി ഈ പഞ്ചായത്തിൽ അടിസ്ഥാനപരമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു തുടങ്ങേണ്ടിയിരിക്കുന്നു. 1995-96 വർഷത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നാലു കാർഷിക സെമിനാറുകൾ നടത്തുകയുണ്ടായി. 1500 തേക്കിൻ തൈകൾ വിതരണം നടത്തുകയുണ്ടായി.

നിർദ്ദേശങ്ങൾ

I. മണ്ണൊലിപ്പ് നിവാരണം

a. പഞ്ചായത്തിലെ എല്ലാ വർഡിലും കല്ല് ലഭ്യമായ സ്ഥലങ്ങളിൽ കല്ല് കയ്യാലകൾ കർഷകന്റെ സഹകരണത്തോടെ പഞ്ചായത്തിന്റെ ധനഃസഹായത്തോടുകൂടി നിർമ്മിക്കുക. കല്ല് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മൺ കയ്യാലകൾ നിർമ്മിക്കുക.

b. നീർമറി പദ്ധതി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാക്കുക. കാർഷിക വനവൽക്കരണം നടപ്പിലാക്കുക.

II. മണ്ണ് പരിശോധന

a. പഞ്ചായത്ത് ആസ്ഥാനത്ത് മണ്ണ് പരിശോധനാകേന്ദ്രം സ്ഥാപിച്ച് പഞ്ചായത്തിലെ മുഴുവൻ കൃഷിയിടങ്ങളിലേക്കും മണ്ണ് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

b. എല്ലാ കർഷകനും സമയസമയങ്ങളിൽ ഹ്രസ്വകാല ദീർഘകാല വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ സഹകരണസ്ഥാപനങ്ങളിൽ കൂടി ലഭ്യമാക്കുക.

c. എത്രയും വേഗത്തിൽ കർഷകർക്ക് കൈവശഭൂമിയ്ക്ക് പട്ടയം അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുക.

d. പഞ്ചായത്ത് തലത്തിൽ കർഷകത്തൊഴിലാളിയുടെ കൂലിനിരക്ക് ഏകീകരിക്കുക.

e. കൃഷിക്കാരന്റെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപാദനചിലവിന്റെ അടിസ്ഥാനത്തിൽ തറവില നിശ്ചയിക്കുക.

f. കർഷകന്റെ കാർഷികോൽപ്പനങ്ങൾ വാങ്ങുന്നതിന് വേണ്ടി പഞ്ചായത്തുതലത്തിൽ മാർക്കറ്റിംഗ് സൊസൈറ്റിയും പൊതുസംഭരണ കയറ്റുമതികേന്ദ്രവും, വെയർഹൗസ് കീലോൺ സമ്പ്രദായവും നടപ്പിലാക്കുക.

g. കൂൺ കൃഷി, പുഷ്പകൃഷി, പൈനാപ്പിൾ കൃഷി, വാനില മുതലായവ അനുയോജ്യമായ സ്ഥലങ്ങളിൽ കൃഷിക്ക് വേണ്ട പ്രോത്സാഹനം ചെയ്യുക.

III. പ്രധാന കൃഷികൾ

1. കുരുമുളക്

1,2,5,9 എന്നീ വാർഡുകളിൽ കുരുമുളക് കൃഷിക്ക് ആണ് പ്രാധാന്യം. ദ്രുതവാട്ടരോഗത്തിൽനിന്നും വേരുചീച്ചിൽരോഗത്തിൽ നിന്നും കുരുമുളക് കൃഷിയെ രക്ഷിക്കുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

2. തേയില

3,4,6,7,8,10 എന്നീ വാർഡുകലിൽ തേയില കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. സൗജന്യ നിരക്കിൽ തൈകൾ വിതരണം ചെയ്യണം. ദീർഘകാലവായ്പകൾ ലഭ്യമാക്കണം. കർഷകന് തേയിലയ്ക്ക് ന്യായവില ഉറപ്പാക്കുന്നതിന് ഒരു തേയില ഫാക്ടറി പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

3. തെങ്ങ്

കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തൊങ്ങൊന്നിന് 500/ രൂപാവച്ച് കൃഷിക്കാരന് ലഭ്യമാക്കുകയും പുനഃരുദ്ധാരണകൃഷിക്ക് മേൽത്തരം തെങ്ങിൻതകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യണം.

3. കമുക്

മഹാളിരോഗത്തിനെതിരെ ഫലപ്രദമായി മരുന്ന് തളി ആവശ്യമാണ് ഇതിന് വേണ്ട സഹായം ചെയ്യുക.

5. വീട്ടുവളപ്പിൽ പച്ചക്കറിത്തോട്ടം

ഓരോവീട്ടുവളപ്പിലും പച്ചക്കറിത്തോട്ടത്തിന് ധനസഹായം നൽകണം. പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേക്കായി മേൽത്തരം വിത്തിനങ്ങൾ വിതരണം ചെയ്യുകയും അമിതമായ കീടനാശിനി പ്രയോഗത്തെ നിയന്ത്രിക്കുന്നതിന് വേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യുക.

6. കൊക്കോ

കൊക്കോ കൃഷി പഞ്ചായത്തിലെ എല്ലാ വാർഡിലും പ്രോൽസാഹിപ്പിക്കുക. കൊക്കോ സംസ്കാരണകേന്ദ്രം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

7. കാപ്പി

പഞ്ചായത്തിലെ മിക്ക വാർഡുകളിലും കാപ്പി കൃഷിക്ക് അനുയോജ്യമാണ് വേണ്ട പ്രോൽസാഹനം കോഫീബോർഡുമായി സഹകരിച്ച് നടപ്പിലാക്കണം.

8. ഏലം

സ്പൈസസ് ബോർഡുമായി ബന്ധപ്പെട്ട് ഏലം കൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകുക.

9. വൈദ്യുതി

കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ സൗജന്യമാക്കുക. കാർഷീക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് സൗജന്യമാക്കുക.

10. ലക്ഷം തൊഴിൽ ദാനപദ്ധതി

കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത മുഴുവൻ യുവജനങ്ങൾക്കും എത്രയും വേഗം ഐഡൻറിറ്റി കാർഡ് വിതരണം ചെയ്യുക. ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത യുവജനങ്ങൾക്ക് വിദഗ്ദ ഉപദേശവും അവരവരുടെ അഭിരുചിക്കനുസരിച്ച് കൃഷിയിൽ പരിശീലനം ലഭിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇതേവരെ, യാതൊരു നടപടിയും ആയിട്ടില്ല ഈ അവഗണന അവസാനിപ്പിച്ച് യുവജനങ്ങൾക്ക് കൃഷിയിൽ പ്രോത്സാഹനം നൽകുവാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കണം.

IV. കൃഷിഭവൻ

a. പഞ്ചായത്തിലെ വാർഡുകൾ തോറും കൃഷിഭവൻറെ കീഴിൽ ഓരോ ഡെമോസ്ട്രേഷന്മാരെ നിയമിക്കുകയും കർഷകന് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം.

b. അത്യുൽപ്പാദനശേഷിയും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ പഞ്ചായത്തിൽ നിന്നും സമയാസമയങ്ങളിൽ കർഷകന് ലഭ്യമാക്കണം.

c. വാർഡുകൾ തോറും അത്യുൽപ്പാതനശേഷിയും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ നേഴ്സറികൾ കൃഷിഡമോസ്ട്രേഷറുടെ നേതൃത്വത്തിൽ കർഷകരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുക.

d. ഗുണനിലവാരമുള്ള വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ കൃഷിക്കാരന് യഥാസമയങ്ങളിൽ ലഭ്യമാക്കുക. ജൈവവളപ്രയോഗത്തിന് പ്രധാന്യം നൽകി പ്രോത്സാഹിപ്പിക്കുക.

e. ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ദിപ്പിക്കുന്നതിന് ആവശ്യമായ കാർഷീക ഉപകരണങ്ങളും യന്ത്രങ്ങളും സൗജന്യനിരക്കിൽ നൽകുക.

f. വാർഡുതോറുമുള്ള കൃഷി ഡമോൺസ്ട്രേഷറുടെ നെതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചകൾ ഇവയിലൂടെ കൃഷിക്കാരനെ ശാസ്ത്രീയകൃഷിരീതികൾ പരിശീലിപ്പിക്കുക.

g. പഞ്ചായത്തിലെ മുഴുവൻ കർഷകരുടെയും വിളകൾ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുക.

h. കൃഷിഭവൻറെ നിലവിലുള്ള പ്രവർത്തനം തൃപ്തികരമല്ല. ജനോപകാരപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിലെ ഭൂമിയുടെ ആകെ വിസ്തീർണ്ണം 3170 Ha ആകുന്നു. അതിൽ തരിശ് ഭൂമി 370 Ha പുൽമേട് 1000Ha ചരിവ് ഭൂമി 1200Ha സമതല ഭൂമി600Ha.

VI-ാം വാർഡിൽ മുണ്ടപ്ലാക്കൽ തങ്കച്ചൻ പുരയിടത്തിലും മുതുപ്ലാക്കൽ പുരയിടത്തിലും ഇളപ്പുങ്കൽ പുരയിടത്തിലും ചെക്കുഡാമുകൾ നിർമ്മിക്കുക.

സാമൂഹ്യക്ഷേമം

സ്വാശ്രയ ഗ്രാമപദ്ധതിയുടെ നേട്ടങ്ങൾ കാമാക്ഷി ഗ്രാമപഞ്ചായത്ത് സ്വാശ്രയ പഞ്ചായത്തായി തിരഞ്ഞെടുത്തതിന് ശേഷം ലഭിച്ച ആനുകൂല്യങ്ങൾ.

വർഷം	തുക	ഗുണഭോക്താക്കൾ
92-93	100000	15 കുടുംബങ്ങൾ
93-94	350000	76 ”
94-95	400000	226 ”
95-96	200000	70 ”
96-97	400000	258 ”
ആകെ തുക	1450000/-	
ആകെ കുടുംബങ്ങൾ	645	

ഫണ്ട് വിനിയോഗിച്ച് നടത്തിയ പദ്ധതികൾ

പബ്ലിക്ക് ലൈബ്രറികൾക്ക് T.V. സെറ്റ്, T.V പ്രദർശനഹാൾ, മാർക്കറ്റ് സ്റ്റാൾ, നിർദനരായ കുടുംബങ്ങൾക്ക് പെട്ടിക്കട, കന്നുകാലി, ആട്, പച്ചക്കറി കൃഷി, കമ്പോസ്റ്റ് കുഴി, കക്കൂസ്, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം, മഹിളാസമാജങ്ങൾക്ക് തയ്യൽമിഷൻ, സഹകരണസ്ഥാപനങ്ങൾക്ക് ധനസഹായം ഇവയാണ്.

ഈ പഞ്ചായത്തിൽ പതിനൊന്ന് കുരുമുളക് സംരക്ഷണസമിതികളും ഒരു കേരവികസന സമതിയും, മൂന്ന് പാടശേഖരസമിതികളും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു.

പട്ടിക I

കാമാക്ഷി ഗ്രാമപഞ്ചായത്ത് ജലനസേചന വിവരങ്ങൾ

വാർഡ്	പഞ്ചായത്ത് വക			മൈനർ ഇറിഗേഷൻ	
	കിണർ	കുളം	കുഴൽക്കിണർ	കിണർ	കുളം
I	4	1	1	-	1
II	2	1	1	-	-
III	1	2	1	-	-
IV	2	2	1	-	-
V	5	2	-	-	3
VI	2	-	-	-	-
VII	1	2	-	-	-
VIII	2	-	-	-	-
IX	1	1	1	-	-
X	1	-	-	-	-
ആകെ	21	11	5	-	4

കേരസമിതിയ്ക്ക് ലഭിച്ച വളകിറ്റുകളും തെങ്ങ് കയറ്റ യന്ത്രവും

ഇനം	എണ്ണം	
	1995 - 96	1996 - 97
ഫാം നമ്പർ 20(60kg)	75	75
ഫാം നമ്പർ 10(30kg)	250	250
ഫാംമ്പർ 5(15kg)	150	150
തെങ്ങ് കയറ്റ യന്ത്രം	9	
തെങ്ങ് കർഷകർക്ക് ജലനസേചനത്തിനായി നല്കിയ ആനുകൂല്യങ്ങൾ		
2500 രൂപ പ്രകാരം 60 കിണറിന്	150000 Rs	
പമ്പ്സെറ്റ് 2500രൂപ	100000 Rs	

പാടശേകസമിതിക്ക് ലഭിച്ച ആനുകൂല്യങ്ങൾ

	1994 - 95	1995 - 96
വിത്ത്	400kg	400 kg
വളം, കീടനാശിനി നല്കിയ കർഷരുടെ എണ്ണം	120	120
പാറക്കടവ് പാടശേഖര സമിതിക്ക് പവർ ട്രില്ലർ	1	

കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൽ വസ്തുക്കൾ

ഇനം	എണ്ണം			
	1993 - 94	1994 - 95	1995 - 96	1996 - 97
തെങ്ങ്	1000	500	500	-
കുരുമുളക്വള്ളി	26000	27000	5000	-
കൊക്കൊ	500	750	1000	-
ഗ്രാമ്പു	75	1000	150	-
ജാതി	100	100	150	-
മാവ്	30	20	50	-
ചാമ്പ	50	30	60	-

കുരുമുളക് കർഷകർക്ക് വളം കീടനാശിനി പുനഃരുദ്ധാരണത്തിന്

നല്കിയ കർഷകരുടെ എണ്ണം	1993-94	230	200	200	-
	1994-95	230	200	200	200
	1996-97	-	-	-	200

വിതരണം ചെയ്ത കുമിൾനാശിനികൾ

തുരിശ്	6832Kg	6832Kg	3416Kg
കോപ്പർ ഓക്സിക് ക്ലോറൈഡ്	3416Kg	3416Kg	1708Kg
കക്ക 6832Kg 6832Kg 3416kg			

കുരുമുളക് കൃഷി, ഏരിയ വർദ്ധനവ്

കർഷകരുടെ എണ്ണം	60	50

ഇഞ്ചികർഷകർക്ക് നല്കിയ സബ്സിഡി

കർഷകരുടെ എണ്ണം	100	100
സമിതികൾക്ക് നല്കിയ റോക്കർ സ്പ്രെയർ		90 എണ്ണം

മൃഗസംരക്ഷണവും അനുബന്ധ മേഖലകളും

നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര സമ്പദ്‌വ്യവസ്ഥയിൽ മൃഗസംരക്ഷണ മേഖലയ്ക്കുള്ള പ്രാധാന്യം എടുത്തുപറയത്തക്കതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സാമ്പത്തികവളർച്ചയിലും ഈ മേഖല പ്രാധാന്യമർഹിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ദേശീയവരുമാനത്തിന്റെ 12 ശതമാനവും മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനഘടകങ്ങൾ കൃഷിയും മൃഗസംരക്ഷണവും ആണ്. അതുകൊണ്ടുതന്നെ ഈ മേഖലയ്ക്ക് വേണ്ടത്ര ശാസ്ത്രീയമായ പരിചരണങ്ങളും ആസൂത്രണവും നല്കേണ്ട ആവശ്യമുണ്ട്. മൃഗസമ്പത്തിൻ 94 ശതമാനവും ഗ്രാമീണ ചെറുകിട നാമമാത്രകർഷകരുടെ സംരക്ഷണത്തിലായതിനാൽ ഗ്രാമീണസമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയുടെ പ്രാധാന്യം നിസ്സാരമല്ല. സ്ത്രീകളുടെ ഉന്നമനത്തിനും ഇതു വഴിതെളിക്കും.

ഈ ലഘുലേഖനത്തിൽ കാമാക്ഷി പഞ്ചായത്ത് മൃഗസംരക്ഷണമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പ്രായോഗിക നിർദ്ദേശങ്ങളുമാണ് വിശകലനം ചെയ്യപ്പെടുന്നത്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ, മൃഗസംരക്ഷണമേഖലയിൽ നടപ്പിലാകാൻ സാധിക്കുന്ന ചില പദ്ധതികളെക്കൂടി അവതരിപ്പിക്കുന്നു. അതിനുമുമ്പായി ഈ പഞ്ചായത്തിലെ മൃഗസമ്പത്തിനെക്കുറിച്ചുള്ള ഒരു പട്ടിക ഇവിടെ കൊടുത്തിട്ടുള്ളതു ശ്രദ്ധിക്കുക.

കാള: സങ്കരം		
വംശവർദ്ധനവിനുള്ള	:	20
മറ്റുള്ള	:	-
കാള: നാടൻ		
വംശവർദ്ധനവിനുള്ളവ	:	-
മറ്റുള്ളവ	:	43
പശു: നാടൻ		
കറവയുള്ളവ	:	269
മറ്റുള്ളവ	:	96
പശു: സങ്കരയിനം		
കറവയുള്ളവ	:	10209
മറ്റുള്ളവ	:	340
എരുമ : കറവയുള്ളവ	:	560
മറ്റുള്ളവ	:	98
പോത്ത്	:	12
ആട്	:	2563
നായ്	:	3545
കോഴി	:	11744
താറാവ്	:	93
മറ്റു വളർത്തുമൃഗങ്ങൾ	:	641

മൃഗസംരക്ഷണരംഗം :

കാമാക്ഷി പഞ്ചായത്തിൽ ഒരു സർക്കാർ മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നു. മൃഗസംരക്ഷണമേഖലയിൽ മറ്റു സർക്കാർസ്ഥാപനങ്ങളൊന്നുംതന്നെയില്ല. ഇവിടെ കൃത്രിമ ബീജധാനസൗകര്യവും ചികിത്സാസൗകര്യങ്ങളും പ്രതിരോധമരുന്നുകളും ലഭ്യമാണ്. സ്ഥാപനത്തിലെ നിലവിലുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഇതു കൂടാതെ മിൽമയുടെ അധീനതയിലുള്ള ഒരു കൃത്രിമബീജസാധനകേന്ദ്രം ഉദയഗിരിയിലും സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൃത്രിമബീജാധാനം നടത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തി കാൽവരിമൗണ്ടിലും പ്രവർത്തിച്ചുവരുന്നു.

ആനന്ദ് മാതൃകാ ക്ഷീരസഹകരണസംഘങ്ങൾ തങ്കമണി, നെല്ലിപ്പാറ, ഉദയഗിരി എന്നിവിട

ജലസേചനം

1-ാം വാർഡിൽ നിലവിലുള്ള ജലശ്രോതസുകളിൽനിന്നും കുളങ്ങൾ കിണറുകൾ, ചെക്കുഡാമുകൾ ഇവ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക. കാമാക്ഷിപാറക്കടവ് തോട്ടിൽ ചെക്ക് ഡാം. കുഴൽ കിണറുകൾ ഇവ നിർമ്മിക്കുക.

II-ാം വാർഡിൽ കൂട്ടക്കല്ല് പാറക്കടവ് നെല്ലിപ്പാറ പാറക്കടവ്, നെല്ലിപ്പാറ മത്തായിപ്പടി, എന്നീ തോടുകളിൽ തടയണകൾ നിർമ്മിക്കുകയും മൈലകക്കൽ പുരയിടത്തിലും മണ്ണാമ്പറമ്പിൽ പുരയിടത്തിലും ഉറുമ്പ് കുന്നേൽ പുരയിടത്തിലും പൂതക്കുഴിപുരയിടത്തിലും കപ്പലുമാക്കൽ പുരയിടത്തിലും കൊല്ലക്കൊമ്പിൽ പുരയിടത്തിലും കുളങ്ങൾ നിർമ്മിക്കുക. പുറംചിറയിൽ പുരയിടത്തിലും കുളം നിർമ്മിക്കണം. ഈട്ടിക്കൽ സുബാഷ് പുരയിടത്തിൽ ചെക്ക് ഡാം നിർമ്മിക്കണം. III-ാം വാർഡിൽ തട്ടുങ്കൽ ജോൺ പുരയിടത്തിൽ കുളം മാത്യുവാഴേപ്പറമ്പിൽ പുരയിടത്തിൽ ചെക്ക്ഡാം, കുന്നുംപുറം ആൻറണിപുരയിടത്തിൽ കുളം കിഴക്കേൽ സ്കറിയാപുരയിടത്തിൽ കുളം IV-ാം വാർഡിൽ മഠത്തിനകത്ത് വക്കച്ചൻ പുരയിടം കൊല്ലംപറമ്പിൽ കുഞ്ഞുകൊച്ച് പുരയിടം എട്ടാനിപുരയിടം, കണ്ണയ്ക്കൽ പുരയിടം ഇവിടെ കുളങ്ങൾ നിർമ്മിക്കണം മൂലേച്ചാലിൽ തങ്കച്ചൻ പുരയിടത്തിൽ ചെക്ക് ഡാം നിർമ്മിക്കണം. V-ാം വാർഡിൽ ചക്കാലത്തോട്ടിൽ, ഇരുകുട്ടിത്തോട്ടിൽ കൈതക്കൽപടിക്കൽ, പാറയിൽ പുരയിടത്തിൽ പാണ്ടിപ്പാറത്തോട്ടിൽ ചെക്കുഡാം നിർമ്മിക്കുക. ജലം ലഭ്യമായസ്ഥലങ്ങളിലെല്ലാം കുളങ്ങൾ നിർമ്മിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്തുക. V-ാം വാർഡിൽ പുല്ലന്തനാൻ പുരയിടത്തിലും ഏത്തക്കാട് പുരയിടത്തിലും നിലവിലുള്ള കുളങ്ങൾ ജലസേചനയോഗ്യമാക്കുക. കല്യാണത്തണ്ടിൽ നിന്നും ഇരുട്ടുകാനത്ത് വെള്ളം തടഞ്ഞ് നിർത്തി പാണ്ടിപ്പാറയിൽ എത്തിക്കുക.

VI-ാം വാർഡിൽ കിഴക്കെടത്ത് പുരയിടത്തിൽ ചെക്ക്ഡാം. കണയങ്കൽ പുരയിടത്തിൽ കുളം കന്നാലിൽ പുരയിടത്തിൽ കുളം ചാളനാട്ട് പുരയിടത്തിലും കടപ്ലാക്കാൽ പുരയിടത്തിലും ചെക്കു ഡാം. ഇരട്ടച്ചിറ, ഇല്ലമ്പള്ളിൽ പുരയിടത്തിൽ ചെക്ക് ഡാം. മലമാക്കൽ പുരയിടത്തിൽ തോണക്കരപുരയിടത്തിൽ കുളം കാവുങ്കൽ പുരയിടത്തിൽ തടയണ കൂട്ടമാക്കൽ പുരയിടത്തിൽ കുളം വെള്ളരിങ്ങാട്ട് പുരയിടത്തിൽ കുളം, കരിമാക്കൽ വാളമ്പനാൽ പുരയിടത്തിൽ കുളം, നീലിവയലിൽക്കൂടി കടന്നു പോകുന്ന മാടപ്ര കിളിയാർ തോട്ടിൽ ചെക്ക്ഡാം നീലവയലിൽക്കൂടി കടന്ന് പോകുന്ന മൂന്ന് തോടുകൾക്കും ചെക്ക്ഡാം മാടപ്രയിൽ പുന്നത്താനിപുരയിടത്തിൽ കുളം പടമുഖം സാറിൻെറ പുരയിടത്തിൽ കുളം കണ്ണം ചിറപുരയിടത്തിൽ ചെക്ക്ഡാം.

VIII-ാം വാർഡിൽ ഉള്ള അഞ്ച് തോടുകൾക്കും തടയണകെട്ടുക, ജലശ്രോതസുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കിണറുകൾ നിർമ്മിക്കുക.

IX-ാം വാർഡിൽ മഠംപുരയിടത്തിൽ ചെക്ക് ഡാം, മണ്ണാപ്പറമ്പിൽ പുരയിടത്തിൽ ചെക്ക്ഡാം. കാരിക്കൂട്ടം പുരയിടത്തിൽ ചെക്ക് ഡാം ഇവനിർമ്മിക്കണം. IX-ാം വാർഡിൽ വാട്ടപ്പള്ളിൽ പുരയിടത്തിലും പേഴത്തുമൂട്ടിൽ പുരയിടത്തിലും മുകളേൽ പുരയിടത്തിലും കുളങ്ങളും കൊല്ലംപറമ്പിൽ പുരയിടത്തിലും കുഴിപ്പള്ളിൽ പുരയിടത്തിലും വാഴക്കാപ്പാറ പുരയിടത്തിലും ചെക്ക് ഡാം കല്യാണത്തണ്ടിൽ നിന്നും ഇടുക്കിഡാമിലെ വെള്ളം ഇവിടെ എത്തിക്കുക.

X-ാം വാർഡിലൂടെ ഒഴുകുന്ന മുഴുവൻ തോടുകൾക്കും തടയണകളും ജലശ്രോതസ്സ് ഉള്ള സ്ഥലത്ത് കുളങ്ങൾ നിർമ്മിച്ച് ജലസേചനം നടത്തുക.

മുകളിൽ പറഞ്ഞ എല്ലാ വാർഡുകളിലേയും ജലസേചന പദ്ധതികൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുക. മോട്ടോറും പമ്പുസെറ്റും വാങ്ങുവാൻ 50% സബ്സിഡിയും സൗജന്യ വൈദ്യുതിയും നൽകി കൃഷിയിടങ്ങളിലെ ജലസേചനം കാര്യക്ഷമമാക്കുക. കാമാക്ഷി പഞ്ചായത്തിലെ കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിന് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

കുഴൽ കിണർ

1 മുതൽ 10 വരെയുള്ള എല്ലാ വർഡുകളിലും കുഴൽ കിണർ നിർമ്മിക്കണം.

ങ്ങളിൽ പ്രവർത്തിക്കുന്നു. ഇവയ്ക്ക് വിവിധസ്ഥല ങ്ങളിൽ കളക്ഷൻ സെൻററുകളുമുണ്ട്. കോത മംഗലം ഡയറി സൊസൈറ്റിയുടെ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രതിദിനം ഉത്പ്പാദിപ്പിക്കപ്പെടുന്ന ഉദ്ദേശം പതിനാ യിരത്തോളം ലിറ്റർ പാൽ ഈ സംഘങ്ങൾ വഴി സംഭരിച്ച് വിപണനം നടത്തുന്നു.

2. നടപ്പുപദ്ധതികൾ

2.1 പ്രത്യേക കന്നുകുട്ടി വികസന പരി പാടി:

കേന്ദ്രഗവണ്മെൻറിൻെറ ധനസഹായത്തോടെ യുള്ള ഈ പദ്ധതിയിലൂടെ കന്നുകുട്ടികളുടെ പ്രത്യുല്പാദന പ്രായം ആവുന്നത്ര മുമ്പേയാക്കാൻ ലക്ഷ്യമിടുന്നു. നാലുമുതൽ ഒമ്പതു മാസം വരെ പ്രായമുള്ള പശുക്കുട്ടികളെ ചേർത്ത് അവയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം സബ്സിഡി നിരക്കിൽ കാലിത്തീറ്റ, മരുന്നുകൾ, പ്രതിരോധകുത്തിവയ്പു കൾ എന്നിവ നൽകുകയും ചെയ്യുന്നു. പഞ്ചാ യത്തിലെ 370 കന്നുകുട്ടികളെ ഈ പദ്ധതി യിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നു.

2.2 പന്നിവളർത്തൽ പദ്ധതി:

ഈ പദ്ധതിയിൻ കീഴിൽ, പന്നിവളർത്തലിൽ താല്പര്യമുള്ള കർഷകരെ തിരഞ്ഞെടുത്ത് അവർക്ക് കൂടുവയ്ക്കുവാനുള്ള തുക സബ്സിഡിയായി നൽകുന്നതോടൊപ്പം സബ്സിഡി നിരക്കിൽ ഒരു ആൺപന്നിക്കുഞ്ഞിനെയും അഞ്ചു പെൺപന്നി ക്കുഞ്ഞുങ്ങളെയും നൽകുന്നു. ഇതുകൂടാതെ സബ്സിഡി നിരക്കിൽ രണ്ടു പന്നിക്കുഞ്ഞുങ്ങളെ മാത്രം നൽകുന്ന പദ്ധതിയും ഉണ്ട്. പന്നിയിറച്ചി യുടെ ഉദ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യ മിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉത്പാദിപ്പിക്കപ്പെ ടുന്ന പന്നിക്കുഞ്ഞുങ്ങളെ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യാനുള്ള സംവിധാനവും ഏർപ്പെടു ത്തുന്നതാണ്.

2.3 ആടുവളർത്തൽ പദ്ധതി

ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുവാനും ആട്ടിറച്ചിയുടെ ലഭ്യത ഉറപ്പുവരുത്തുവാനും തൊഴി ലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി ലക്ഷ്യ മിടുന്നു. സബ്സിഡി നിരക്കിൽ ഗുണഭോക്താ ക്കൾക്ക് രണ്ടു പെണ്ണാടുകളെ വീതം വിതരണം ചെയ്യുന്നു. എല്ലാ ആടുകൾക്കും ഇൻഷ്വറൻസ് സംര ക്ഷണവും നൽകുന്നു.

2.4. കാലിരോഗ (സാംക്രമിക) നിയന്ത്ര ണ പദ്ധതി:

സാംക്രമിക രോഗങ്ങളായ കുളമ്പുരോഗം, കാലിവസന്ത, കുരലടപ്പൻ, മുതലായവയെ നിയ ന്ത്രിക്കുന്നതിനുള്ള പ്രതിരോധകുത്തിവയ്പുകൾ വാർഡുതലത്തിൽ നടത്തിവരുന്നു. പഞ്ചായത്തിലെ പത്താം വാർഡിൽ സാംക്രമിക രോഗത്തിനു സമാ നമായ രോഗലക്ഷണങ്ങൾ കുറെ നാളുകൾക്ക് മുമ്പ് പ്രത്യക്ഷപ്പെടുകയും ഫലപ്രദമായ പ്രതിരോധനടപ ടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2.5. പേവിഷ നിയന്ത്രണപരിപാടി

വളർത്തുനായ്ക്കളെ പേരോഗവിമുക്തമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. നൂറ് വളർത്തുനാ യ്ക്കൾക്ക് കഴിഞ്ഞ വർഷം സൗജന്യ നിരക്കിൽ കുത്തിവയ്പു നടത്തിയിട്ടുണ്ട്.

2.6. കാലിത്തൊഴുത്ത് നിർമ്മാണം

കാലിത്തൊഴുത്ത് നിർമ്മിക്കുവാൻ ധനസ ഹായം നൽകുന്ന ഒരു പദ്ധതി കന്നുകാലി വിക സന ബോർഡു ആവിഷ്ക്കരിച്ചുവരുന്നു.

2.7. ഗോരക്ഷാ ക്യാമ്പുകൾ

നല്ലയിനം കന്നുകാലികളെ കണ്ടെത്തുന്നതി നും അവയ്ക്കു മെച്ചപ്പെട്ട പരിചരണം ഉറപ്പുവരു ത്തുന്നതിനും ഈ ക്യാമ്പുകൾ സഹായിക്കുന്നു. ഈ വർഷം പാണ്ടിപ്പാറയിലും കരിക്കിൻമേട്ടിലു മായി രണ്ടു ഗോരക്ഷാക്യാമ്പുകൾ നടത്തപ്പെടുക യുണ്ടായി.

2.8. വിജ്ഞാന വ്യാപന സെമിനാറുകൾ

ആധുനിക ചികിത്സാ സൗകര്യങ്ങളെയും ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങളെയും കുറിച്ച് കർഷ കരിൽ അവബോധം സൃഷ്ടിക്കാനുതകുന്ന ഇത്തരം സെമിനാറുകൾ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങ ളിൽ വച്ച് നടത്തിവരുന്നു.

3. പുതുതായി പരിഗണിക്കാവുന്ന പദ്ധതികൾ

1. ഉത്പാദന മേഖല: ദാരിദ്രനിർമ്മാർജ്ജനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും മൃഗസംരക്ഷണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കലും ലക്ഷ്യമിടുന്നു. ലഭ്യമായ തദ്ദേശീയ വിഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കാലിത്തീറ്റ മിശ്രിത സ്ഥാപനങ്ങൾ തുടങ്ങുക.

2. പാലിനു കൂടുതൽ വില ലഭിക്കുന്നതിനായി പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങുക.

3. സഹകരണമേഖലയിൽ തീറ്റപ്പുൽ കൃഷി തുടങ്ങുവാനുള്ള പദ്ധതി- പഞ്ചായത്തിലെ കൃഷിയോഗ്യമല്ലാത്ത ഭൂമി ഇതിനു പ്രയോജനപ്പെടുത്താവുന്നതാണ്. പുഷ്പഗിരി, ഉദയഗിരി, കാൽവരിമൗണ്ട് എന്നീ പ്രദേശങ്ങൾ ഇതിനു തികച്ചും അനുയോജ്യമാണ്. ഈ സ്ഥലങ്ങളിൽ സഹകരണമേഖലയിൽ ഒരു ഡയറിഫാം തുടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

4. കർഷകന് സ്വന്തമായി തീറ്റപ്പുൽകൃഷി തുടങ്ങുന്നതിനു പുൽവിത്തുകളും വളങ്ങളും നൽകുക. കയ്യാലകളിലും മറ്റും പുൽകൃഷി ചെയ്യുന്നത് മണ്ണൊലിപ്പ് തടയുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനും സഹായകമാണ്.

5. പഞ്ചായത്തിൽ അറവുശാല നിർമ്മിക്കുക. ശുദ്ധമായ മാംസോല്പാദനത്തിന് ഇത് അത്യന്താപേക്ഷിതമാണ്. ഇവിടത്തെ ഉപോൽപന്നങ്ങൾ സംസ്ക്കരിച്ച് അതിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറുകൾ തുടങ്ങുക. സമീപ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

6. മാംസോല്പാദർക്കായുള്ള ഒരു സഹകരണസംഘം നിർജ്ജീവാവസ്ഥിയിലുള്ളത് പുനുരുജ്ജീവിപ്പിക്കുക. ഈ സൊസൈറിവഴി വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. മാംസോല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കന്നുകുട്ടി പരിപാലന പദ്ധതയുടെ മാതൃകയിൽ കാളക്കുട്ടികളെ ഏറ്റെടുത്തു സംരക്ഷിക്കുക.

8. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

9. മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. നിർജ്ജീവമായി കിടക്കുന്ന എഗ്നർ നഴ്സറി പുനരുജ്ജീവിപ്പിക്കുക.

10. ഗുണമേന്മയുള്ള, പോഷകസമൃദ്ധമായ മാംസോത്പാദനത്തിനായി മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

11. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുക. അതിൻെറ നേട്ടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

12. സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

13. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക. കുന്നിൻ പ്രദേശങ്ങളായ കരിക്കിൻമേട്ട്, ഇരുകുട്ടി, കരിക്കിൻതോളം എന്നീ മേഖലകൾ ആടുവളർത്തലിനു അനുയോജ്യമാണ്. ഈ പ്രദേശങ്ങളിലെ കർഷകർക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും ആടുവളർത്തുന്നതിനായി നൽകുക.

14. കന്നുകാലികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റയും ധാതുമിശ്രിതവും നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

15. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും പശുക്കളെ വാങ്ങുന്നതിനും ധനസഹായം നൽകുക.

16. മികച്ച കർഷകരെ കണ്ടെത്തി അവർക്ക് അർഹിക്കുന്ന പ്രോത്സാഹനവും സമ്മാനങ്ങളും നൽകുക.

17. പഞ്ചായത്തിൽ ഒരു പാൽസംഭരണശാല സ്ഥാപിക്കുക.

3.2. സേവനമേഖല

1. മൃഗാശുപത്രിയിൽ ആവശ്യത്തിനു മരുന്നുകൾ എത്തിക്കുക

2. മൃഗസംരക്ഷണമേഖലയുമായി ബന്ധപെട്ട് വിവിധ ഏജൻസികളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാദ്ധ്യമാക്കുക.

3. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. ജീവനക്കാർക്കുള്ള വാസസ്ഥലവും ഇതോടൊപ്പം നിർമ്മിക്കുക.

4. മൃഗാശുപത്രിയുടെ സേവനം മെച്ചപ്പെടുത്തേണ്ടതിനായി വാഹനം, ഫോൺ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആവശ്യത്തിനു ഫർണിച്ചറുകൾ നൽകുക. കൂടുതൽ ജീവനക്കാരെ നിയമിക്കുക.

5. കന്നുകാലിപ്രദർശനങ്ങൾ, ചർച്ചക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ കൂടുതലായി സംഘടിപ്പിക്കുക. ഇത്തരം അവസരങ്ങളിൽ കർഷകരുടെ പ്രാതിനിധ്യം കൂടുതൽ ഉറപ്പുവരുത്തുക.

6.കാലിത്തീറ്റയ്ക്ക് അടിക്കടി ഉണ്ടാവുന്ന വിലവർദ്ധന നിയന്ത്രിക്കുക. അതുപോലെ തന്നെ പാലിന് ന്യായ വില ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

4. പ്രശ്നങ്ങൾ, പരാതികൾ, പരിഹാര നിർദ്ദേശങ്ങൾ

4.1. കന്നുകാലികളുടെ ആകസ്മിക മരണത്തെത്തുടർന്നുണ്ടാവുന്ന നഷ്ടങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുക. ഇൻഷ്വറൻസിനു ധനസഹായം നൽകുക.

4.2. പ്രകൃതിക്ഷോഭം മൂലം മൃഗസമ്പത്ത്, കാലിത്തൊഴുത്ത് എന്നിവയ്ക്കുണ്ടാവുന്ന നഷ്ടത്തിന് അടിയന്തിരസഹായം നൽകുക.

4.3. അലഞ്ഞുതിരിയുന്ന നായ്ക്കളെ കണ്ടെത്തി നശിപ്പിക്കുക. നായ്ക്കളുടെ വംശവർദ്ധനവ് തടയാൻ വേണ്ട ശാസ്ത്രീയമാർഗ്ഗങ്ങൾ ഏർപ്പെടുത്തുക. നിർബന്ധിത പ്രതിരോധ കുത്തിവയ്പും ലൈസൻസ് വളർത്തുനായ്ക്കൾക്ക് ഏർപ്പെടുത്തുക.

4.4. മൃഗചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കുക.

4.5. അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ വാങ്ങുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുക. കൃത്രിമ ബീജധാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

4.6. ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയും ക്ഷേമനിധിയും ഏർപ്പെടുത്തുക.

4.7. പാരമ്പര്യ ഊർജ്ജസ്രോതസ്സായ ചാണകത്തിൽനിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏർപ്പെടുത്തുക.

4.8. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.

4.9. ഭ്രൂണമാറ്റം വഴി അത്യുൽപ്പാദന ശേഷിയുള്ള കിടാരികളെ ലഭിക്കുന്നതിനു വേണ്ട പദ്ധതി നടപ്പിലാക്കുക. കാൽവരിമൗണ്ടിൽ ഓരു ഡയറി കോളേജ് ആരംഭിക്കുക.

മത്സ്യബന്ധനമേഖല

കാമാക്ഷി പഞ്ചായത്തിൽ മത്സ്യകൃഷിക്ക് പ്രകൃത്യാ അനുയോജ്യമായ സ്ഥലങ്ങളും സാഹചര്യങ്ങളും പരിമിതമാണ്. മത്സ്യബന്ധനത്തിന് ജലാശയങ്ങൾ നിർമ്മിച്ച് മത്സ്യം വളർത്തുന്നതിനായി സബ്സിഡി ഏർപ്പെടുത്തേണ്ടതാണ്. മത്സ്യവിപണനത്തിനായുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. സബ്സിഡി നിരക്കിലും സൗജന്യമായും മത്സ്യവിപണനത്തിനായി നൽകിയ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കേണ്ടതാണ്.

മൃഗസംരക്ഷണമേഖലയുടെ വളർച്ചയെന്നത് ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ ഉയർച്ചയുടെയും വികസനത്തിന്റെയും അളവുകോലാണ്. കാമാക്ഷി പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയ്ക്ക് ഈ ലക്ഷ്യം കൈവരിക്കാൻ വേണ്ട എല്ലാവിധ അനുകൂലഘടകങ്ങളുമുണ്ട്. അതു പ്രയോജനപ്പെടുത്താനുള്ള ഒരു ലക്ഷ്യബോധമാണ് നമുക്കുണ്ടാവേണ്ടത്.

സമാപ്തം

കാമാക്ഷി ഗ്രാമപഞ്ചായത്ത് 1995-96

4.3 രോഗവിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digestive disorders	628	85	137	84	-	138	-	-	-	12
2.	ശ്വാസകോശസംബന്ധം Respiratory diseases	116	21	29	27	-	259	-	-	-	8
3.	ഉപാപചസംബന്ധം Metabolic diseases	34	14	19	23	-	16	-	-	-	-
4.	ത്വക്രോഗങ്ങൾ Skin diseases	274	16	24	47	-	-	-	-	-	16
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	123	19	18	24		24				-
6.	പരാദരോഗങ്ങൾ Parasitic diseases.	964	54	67	66		63				4
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	67	7	4	9		7				-
8.	വന്ധ്യത Infertility	72	9	9	6		-				-
9.	അകിടുവീട്ടം Mastitis	36	2	17			-				-
10.	മുടന്തൻ പനി Epheemeral Fever	57	-	-	-		-				-
11.	പകർച്ചവ്യാധികൾ Contagion diseases	-	-	-	-		-				-

കാമാക്ഷി ഗ്രാമപഞ്ചായത്ത് 95-96
4.4 പേ വിഷബാധ പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആണ്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവരുടെ എണ്ണം	-	-	-	100	-	-
കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം	-	-	-	-	-	-

കാമാക്ഷി ഗ്രാമപഞ്ചായത്ത് 95-96
4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭദാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	11042	20	1
കിടാരി	973	5	-
എരുമ	658	2	-

അനുബന്ധം - 4

കാമാക്ഷി ഗ്രാമപഞ്ചായത്ത് 95-96

4.1 വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
I	-	4	2	-	24	4	1010	23	47	2	-	293	410	-
II	-	7	-	-	13	7	1024	27	63	7	2	303	311	-
III	-	6	2	-	27	9	998	39	46	5	4	272	293	-
IV	-	3	2	-	39	8	1104	36	51	11	-	263	284	-
V	-	7	-	-	41	13	1072	45	62	9	-	407	413	-
VI	-	5	3	-	33	16	1109	17	66	17	4	211	292	-
VII	-	2	4	-	24	7	962	92	73	4	-	199	425	-
VIII	-	2	2	-	18	5	973	19	71	9	-	183	336	-
IX	-	3	1	-	23	11	944	24	32	11	2	204	374	-
X	-	4	2	-	27	16	1013	18	39	23	-	228	407	-

കാമാക്ഷി ഗ്രാമപഞ്ചായത്ത് 95-96
4.2 വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
I	16	1067	52	-	12	64
II	56	923	66	-	10	73
III	49	1102	71	3	7	81
IV	71	1044	63	2	8	54
V	64	1073	112	2	3	42
VI	55	1013	57	-	4	47
VII	36	1021	73	-	5	59
VIII	140	893	46	2	7	61
IX	19	1201	113	-	10	77
X	27	1097	124	2	16	83

വിദ്യാഭ്യാസം

സ്വന്തമായി അല്പം ഭൂമി സമ്പാദിച്ച് പണിയെടുത്ത് ജീവിക്കുന്നതിനുവേണ്ടി കോട്ടയം, എറണാകുളം, കൊല്ലം ജില്ലകളിലുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കുടിയേറിപാർത്ത കർ,കരുടെ മുമ്പിൽ ഉയർന്ന ഏറ്റവും വലിയ വെല്ലുവിളി തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യസം സൗകര്യമായിരുന്നു.

1959-ൽ കുടിയേറ്റം ആരംഭിച്ച കർ,കർ വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടിയുള്ള തങ്ങളുടെ അക്ഷീണ പരിശ്രമത്തിന് 2 വർഷങ്ങൾക്ക് ശേഷം ഫലപ്രാപ്തി കണ്ടെത്തി. അങ്ങനെ 1961 തങ്കമണിയിൽ ഒരു അൺെയ്ഡ്സ് L.P. സ്കൂൾ ആരംഭിച്ചു തങ്കമണി സെൻറ്തോമസ് ദേവാലയത്തിനോടനുബന്ധിച്ചാണ് St.തോമസ് L.P. സ്കൂൾ എന്ന പെരിൽ ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ആരംഭിച്ചത്. ആരംഭത്തിൽ 1 മുതൽ 4 വരെ ക്ലാസുകളായി ആരംഭിച്ചി ഈ അൺ എയ്ഡ് വിദ്യാലയം ഇവിടുത്തെ കുടിയേറ്റ കർഷകകരുടെ ആശാകേന്ദ്രമായി മാറി. എങ്കിലും കുടിയേറ്റ സമയത്ത് പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ തങ്ങളുടെ കുടുംബത്തോടൊപ്പം ഈ മല മടക്കിലേക്ക് പറിച്ചു നടപ്പെട്ടതും കുടിയേറ്റ ആരംഭകാലത്ത് വിദ്യാലയം ഇല്ലാതിരുന്നതും കുറേയേറെ കുട്ടികളുടെ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നതിനും ഉയർന്ന പ്രായപരിധിയുള്ള കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്നതിനും കാരണമായി. തങ്കമണിയോടൊപ്പം ഇതരജനവാസ കേന്ദ്രങ്ങളായ പാണ്ടിപ്പാറ, നെല്ലിപ്പാറ, കാൽവരി മൗണ്ട്, ഉദയഗിരി എന്നിവിടങ്ങളിൽ ഓ സൗകര്യം പോലും ഇല്ലാതിരുന്നതും ഒട്ടേറ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിച്ചു. മൈലുകൾ താണ്ടി സ്കൂളിലെത്തേണ്ടതങ്ങ വളരെക്കുറിച്ച് കുട്ടികൾ മാത്രമാണ്. ഇവിടെ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയത്. കുടിയേറ്റക്കാരിൽ ത്യാഗസന്നദ്ധരും വിദ്യാസമ്പന്നരുമായ ചെറുപ്പക്കാരണ് ഇവിടെ അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചത്. ഈയവസരത്തിൽ അവരെയൊക്കെ നന്ദിയോടെ സ്മരിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനുള്ള സാധ്യതകൾ അടുത്ത പ്രദേശങ്ങളിൽ ഇല്ലാതിരുന്നതുകൊണ്ട് തങ്കമണി St. തോമസ് L.P. സ്കൂളിൻെറ തുടർച്ചയായി 5,6 ക്ലാസ്സുകൾ പ്രൈവറ്റായി ആരംഭിച്ചു 6-ാം ക്ളാസ്സിൽ വർഷാവസാന പരീക്ഷയെഴുതേണ്ട കുട്ടികൾ കിലോമീറ്ററുകൾ താണ്ടി തോവള, കട്ടപ്പന, വാഴത്തോപ്പ് എന്നിവിടങ്ങളിൽ എത്തേണ്ടിയിരുന്നു. അങ്ങനെ പരീക്ഷയെഴുതി പാസാകുന്ന കുട്ടികളിലും 80% വിദ്യാർത്ഥികൾ തുടർന്ന് വിദ്യഭ്യാസം ചെയ്യാൻ കവിഞ്ഞില്ല. കാരണം മേൽപ്പറ്റഞ്ഞ തോവള, കട്ടപ്പന, വാഴത്തോപ്പ് എന്നിവിടങ്ങളിൽ മാത്രമായിരുന്നു തുടർ വിദ്യാഭ്യസം സൗകര്യം ഉണ്ടായിരുന്നത്. കുടിയെറ്റ കർഷകറുടെ മക്കളിൽ ചുരുക്കം പേർക്കെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിച്ചത് മേൽപ്പറ്റഞ്ഞ സ്കൂളുകളിൽ എത്തുന്നതിനുള്ള യാതനകൾ സഹിക്കാൻ തയ്യാറായവർക്ക് മാത്രമാണ്. വിദ്യാഭ്യാസരംഗത്തുണ്ടായ ഈ അപര്യാപ്തത ഈ പഞ്ചായത്തിൻെറ സാമൂഹ്യ - സാംസ്ക്കാരിക പുരോഗതിയിൽ വമ്പിച്ച മാന്ദ്യം അനുഭവപ്പെടുന്നതിനു പ്രധാന കാരണമായി.

തങ്കമണി St.തോമസ് L.P സ്കൂളിന് 1966-ൽ ഗവൾമെൻർ അംഗീകാരം ലഭിച്ചു. അതോടൊപ്പം പാറക്കടവിൽ S.N.D.P യോഗത്തിൻെറ നേതൃത്വത്തിൽ ഒരു L.P. സ്കൂൾ 1965ൽ ആരംഭിച്ചു പ്രവർത്തിച്ചുപോന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് നേരിട പുരോഗതി ഉണ്ടായി. നെല്ലിപ്പാറ, ഉദയഗിരി, കാൽവരിമൗണ്ട്, പാണ്ടിപ്പാറ എന്നിവിടങ്ങളിൽ ക്രിസ്ത്യൻ മാനേജ്മെൻറിൻെറ നേതൃത്വത്തിൽ അൺഎയ്ഡ്സ് സ്കൂളുകൾ ആരംഭിച്ചുയ. തുടർന്ന് 1970 പാണ്ടിപ്പാറ L.P സ്കൂളിനും 1980-ൽ ഉദയഗിരി, കാൽവരിമൗണ്ട്, നെല്ലിപ്പാറ എന്നിവിടങ്ങളിലും L.P സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചു.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കുവേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്ത കോതമംഗലം രൂപതയോടും ഈ രംഗത്ത് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വൈദികരേയും നന്ദിയോടെ സ്മരിക്കുന്നു.

1972-ൽ തങ്കമണി ഗവ.യുപി. സ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ യു.പി. സ്കൂളായി മാകാക്ഷി പ്രവർത്തനം ആരംഭിച്ചു. 1973-ൽ പാണ്ടാപ്പാറയിലും 1980ൽ ഉദയഗിരിയിലും 1983ൽ കാൽവരിമൗടിലും മാനേജ്മെൻറ് യു.പി.സ്കൂൾ ആരംഭിച്ചു.

1980-ൽ ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. തങ്കണി പള്ളിയുടെ നേതൃത്വത്തിൽ St.തോമസ് ഹൈ സ്ക്കൂൾ ആരംഭിച്ചു. 1986ൽ കാവരി ഹൈസ്കൂൾ എന്നപേരിൽ കാൽവരമൗണ്ടിലും ഹൈസ്കൂൾ ആരംഭിച്ചു. ഇപ്പോൾ ഈ പഞ്ചായതിൽ 71 പ്രൈമറി അദ്ധ്യാപകരും 41 ഹൈസ്കൂൾ അദ്ധ്യാപകരും13 അനദ്ധ്യാപകരും സേവനം അനുഷ്ഠിക്കുന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനുള്ള കോളജുകളോ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ ഈ പഞ്ചായത്തിലെ കുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ വളരെയധികം പിന്നോട്ട് പോയി. ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളായ കട്ടപ്പന ഗവ. ആർട്സ് കോളേജിലേക്കും ഗവ.I.T.I യിലേക്കും പഞ്ചായത്ത് പരിധിയിൽ നിന്ന് 26 കിലോമീറ്ററും മുരിക്കാശ്ശേരി പാവനാത്മ കോളേജിലെക്ക് 35 കിലോ മീറ്ററും ദൂരമുണ്ട്. അവിടെപ്പോലും ബിരുദ ബിരുദാനന്തരകോഴ്സുകൾക്ക് സീറ്റുകൾ പരിമിതവും അസൗകര്യങ്ങൾ എറെയുമാണ്.



S. S. L.C പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ കുട്ടിയ്ക്ക് പഞ്ചായത്തു പ്രസിഡന്റ് ശ്രീ. മാത്യു മത്തായി ക്യാഷ് അവാർഡു നൽകുന്നു.

അദ്ധ്യാപിക രക്ഷാകർത്തൃസമിതി

ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും P.T.A മാതൃസംഗമം എന്നിവയുണ്ട്. ഇവയുടെ പ്രവർത്തനം സമാമാന്യം തൃപ്തികരമാണ്. P.T.A പൊതുയോഗങ്ങളിലും 25% മാതാപിതാക്കളുടെ ഭാഗധേത്വമേകാണുന്നുള്ളു. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ വളരെ കുറച്ചുമാത്രമേ പങ്കെടുക്കുന്നുള്ളു. ഉച്ചക്കഞ്ഞി വിതരണം ഭൗതിക സാഹചര്യ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ P.T.A. യുടെ സജീവ സാന്നിധ്യം ഉണ്ടാകണം. കുട്ടികലുടെ പഠന നിലവാരം ഉയർത്തുന്നതിനായി രക്ഷിതാക്കൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണ്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള അദ്ധ്യാപകർ എല്ലാ സ്കൂളുകളിലും ഇല്ല. കാൽവരിമൗണ്ട് H.S. തങ്കമണി H.S എന്നിവിടങ്ങളിൽ കലാകായിക അധ്യാപകർ ഉള്ളു. കാൽവരിമൗണ്ട് H.Sലെ കായികപ്രവർത്തനം വളരെ പ്രശംസനീയമാണ്. ഈ പഞ്ചായത്തിലെ L.P, U.P. സ്കൂളുകളിൽ നിർബന്ധമായും ഒരു കലാകായിക അദ്ധ്യാപകരെ നിയമിക്കണ് കലാകായിക രംഗത്ത് ഈ പഞ്ചായത്തിൽ വളരെയേറെ കുട്ടികൾ കടന്നുവരുന്നുണ്ട്. ഇതിനു ഉദാഹരണം കാൽവരിമൗണ്ട് ഹൈസ്കൂളാണ്. സംസ്ഥാനത്തെ സ്കൂൾ കായികമേളയിൽ ഏറ്റവും കൂടുതൽ പോയിൻറ് ലഭിച്ച രണ്ടാമത്തെ സ്കൂളാണ് കാൽവരിമൗണ്ട്, കാൽവരി H.S.

പാഠ്യേതര പ്രവർത്തനങ്ങൾ

പാഠ്യേതര പ്രവർത്തനങ്ങളിൽ കാമാക്ഷി പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും ഏറെ പിന്നിലാണ്. എല്ലാസ്കൂലിലും സ്കൗട്ട് ആൻറ് ഗൈഡ് ആരംഭിക്കുക. നിലവിൽ തങ്കമണിL.P.Sലും H.S.ലും മാത്രമേ ഇതിനു സൗകര്യമുള്ളു. വർഷത്തിൽ 5 ദിവസമെങ്കിലും സേവന ദിനമായി സ്കൂളുകളിൽ ആചരിക്കുക. അന്നേ വർദ്ധിപ്പിക്കാൻ സാധിക്കും. എല്ലാ സ്കൂലുകളിലും കാർഷിക ക്ലബുകൾ രൂപീകരിക്കുകയും പ്രവർത്തനം

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			അനദ്ധ്യാപകർ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	———
H.S.	16	25	41	438	480	918	9
U.P.S	17	18	35	571	487	1058	4
L.P.S.	15	21	36	614	599	1213	———
ആകെ	48	64	112	1623	1566	3189	13

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

			സ്കൂളുകളുടെ എണ്ണം													
വാർഡ്	H.S		U.P.S.		L.P.S			നേഴ്സറി	സാങ്കേതിക വിദ്യാലയങ്ങൾ (Type,Computer& Tailoring)		കോളേജുകൾ		ഇംഗ്ലീഷ് മീഡിയം	പാരലൽ കോളേജ്		
	എയിഡ്സ്	ആകെ	സർക്കാർ	എയിഡ്സ്	ആകെ	എയിഡ്സ്	അൺ എയിഡ്സ്	സംഖ്യ	സംഖ്യ	ആകെ	സംഖ്യ	ആകെ	സംഖ്യ	ഗവൺമെന്റ് സ്കൂൾ	ഗവൺമെന്റ് കോളേജ്	ഗവൺമെന്റ് സ്കൂൾ/കോളേജ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
I	—	—	—	—	—	—	—	—	—	—	—	—	—	—	—	—
II	—	—	—	—	—	—	—	—	—	—	—	—	—	—	—	—
III	1	1	—	1	1	1	—	—	2	2	—	—	—	—	—	—
IV	—	—	1	—	1	—	—	—	4	4	—	—	1	—	—	—
V	—	—	—	1	1	1	—	1	—	—	—	—	—	—	—	—
VI	—	—	—	—	—	—	1	—	—	—	—	—	—	—	—	—
VII	—	—	—	1	1	1	—	1	—	—	—	—	—	—	—	—
VIII	—	—	—	—	—	—	—	—	—	—	—	—	—	—	—	—
IX	1	1	—	—	1	—	1	2	2	—	—	—	—	2	2	3
X	—	—	—	—	—	—	—	—	—	—	—	—	—	—	—	—
ആകെ	2	2	1	3	4	5	1	3	8	8	—	—	1	2	2	3

കാമാക്ഷി ഗ്രാമ പഞ്ചായത്തിലെ
സ്കൂൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	130	146	276	5	7	12
II	163	149	312	13	12	25
III	164	158	322	7	11	18
IV	157	146	303	9	4	13
V	176	144	320	10	8	18
VI	192	172	364	13	8	21
VII	203	171	374	9	9	18
VIII	161	156	317	5	8	13
IX	148	157	305	5	4	9
X	129	167	296	8	5	13
ആകെ						

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
സ്കൂളുകളുടെ ഭൗതിക സാഹചര്യവിവരം

	കെട്ടിടങ്ങളുടെ എണ്ണം മുറികളുടെ എണ്ണം														
സ്കൂളിന്റെ പേര്	ആകെ ഡിവിഷൻ	സ്ഥിരം	അർദ്ധ സ്ഥിരം	മുറികളുടെ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം	നിലവിലുള്ള മൂത്രപ്പുര ഒരേ സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	മൂത്രപ്പുരകളുടെ എണ്ണം	ആവശ്യമുള്ളവയുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	കക്കൂസ് ആവശ്യമുള്ളത്(എണ്ണം)	കുടിവെള്ള സംവിധാനം	വൈദ്യുതി	പാചകമുറി	സ്റ്റാഫ് റൂം	സ്കൂൾ പരിസരിച്ചുകൂടി ആവശ്യം വേണ്ടത് (ഡെസ്ക്, ബഞ്ച്, കസേര,മേശ etc.)
1	2	3	4	5	6	7	8	9	10	11	12	13	14	15	16
St. തോമസ് എൽ.പി.എസ് തങ്കമണി	11	2		1		ഇല്ല		2	ഇല്ല	2	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	72
St.ജോസഫ്സ് എൽ.പി.എസ് പാണ്ടിപ്പാറ	4	1	1		1	ഇല്ല		2	ഇല്ല	2	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	69
കാൽവരിഎൽ.പി.എസ് കാൽവരി മൗണ്ട്	8	1		2		ഇല്ല		2	1	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	47
St. മേരീസ് എൽ.പി.എസ് ഉദയഗിരി	8	1		2		1	10		ഇല്ല	2	താൽക്കാലികം	ഉണ്ട്	ഉണ്ട്	ഉണ്ട്	50
St. സേവ്യേഴ്സ്എൽ.പി.എസ് നെല്ലിപ്പാറ	4	1		1		ഇല്ല		1	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20
ഗവ.യു.പി.എസ് തങ്കമണി, കാമാക്ഷി	8	2		1		2	10		2		ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	60
St. ജോസഫ് യു.പി.എസ് പാണ്ടിപ്പാറ	6	1		3		ഇല്ല		2	ഇല്ല	2	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	32
കാൽവരി യു.പി.എസ് കാൽവരി മൗണ്ട്	8	1		5	1	1	4	2	1	1	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	44
St. മേരീസ് യു..പി.എസ് ഉദയഗിരി	9	2		3		ഇല്ല		2	ഇല്ല	2	താൽക്കാലികം	ഉണ്ട്	ഉണ്ട്	ഉണ്ട്	40
St. തോമസ് എച്ച്. എസ് തങ്കമണി	14	4		2		2	10	2	5		ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	60
കാൽവരി എച്ച്. .എസ് കാൽവരി മൗണ്ട്	10	1		3		1	8	1	1	1	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	32

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
സ്കൂളുകളുടെ അക്കാഡമിക് സൗകര്യങ്ങൾ

				ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ (എണ്ണം)				ബ്ലാക്ക് ബോർഡ്			
സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല	ലാബറട്ടറി ഉണ്ട്/ ഇല്ല	പഠനോപകരണങ്ങൾ (മാപ്പുകൾ, ഗ്ലോബുകൾ, ചാർട്ടുകൾ) വേണ്ടത ഉണ്ട്/ഇല്ല	റേഡിയോ	ടേപ്പ് റെക്കോർഡർ	ടി.വി. സെറ്റ്	95-'96ൽ ലഭിച അധ്യയന ദിവസം	ആവശ്യമുള്ളത്	നിലവിലുള്ളത്	മാതൃസംഗമം ഉണ്ട് / ഇല്ല	സ്കൂൾ റൂം പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല
1	2	3	4	5	6	7	8	9	10	11	12
St. തോമസ് എൽ.പി.എസ് തങ്കമണി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	195	4	11	ഉണ്ട്	ഉണ്ട്
St.ജോസഫ്സ് എൽ.പി.എസ് പാണ്ടിപ്പാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	196	2	4	ഉണ്ട്	ഉണ്ട്
കാൽവരിഎൽ.പി.എസ് കാൽവരി മൗണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	196	4	8	ഉണ്ട്	ഉണ്ട്
St. മേരീസ് എൽ.പി.എസ് ഉദയഗിരി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	194	4	8	ഉണ്ട്	ഉണ്ട്
St. സേവ്യേഴ്സ്എൽ.പി.എസ് നെല്ലിപ്പാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	194	2	4	ഉണ്ട്	ഉണ്ട്
ഗവ.യു.പി.എസ് തങ്കമണി, കാമാക്ഷി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	198	3	8	ഉണ്ട്	ഉണ്ട്
St. ജോസഫ് യു.പി.എസ് പാണ്ടിപ്പാറ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	196	4	6	ഉണ്ട്	ഉണ്ട്
കാൽവരി യു.പി.എസ് കാൽവരി മൗണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	194	—	8	ഉണ്ട്	ഉണ്ട്
St. മേരീസ് യു..പി.എസ് ഉദയഗിരി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	194	4	9	ഉണ്ട്	ഉണ്ട്
St. തോമസ് എച്ച്. എസ് തങ്കമണി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	200	5	14	ഉണ്ട്	ഉണ്ട്
കാൽവരി എച്ച്. .എസ് കാൽവരി മൗണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	194	—	10	ഉണ്ട്	ഉണ്ട്

കാമാക്ഷി ഗ്രാമ പഞ്ചായത്ത്

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസഗ്രാൻറ് ലഭിക്കുന്ന കുട്ടികളുടെ എണ്ണം	വികലാംഗ സ്കോളർഷിപ്പ് ലഭിക്കുന്നകുട്ടികളുടെ എണ്ണം
1	2	3	4	5
1	St. തോമസ് എൽ.പി.എസ് തങ്കമണി	—	22	1
2	St.ജോസഫ്സ് എൽ.പി.എസ് പാണ്ടിപ്പാറ	—	16	1
3	കാൽവരിഎൽ.പി.എസ് കാൽവരി മൗണ്ട്	—	21	———
4	St. മേരീസ് എൽ.പി.എസ് ഉദയഗിരി	1	2	———
5	St. സേവ്യേഴ്സ്എൽ.പി.എസ് നെല്ലിപ്പാറ	15	—	———
6	ഗവ.യു.പി.എസ് തങ്കമണി, കാമാക്ഷി	4	46	5
7	St. ജോസഫ് യു.പി.എസ് പാണ്ടിപ്പാറ	11	1	
8	കാൽവരി യു.പി.എസ് കാൽവരി മൗണ്ട്	5	14	2
9	St. മേരീസ് യു..പി.എസ് ഉദയഗിരി	1	4	1
10	St. തോമസ് എച്ച്. എസ് തങ്കമണി	5	42	2
11	കാൽവരി എച്ച്. .എസ് കാൽവരി മൗണ്ട്	—	22	1

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
സ്കൂളുകളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ

	ചെലവ്								വരവ് A			വരവ് B				
സ്കൂളിന്റെ പേര്	കെട്ടിടത്തിന്റെ അറ്റകുറ്റപണിക്ക് Rs.	ഉപകരണങ്ങളുടെ അറ്റകുറ്റപണിക്ക് Rs.	ഉപകരണങ്ങൾ രാസവസ്തു ഉപയോഗത്തിനുള്ള സാധനങ്ങൾ Rs.	സ്പോർട്സ് Rs.	കലാവിനോദങ്ങൾ Rs.	ലൈബ്രറികൾക്ക് Rs.	ഉച്ചക്കഞ്ഞിക്ക് Rs.	മറ്റിനങ്ങൾക്ക് Rs.	സർക്കാർ Rs.	തദ്ദേശസ്വയംഭരണം Rs.	ആകെ Rs.	ഫീസിനത്തിൽ Rs.	എൻഡോവ്മെന്റ് Rs.	പി.ടി.എ. ഫണ്ട് Rs.	മറ്റുമാർഗ്ഗത്തിലുള്ള വരവ് Rs.	ആകെ വരവ് Rs.
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
St. തോമസ് എൽ.പി.എസ് തങ്കമണി		1000	100	1000	10000		8000	1000		1852						
St.ജോസഫ്സ് എൽ.പി.എസ് പാണ്ടിപ്പാറ	1500	500	100	1000	500		3000	500	1288	679		200		500		
കാൽവരിഎൽ.പി.എസ് കാൽവരി മൗണ്ട്	3000	1000	200	850	3400	300	6250	750	2940	1536				660		
St. മേരീസ് എൽ.പി.എസ് ഉദയഗിരി	2400	200					3000	200		1166		981	400	1000	1000.50	
St. സേവ്യേഴ്സ്എൽ.പി.എസ് നെല്ലിപ്പാറ	500	250	50	100	100		3000	150				200		400		
ഗവ.യു.പി.എസ് തങ്കമണി, കാമാക്ഷി							5702		1561	796				1275		
St. ജോസഫ് യു.പി.എസ് പാണ്ടിപ്പാറ	2000	500	150	1000	1000	1500	3612	1000	2000	1000		243		1000		
കാൽവരി യു.പി.എസ് കാൽവരി മൗണ്ട്	2000	1000	250	1500	3000	1000	3612	1000	2000	1000		340		1000		
St. മേരീസ് യു..പി.എസ് ഉദയഗിരി	1500	275					3612	300		1000		1000.55	600	1300	1177.00	
St. തോമസ് എച്ച്. എസ് തങ്കമണി	1950	900	2500	2500	2500	4500			710			2874				
കാൽവരി എച്ച്. .എസ് കാൽവരി മൗണ്ട്	8000	2000	150	25000	2500	8000		1000				2989		10515		

ഊർജ്ജിതമാക്കുകയും ചെയ്യുക, ഇവരെയെല്ലാം യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം കൊടുക്കു. കുട്ടികളിൽ വാർഷിക വിളകൾ കൃഷിചെയ്യുന്നതിനുള്ള കഴിവ് വളർത്തി എടുക്കുക. ഓരോ വർഷവും പഞ്ചായത്തിൽ നടത്തുന്ന കാർഷിക മേളയിൽ കുട്ടികൾക്കുവേണ്ടി പ്രത്യേകമത്സരം നടത്തുക. ഇതുപോലെ തന്നെ സ്കൂളുകളിൽ സയൻസ് ക്ലബ്ബ് ഹൈൽത്ത് ക്ലബ്ബ് തുടങ്ങിയവ രൂപീകരിക്കു.

സമാന്തര വിദ്യാലയങ്ങൾ

കാമാക്ഷി പഞ്ചായത്തിൽ തങ്കമണി കേന്ദ്രമായി IX-ാം വാർഡിൽ രണ്ടു പാരലൽ കോളേജുകൾ നിലവിലുണ്ട്. 4,6,7 എന്നീ വർഡുകളിൽ ഓരോ നിലത്തെഴുത്ത് കളരിയും 5,6,7 എന്നീ വാർഡുകളിൽ കോൺവെൻറുക ളോടനുബന്ധിച്ച് നേഴ്സറി സ്കൂളുകലും പ്രവർത്തിക്കുന്നുണ്ട്. കരിക്കിൽ മേടിൽ C.S.I ചർച്ചിൻെറ കീഴിൽ ഒരു അൺ എയ്ഡ്സ് എ.ൽപി. സ്കൂൾ പ്രവർത്തിക്കുന്നു. 9-ാംവാർഡിൽഒരു ട്യൂഷൻ സെൻററും 4-ാം വാർഡിൽ ഒരു ഇംഗ്ലീഷ്മീഡിയം സ്കൂളും നിലവിലുണ്ട്.

സാങ്കേതിക വിദ്യാഭ്യാസം.

ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസൗ സൗകര്യത്തിന് ഗവൺമെൻരു തലത്തിൽ ഒരു സ്ഥാപനവുമില്ല. കാൽവരി ടൗണിൽ സാന്തിഗ്രാം ടെയ്ലറിം ഇൻസ്റ്റിറ്റ്യൂട്ട് പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുക. തങ്കമണിയിൽ ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ട്. മൂന്ന് ടെയ്ലറിം ഇൻസ്ട്രിറ്റ്യൂട്ട് രണ്ട് ടൈപ്പ് റൈറ്റിം ഇൻസ്റ്റിറ്റ്യൂട്ടും കംപ്യൂട്ടർ വിദ്യാഭ്യാസത്തിന് സോപ്റ്റ് ടെക് കംപ്യൂട്ടേഴ്സ് എന്ന ഒരു സ്ഥാപനവും തങ്കമണിയിൽ പ്രവർത്തിക്കുന്നു.

ആവശ്യങ്ങൾ

ഈ പഞ്ചായത്തിലാകെ 21 അംഗണവാടികൾ ഉണ്ട് എന്നാൽ എല്ലാ വർഡുകലിലും ആവശ്യത്തിന് അംഗണവാടികൾ നിലവിലില്ല. ഈട്ടിക്കവല അംഗണവാടിക്ക് നിലവിൽ കെട്ടിടമില്ല. കെട്ടിടം ഉള്ള അംഗണവാടികളുള കെട്ടിടം ബലക്ഷയം സംഭിച്ചതാണ്. രണ്ടാം വാർഡി വെള്ളിയാംകല്ല് നെല്ലിപ്പാറ എന്നിവിടങ്ങളിലും 4- വാർഡിൽ 1ഉം അഞ്ചാംവാർഡിൽ പാണിപ്പാറ അന്ലഭാഗം എന്നിവിടങ്ങലിലും ആറാം വാർഡിൽ 1 ഉം 7ാം 1 ഉം 8ാം വാർഡിൽ 3ഉം 9 ാം വാർഡിൽ ഇരുട്ടുകൂട്ടിയിലും 10ാം വാർഡിൽ രണ്ടും അംഗണവാടികൾ അടിയന്തിരമായി അനുവദിക്കണം.

6-ാം വാർഡിൽ കരിക്കിൽമേട് കേന്ദ്രമാക്കി C.S.I ചർച്ചിൻെറമാനേജ്മെൻർ ഒരു L.P സ്കൂൾ ആരംഭിക്കു. അമ്പലമേട്ടിൽ 1 ഉം പാറക്കടവിൽ S.N.D.P ഗുരുമന്ദിരത്തോടനുബന്ദിച്ച് ഒന്നും താഴത്തുനീലിവയലിൽ പള്ലിഭാരം കേന്ദ്രീകിരച്ച് ഒന്നും പുഷ്പഗിരിയിൽ 1ഉ L.P. സ്കൂളുകൾ അടിയന്തിരമായി ആരംഭിക്കുക.

നെല്ലിപ്പാറ L.P സ്കൂൾ അപ്ഗ്രേഡ് ചെയ്യുക. ഉദയഗിരിയിൽ ഹൈസ്കൂൾ അനുവദികൃകുക. കാമാക്ഷി യു.പി. സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻണ്ടറി ആരംഭിക്കുക. ഉദയഗിരിയിൽ ഒരു I.T.I സ്ഥാപിക്കുക. മേരിഗിരിയിൽ ഒരു J.T.S ആരംഭിക്കുക. പാമ്പിപ്പാറയിൽ ഒരു കംപ്യൂട്ടർ കോളേജ് (B.C.A) ആരംഭിക്കുക. ഫർണിച്ചർ നിർമ്മാണത്തിനു പരിശീലനം കൊടുക്കുന്ന ഒരു സ്ഥാപനം പഞ്ചായത്തിൻെറ ഏതെങ്കിലും മേഖലയിലൽ സ്ഥാപിക്കുക. തങ്കമണി ഹൈസ്കൂളിലും കാൽവരിഹൈസ്ക്കൂളിലും ഹയർ സെക്കണ്ടറി കോവ്സ ആരംഭിക്കുക. തങ്കമണി കേന്ദ്രമാക്കി ഒരു ആർട്ട്സ് ആൻറ് സയൻസ് കോളേജും ആകൽവരിമൗണ്ട് കേന്ദ്രമാക്കി ഒരു ഡയറി സയൻസ് കോളേജും ആരംഭിക്കു. കാമാക്ഷി കേന്ദ്രമാക്കി ഒരു കാർഷിക പരിശീലന കേന്ദ്രം ആരംഭിക്കുക. കാൽവരിമൗണ്ടിൽ ഒരു സ്പോർട്ട്സ് സ്കൂൾ സ്ഥാപിക്കുക.

സാശ്രയ കലാകേന്ദ്രം.

കാമാക്ഷി പഞ്ചായത്തിലെ കലാകാരന്മാരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും അഭ്യസിക്കുന്നതി നുമായി പഞ്ചായത്തിൻെറ നേത്യത്വത്തിൽ ഒരു സ്വാശ്രയകലാകേന്ദ്രം (സംഗീതം, നൃത്തം, അഭിനയം) ആരംഭിക്കുക.

നിർദ്ദേശങ്ങൾ

അംഗണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽപെടുന്ന കുടിവെള്ളം, കക്കൂസ്,

മൂത്രപ്പുര, കളിസ്ഥലം, കലിപ്പാട്ടങ്ങൾ, കഞ്ഞിപ്പുര, ഫർണിച്ചർ തുടങ്ങിയവ ഇല്ല. എത്രയും വേഗം ഈ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള നടപടിയുണ്ടാവണം.

ഈ പഞ്ചായത്തിലെ സ്കൂളുകളി എവിദ്യാഭ്യാസനിലവാരം പരിശോധിച്ചപ്പോൾ S.S.L.C വരെയുള്ള ക്ലാസ്സുകലിൽ 30% താഴെ മാത്രം മാത്രം മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾ 20%വും 30 മുതൽ 50 ശതമാനവും വരെ 55 ശതമാനം വരെ 55 ശതമാനം വിദ്യാർത്ഥികളും 50 മുതൽ 60 വരെ 15 ശതമാനവും 60-തിന് മുഖളിൽ 10ശതമാനവും മാർക്കു വാങ്ങുന്നതിനായി കാണുന്നു. ഇതിൽ നിന്നും മനസിലാവുന്നത് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം വളരെ പിന്നോട്ടാണ്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് അദ്ധ്യാപകർ, രക്ഷകർത്താക്കൾ, സ്കൂൾമാനേജ്മെൻർ, പഞ്ചായത്ത്, സർക്കാർ എന്നിവർ കൂട്ടായി പ്രവർത്തിക്കണം.

താഴ്ന്ന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികലിൽ പ്രത്യേക പരിശീലനം നല്കുന്നതിന് അദ്ധ്യാപകർ മുന്നോട്ടുവരണം. വിദ്യാഭ്യാസത്തിൻെറ പ്രധാന്യം ബോദ്യമാകാത്ത രക്ഷിതാക്കളെ ആദ്ധ്യാപകരും സന്നദ്ധപ്രവർത്തകരും നേരിൽക്കണ്ട് അവരെ തങ്ങളുടെ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിന് ആവശ്യമായ പ്രവർത്തനം സംഘടിപ്പിക്കണം. ഹൈസ്കൂൾ തലത്തിൽ വരുമ്പോൾ പോലും അക്ഷരം ശരിക്കും അറിയാത്ത നിരവധി വിദ്യാർത്ഥികളുണ്ട്. പ്രൈമറി തലം മുതൽ അക്ഷരഭ്യാസം ഉറപ്പുവരുത്താൻ അദ്ധ്യാപകർ ശ്രദ്ധിക്കണം. സാമ്പത്തി പിന്നോക്കാവസ്ഥയും പോഷണക്കുറവും രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവും സ്കൂളുകൾ തമ്മിലുള്ള അകലവും വിദ്യാഭ്യാള്ള നിലവാരം കുറയുവാൻ കാരണമാകുന്നു. ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലെ കവിഞ്ഞ 4 വർഷത്തെ S.S.L.C വിജയശതമാനം പരിശോധിച്ചതിൽ നിന്ന് തങ്കമണി സെൻര് തോമസ് ഹൈസ്കൂളിലെ വിജയശതമാനം അല്പം വർദ്ധിക്കുകയും കാൽവരിമൗണ്ട് ഹൈസ്കൂളിലെ കുറയുകയും ചെയ്തു. തങ്കമണി ഹൈസ്ക്കൂളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ ഇവർ ശ്രമിച്ചാൽ 80 ശതമാനത്തിനു മുകളിൽ വിജയശതമാനം നേടിയെടുക്കാൻ കവിയുന്നതാണ്. കാൽവരിമൗണ്ട് ഹൈസ്കൂളിലെ റിസൽട്ട് ശ്രമിച്ചാൽ 90 ശതമാനത്തിനുമുകലിൽ കൊണ്ടുവരാൻ കവിയുന്നതാണ്. ഉയർന്ന മാർക്കു നെടുന്ന വിദ്യാർത്ഥികളെ ആദരിക്കുകയും തുടർ വിദ്യാഭ്യസത്തിനുവേണ്ടി പഞ്ചായത്തിൽ നിന്നും നിശ്ചിത തുക ധനസഹായമായി വർഷംതോറും നല്കണം. ഈ സ്കൂളുകളിലെ S.S.L.C യ്ക്കു ശേഷം ഉന്നത വിദ്യാഭ്യാസത്തിനണ വേണ്ടി ഈ പഞ്ചായത്തിൽ യാതൊരു സൗകര്യമില്ലാത്തത് പല വിദ്യാർത്ഥികൾക്കതും പഠനം അവസാനിപ്പിക്കുന്നതിന് കാരണമാകുന്നു. ഉന്നത വിദ്യാഭ്യാസത്തിന് പൂർണ്ണമായും മറ്റു സ്ഥലങ്ങളിലേക്ക് പോകേണ്ട ഗതികേടാണ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കുള്ളത്. P.T.Aയുടെ കമ്മറ്റികളിൽ രാഷ്ട്രീപാർട്ടിപ്രവർത്തകർ കടന്നുവരുന്നത് പലപ്പോഴും P.T.A യുടെ പ്രവർത്തനത്തിനും സ്കൂളിൻെറ മറ്റ് പ്രവർൾത്തനങ്ങൾക്കും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഈ പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടികൾ ഇതു മനസിലാക്കി. ഈ വക പ്രവർത്തനങ്ങൾക്ക് സമയവും താല്പര്യവും ഉള്ള ആളുകളെ കണ്ടെത്തുന്നതിന് സഹായിക്കേണ്ടതാണ്.

കാമാക്ഷി ഗവ. സ്കൂളിന് അടിയന്തിരമായി ചുറ്റുമതിൽ തിരിക്കുകയു കളിസ്ഥലം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്ത് വക ഒരു കിണർ സ്കൂളിന് സമീപം ഉണ്ട്. അവിടെ നിന്നും കുറഞ്ഞ ചെലവിൽ മോട്ടർവച്ച് ടാങ്ക് തീർത്ത് സ്കൂളിൽ വെള്ളം എത്തിക്കാൻ സൗകര്യമുണ്ടാക്കണം. കാൽവരിമൗണ്ട് ഹൈസ്കൂളിനോടനുബന്ധിച്ച് കായിക പരിശീലനത്തിനുള്ള ആൺകുട്ടികൾക്ക് താമസിക്കുവാൻ ഒരു ഒരു സ്പോർട്ട്സ് ഹോസ്റ്റൽ സ്ഥാപിക്കണ്. പാണ്ടിപ്പാറ സ്കൂൾ കെട്ടിടം പുതുക്കിപ്പണിയണ്. അതുപോലെ തന്നെ കുട്ടികൾക്ക് മതിയാക കളിസ്ഥലം ഇല്ല. അടിയന്തിരമായി ഇതിന് പരിഹാരം ഉണ്ടാക്കണം. ഉദയഗിരി സ്കൂളിൽ നിലവിലുള്ള കുടിവെള്ള സംവിധാനം പുനർ ക്രമീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

സ്കൂളുകളിൽ ഉച്ചക്കഞ്ഞിയ്ക്കായ് പഞ്ചായത്തിൽ നിന്നും ഇപ്പോൾ നല്കുന്ന തുക വളരെ തുച്ഛമാണ്. തുക വർദ്ധിപ്പിക്കേണ്ടത് ഉച്ചക്കഞ്ഞി വിതരണത്തിന് അനിവാര്യമാണ്.

അദ്ധ്യാപകർ വർഷത്തിലൊരു പ്രാവിശ്യമെങ്കിലും തങ്ങലുടെ കുട്ടികളുടെ ഭവനം സന്ദർശിക്കുയും കുട്ടികലുടെ വിദ്യാഭ്യസം നിലവാരത്തെക്കുറിച്ച് മാതാപിതാക്കളോട് സംസാരിക്കുകയും ആ കുടുംബങ്ങളുമായി ഒരു ബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്യണം. സെൻസസ് പോലുള്ള പ്രവർത്തനത്തിന് അധ്യന ദിവസങ്ങളിൽ അദ്ധ്യാപകരെ ഒഴിവാക്കണം. P.T.A യുടെ നേതൃത്വത്തിൽ ഉച്ചക്കഞ്ഞി മുതലായവ ആവശ്യങ്ങൾക്ക് തുക കണ്ടെത്തുകയും വിദ്യാർത്ഥികൾ ഇത്തരം ആവശ്യത്തിന് ഉള്ള തുക നിർബന്ധമായും കൊണ്ടുവരണം എന്നുള്ള വ്യവസ്ഥിതി അവസാനിപ്പിക്കണം.

സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, കളിസ്ഥലം, മൂത്രപ്പുര, ലൈബ്രറി, പഠനോപകരണങ്ങൾ, ഫർണിച്ചർ, കെട്ടിടങ്ങളുടെ ബലക്ഷയം പരിഹരിക്കുക, ഗതാഗതസൗകര്യം ഇല്ലായ്മ പരിഹരിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുക.

നിർദ്ധനരായ കുട്ടികൾക്ക് യൂണിഫോം പഠനസാമഗ്രികൾ മുതലായവ വിതരണം ചെയ്യണം. ഉച്ചക്കഞ്ഞി ഹൈസ്കൂൾ തലത്തിലേയ്ക്കും വ്യാപിപ്പിക്കണം. സ്കൂളുകലിൽ ഗ്രേഡിംഗ് സമ്പ്രദായം ആരംഭിക്കണം. ലാബ് സൗകര്യം സാങ്കേതിക വിദ്യ അഭ്യസിച്ചവർക്ക് തൊഴിൽ പരിശീലനം സംരംഭങ്ങൾ ആരംഭിക്കാനുള്ള ധനസഹായം നൽകുകയും വേണം.

അനൗപചാരിക വിദ്യാഭ്യാസം

കാമാക്ഷി പഞ്ചായത്തലെ പ്രധാന അനൗപചാരിക വിദ്യാഭ്യാസമേഖല വായനശാലകളാണ്. ഈ പഞ്ചായത്തിൽ 7 വായനശാലകൾ നിലവിലുണ്ട്. കാമാക്ഷിയിൽ സ്ഥാപിച്ച മഹാത്മാഗാന്ധി മെമ്മോരിയൽ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായനശാല. പിന്നീട് ഇത് സഹൃദയാ ലൈബ്രറിയായി പരിണമിച്ചു.

നിലവിലുള്ള വായനസാലകളിൽ പുസ്തകങ്ഹൾ കുറവാണ്. പഞ്ചായത്തിൽ റഫറൻസ് വായനശാലകളുടെ അഭാവം വ്യക്തമാണ്. എല്ലാ മേഘലകളിലും വായനശാലകൾ ഇല്ല. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കണ്ടെത്തണം.



ദേശീയ സ്കൂൾ കായികമേളയിൽ മൂവായിരം മീറ്റർ ഓട്ടത്തിൽ സ്വർണ്ണവും 1500;800 മീറ്റർ ഓട്ടത്തിൽ വെള്ളിയും സംസ്ഥാന സ്കൂൾ കായികമേളയിൽ 800, 1500, 3000 മീറ്റർ ഓട്ടത്തിൽ സ്വർണ്ണമെഡലുകളും നേടിയ ബിനോയി തോമസ്, കാൽവരി മൗണ്ട് ഹൈസ്ക്കൂൾ.

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
സ്കൂളുകളിലെ കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

		ജില്ലാതലത്തിൽ			സംസ്ഥാനതലത്തിൽ			ദേശീയതലത്തിൽ		
സ്കൂളിന്റെ പേര്	ഇനവിവരം	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
St. തോമസ് എൽ.പി.എസ് തങ്കമണി	സ്പോർട്സ്	2	1	3						
	ആർട്സ്	1	4	5						
	പ്രവൃത്തി പരിചയം	—	—	—						
St. ജോസഫ്സ് എൽ.പി. എസ് പാണ്ടിപ്പാറ	സ്പോർട്സ്	2	0	2						
	ആർട്സ്	0	1	1						
	പ്രവൃത്തി പരിചയം	2	2	4						
കാൽവരി എൽ.പി.എസ് കാൽവരിമൗണ്ട്	സ്പോർട്സ്	3	2	5						
	ആർട്സ്	4	9	13						
	പ്രവൃത്തി പരിചയം	—	—	—						
St. മേരീസ് എൽ.പി.എസ് ഉദയഗിരി	സ്പോർട്സ്	—	—	—						
	ആർട്സ്	—	—	—						
	പ്രവൃത്തി പരിചയം	—	—	—						
St. സേവ്യേഴ്സ് എൽ.പി. എസ് നെല്ലിപ്പാറ	സ്പോർട്സ്									
	ആർട്സ്									
	പ്രവൃത്തി പരിചയം									
ഗവ.യു.പി.എസ് തങ്കമണി, കാമാക്ഷി	സ്പോർട്സ്									
	ആർട്സ്									
	പ്രവൃത്തി പരിചയം									

St. ജോസഫ്സ് യു.പി. എസ് പാണ്ടിപ്പാറ	സ്പോർട്സ്	2	0	2						
	ആർട്സ്	0	2	2						
	പ്രവൃത്തി പരിചയം	3	2	5						
കാൽവരി യു.പി.എസ് കാൽവരിമൗണ്ട്	സ്പോർട്സ്	12	8	20						
	ആർട്സ്	10	10	20						
	പ്രവൃത്തി പരിചയം	—	—	—						
St. മേരീസ് യു.പി.എസ് ഉദയഗിരി	സ്പോർട്സ്	—	—	—						
	ആർട്സ്	—	—	—						
	പ്രവൃത്തി പരിചയം	—	—	—						
St. തോമസ് എച്ച്.എസ് തങ്കമണി	സ്പോർട്സ്	2	4	6						
	ആർട്സ്	5	3	8						
	മാത്സ്,സയൻസ്	—	—	—						
കാൽവരി എച്ച്.എസ് കാൽവരിമൗണ്ട്	സ്പോർട്സ്	13	12	25	4	6	10	2	2	4
	ആർട്സ്	20	19	39	—	—	—	—	—	—
	മാത്സ്	11	—	11	—	—	—	—	—	—

IV കുടിവെള്ളവും പൊതുജനാരോഗ്യവും

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ പത്തുവാർഡുകളിലുംപ്പെട്ട ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. പല സ്ഥലങ്ങളിലും ജലലഭ്യത അനുസരിച്ച് കുളങ്ങളും കിണറുകളും പല പദ്ധതികളിൽപ്പെടുത്തി ബഹുമാനപ്പെട്ട ഗവൺമെന്റിൽ നിന്നും പഞ്ചായത്തു മുഖേനയും തീർത്തിട്ടുണ്ടെങ്കിലും ഉയർന്നപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വെള്ളം എത്തിച്ചു കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ പഞ്ചായത്തിലെ ജലസ്രോതസുകൾ ഉള്ള താഴ്ന്ന പ്രദേശങ്ങളിൽ തോടുകളിൽ തടയണകളും ചെക്ക്ഡാമുകളും, തീർക്കുകയും കുറെപ്രദേശങ്ങളിൽ കിണറുകളും കുഴൽക്കിണറുകളും തീർക്കുകയും ചെയ്യുക. താഴ്ന്ന പ്രദേശങ്ങളിലെ തോടുകളിലും കിണറുകളിലും കുളങ്ങളിലും സംഭരിക്കുന്ന ജലം മോട്ടോർ ഉപയോഗിച്ച് കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഉയർന്നപ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് ജലം എത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ 50% പേർ ദാരിദ്യ രേഖയ്ക്ക് താഴെയുള്ളവരാണ്. 20% വരുന്ന ആളുകൾ പുല്ലുമേഞ്ഞ ചെറുവീടുകളിൽ കഴിയുന്നവരാണ്. ആരോഗ്യപരിപാലനത്തിന് ആവശ്യം വേണ്ട കക്കൂസ് മുതലായ സൗകര്യങ്ങൾ 80% പേർക്കും ഇല്ലാത്തവരാണ്.

1979-80 കാലഘട്ടത്തിൽ തങ്കമണി പള്ളിവക സ്ഥലം കാമാക്ഷി ഗവ: റൂറൽ ഡിസ്പൻസറിക്ക്വേണ്ടി വിട്ടുകൊടുക്കുകയുണ്ടായി. കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട പണം ബഹു: ഗവൺമെന്റിൽനിന്നും ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ആശുപത്രിനിർമ്മാണത്തിന് നേതൃത്വം നൽകി കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ അന്നത്തെ തങ്കമണി പള്ളി വികാരിയായിരുന്ന ബഹുമാനപ്പെട്ട റവ:ഫാ. ജോസഫ് കോയിക്കക്കുടിയെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

നിർദ്ദേശങ്ങൾ

1. കുടിലുകളിൽ കഴിയുന്ന 20% ആളുകൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നൽകുക.
2. പഞ്ചായത്തിലെ, കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ഭാഗികമായും, അർഹരായവർക്ക് പൂർണ്ണമായും ധനസഹായം നൽകുക.
3. ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ പത്തുവാർഡിലും ഓരോ ഹെൽത്ത് സെന്ററും ആവശ്യമായ മരുന്നും, സ്റ്റാഫിനേയും നിയമിക്കുക.
4. ഹെൽത്ത് സെന്ററുകളിൽ മാസത്തിലൊരിക്കൽ ഡോക്ടർമാർ സന്ദർശിക്കുകയും രോഗികളെ പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
5. മാസത്തിലൊരിക്കൽ വാർഡ് അടിസ്ഥാനത്തിൽ വീട്ടമ്മമാർക്ക് ആരോഗ്യസംരക്ഷണവും ശുചിത്വവും ആസ്പദമാക്കിയുള്ള ബോധവൽകരണ ക്ലാസുകൾ നടത്തുക.
6. കാമാക്ഷി പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് ആവശ്യമായ ഡോക്ടറേയും പ്രത്യേകമായി ഒരു ഗൈനക്കോളജിസ്റ്റിനേയും ആവശ്യമായ സ്റ്റാഫിനേയും നിയമിച്ച് ആവശ്യമായ മരുന്നുകളും മറ്റുപകരണങ്ങളും എത്തിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
7. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഹോമിയോ ആയൂർവേദ മൊബൈൽ ഡിസ്പൻസറികൾ പ്രവർത്തനം ആരംഭിക്കുക.
8. നിലവിലുള്ള കാമാക്ഷി പി. എച്ച് സെന്ററിൽ കൂടുതൽ കിടക്കകളും ആധുനികചികിൽസാ സൗകര്യങ്ങളും (X Ray, Laboratory) ഏർപ്പെടുത്തുകയും നിർദ്ദനരായ രോഗികൾക്ക് ഭക്ഷണവും ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകുകയും ചെയ്യുക.
9. തങ്കമണി ടൗണിൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.
10. ഈ പഞ്ചായത്തിലെ എല്ലാ ഹോട്ടലുകളിലെ പാചകശാലയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
11. പച്ചക്കറി അമിതമായ കീടനാശിനിപ്രയോഗം ഒഴിവാക്കുന്നതിന് വേണ്ട ബോധവൽക്കരണവും കർശനമായ നിയന്ത്രണവും എർപ്പെടുത്തുക.
12. പേവിഷബാധ ഒഴിവാക്കുന്നതിന് അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെയെല്ലാം നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് പഞ്ചായത്തുതലത്തിൽ ലൈസൻസ് നിർബ്ബന്ധമാക്കുകയും പേവിഷബാധക്കെതിരെയുള്ള പ്രതിരോധ വാക്സിൻ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
13. മാർക്കറ്റിൽ വിൽക്കുന്ന മൽസ്യമാംസാദി

കൾക്ക് ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുക.

14. കുടിക്കുവാനും കുളിക്കുവാനും ഉപയോഗിക്കുന്ന ശുദ്ധജലത്തിലേക്ക് മലിനജലം ഒഴുക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരിൽ കർശന നടപടി സ്വീകരിക്കുക.

15. പഞ്ചായത്തിലെ വീടുകളും പരിസരങ്ങളും പൊതുവഴികളും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ബോധവത്കരണ ക്ലാസുകൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

16. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി ഒരു മന്ദിരം സ്ഥാപിക്കുക.

17. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനുപകരിക്കുന്ന പോഷകാഹാരങ്ങളും മരുന്നുകളും വാർഡുതലത്തിലുള്ള ഹെൽത്ത് സെന്റർ വഴി വിതരണം ചെയ്യുക.

18. ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

19. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള എല്ലാ സ്കൂളുകളിലും ശുദ്ധജലം, മൂത്രപ്പുര, കക്കൂസ്, എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. അതോടോപ്പം രോഗപ്രതിരോധ കുത്തിവെയ്പുകൾ നൽകുകയും ചെയ്യുക.

20. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള ചികിൽസാ സ്ഥാപനങ്ങളിൽ നിശ്ചിത യോഗ്യതയുള്ള വരാണോ സേവനം അനുഷ്ടിക്കുന്നതെന്ന് പരിശോധിക്കുക.

21. പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള സൊസൈറ്റികളിൽ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പാൽ മായംകലരാത്തതും ഗുണമേന്മയുള്ളതും ആണെന്നുറപ്പുവരുത്തുകയും ക്ഷീരകർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

22. പഞ്ചായത്തിൽ സമ്പൂർണ മദ്യനിരോധനവും മദ്യത്തിനെതിരെ ബോധവൽകരണവും നടത്തുക.

23. ടൗണിലെ ഓടകളും വെള്ളമൊഴുക്ക് ചാലുകളും ചപ്പുചവറിട്ട് നിറച്ച് ഉപയോഗ്യശൂന്യമാക്കുന്നവർക്കെതിരെ മുന്നറിയിപ്പ് നൽകുകയും നടപടിയെടുക്കുകയും ചെയ്യുക.

24. മാർക്കറ്റ് ലേലം ഏറ്റിട്ടുള്ളവർ അവർ പാകപ്പെടുത്തുകയും വിൽക്കുകയും ചെയ്യുമ്പോൾ കടയും പരിസരവും പരമാവധി വൃത്തിയായി സൂക്ഷിക്കേണ്ടതും അല്ലാത്തപക്ഷം ലൈസൻസ് റദ്ദാക്കേണ്ടതുമാണ്.

25. ചാരായം ഗവ: നിരോധിച്ചിട്ടും, വ്യാജമദ്യം നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്നവരുടെ പേരിൽ കർശനനടപടി സ്വീകരിക്കുക.

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ളപ്രശ്നങ്ങളും ഇവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും.

വാർഡ് -I

അമ്പലമേട്, മൈക്കുകവല, മാളൂർസിറ്റി, പുഷ്പഗിരി, ഇടിഞ്ഞമല അംഗൻവാടി ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് വളരെ ക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി ഉറുമ്പിൽ ശ്രീധരന്റെ പുരയിടത്തിൽ കുളം നിർമ്മിച്ച് പൈപ്പിട്ടാൽ നാച്ചറൽ ആയി വെള്ളം ഇടിഞ്ഞമല പ്രദേശത്ത് എത്തിക്കാം. മൈനർ ഇറിഗേഷൻ പദ്ധതിപ്രകാരം അമ്പലമേട്ടിൽ നിർമ്മിച്ചിരിക്കുന്ന കുളം ശുചിയാക്കി പൈപ്പിട്ടാൽ അമ്പലമേട്, കാമാക്ഷി ഭാഗം വരെയുള്ള സ്ഥലങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാം.

അതുപോലെ കൊച്ചുകാമാക്ഷി, പുഷ്പഗിരി ഭാഗത്ത് കുഴൽകിണറും, കുളവും നിർമ്മിച്ച് കുടിവെള്ളപ്രശ്നം പരിഹരിക്കുക.

വാർഡ് - II

വെള്ളിയാംകല്ല്, കൂട്ടക്കല്ല്, പെരുവന്താനം വാർഡ്, നെല്ലിപ്പാറപള്ളി, ലക്ഷംവിട് കോളനിഭാഗം, മത്തായിപ്പടി, പാറക്കടവ് അമ്പലംഭാഗം എന്നിപ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിച്ചു വരികയാണ്.

ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാവേണ്ടതുണ്ട്. അതിനായി കല്യാണതണ്ടിൽ അനുവദിച്ചിരിക്കുന്ന നാച്ചറൽ വാട്ടർ സപ്ലൈപദ്ധതി നടപ്പിലാക്കിയാൽ എട്ടാംമൈൽ, കരിമ്പൻസിറ്റി, വെളിയാംകല്ല്, കൂട്ടകല്ല്, മുതലായ സ്ഥലങ്ങളിൽ ഇന്നനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

അതുപോലെതന്നെ നെല്ലിപ്പാറ പെരിവന്താനം വാർഡിൽ നിർദ്ദിഷ്ട സ്ഥലത്ത് കുളവും, കറുകത്തറമേട്ടിൽ ടാങ്കും നിർമ്മിച്ച് മോട്ടറും, പമ്പ് സെറ്റും സ്ഥാപിച്ചാൽ പെരിവന്താനം വാർഡ്, ലക്ഷം വീട്കോളനി, പള്ളി, പഴയമംഭാഗം മത്തായിപ്പടി, പാറക്കടവ് അമ്പലംഭാഗം വരെയുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

വാർഡ് - III

എട്ടാംമൈൽ, കൂട്ടക്കല്ല്, മച്ചാൻകവല, കാൽവരിമൗണ്ട്, പള്ളിഭാഗം, ഒൻപതാംമൈൽ, കാൽവരിമൗണ്ട്ടൗൺ, വെള്ളിയാംകല്ല്, മുതലായ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി കല്യാണത്തണ്ട് ജലപദ്ധതിനടപ്പിലാക്കിയാൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ

കഴിയും. അതുപോലെതന്നെ കൂട്ടക്കല്ല്ഭാഗത്ത് പൂവാങ്കൽപുരയിടത്തിൽ കുളം നിർമ്മിച്ചുകൊണ്ട് കാൽവരി മൗണ്ട് പള്ളിഭാഗത്ത് വെള്ളം പമ്പ്ചെയ്തുകയറ്റിയാൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന എല്ലാപ്രദേശങ്ങളിലും വെള്ളം എത്തിക്കാൻ കഴിയും. കൂട്ടക്കല്ല്, മച്ചാൻകവല എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിച്ചുകൊണ്ടും കുടിവെള്ളക്ഷാമം പരിഹരിക്കാം.

വാർഡ് - IV

മൈക്കുകവല, കാറ്റാടികവല, മച്ചാൻകവല, കൂട്ടക്കല്ല്, കാമാക്ഷി പേഴുംകവല അമ്പലമേട്, തങ്കമണിടൗൺ, എന്നിവിടങ്ങളിൽ രൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവിച്ചുവരുന്നു, മച്ചാൻകവല മുതൽ കാറ്റാടികവലവരെയുള്ള പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന്, ഇടയ്ക്കാട്ട് പുത്തൻ വീട്ടിൽപുരയിടത്തിൽ കുളവും, നെല്ലിക്കുന്നേൽ പുരയിടത്തിൽ ടാങ്കും നിർമ്മിച്ച് നാച്ചറലായി വെള്ളം ഈ ടാങ്കിൽ എത്തിക്കാൻ കഴിയും. ഇവിടെനിന്നും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിലേക്ക് ഹോസ് ഉപയോഗിച്ച് വെള്ളം എത്തിക്കാം. മൈക്കു കവല പ്രദേശത്തെ ടാങ്ക് ഉപയോഗപ്രദമാക്കണം, പുന്നത്താനി ജോസഫിന്റെ പുരയിടത്തിലും, ജോൺസൺ വട്ടക്കുന്നിലിന്റെ പുരയിടത്തിലും കുളംനിർമ്മിച്ച് ജലം എത്തിക്കാം. ളാനിത്തോട്ടം ഫ്രാൻസീസിന്റെ പുരയിടത്തിൽ കുളം നിർമ്മിക്കുക, അൽഫോൻസാ നഗറിൽ അടിയന്തരമായി ഒരു കുഴൽക്കിണർ നിർമ്മിക്കുക.

വാർഡ് - V

പാണ്ടിപ്പാറ, കുരിശുപാറഭാഗം, ഈട്ടിക്കവല കോളനിഭാഗം ഈട്ടിക്കവല-ചട്ടിക്കുഴിഭാഗം, പാണ്ടിപ്പാറ-പായ്ക്കാട്ട്-മേടുഭാഗം, അമ്പലഭാഗം- നായരുപാറ ഭാഗം. പായ്ക്കാട്മേടുഭാഗത്ത് ചിറയിൽ ദേവസ്യാച്ചന്റെ പുരയിടത്തിൽ കുളം, അമ്പലഭാഗത്ത് നെല്ലിക്കുന്നേൽ കുട്ടിയച്ചന്റെ പുരയിടത്തിൽകുളം ചട്ടികുഴിഭാഗത്ത് മനച്ചിരിക്കൽ തോമസിന്റെ സ്ഥലത്ത് കുളം. ഈട്ടിക്കവല- നായരുപാറഭാഗത്ത് വെട്ടുപല്ലാംകുഴി സിബിയുടെ പുരയിടത്തിൽ കുളം.

അഞ്ചാംവാർഡിൽ നിലവിൽ തീർത്തിട്ടുള്ള എല്ലാ കിണറുകളിലേയും കുളങ്ങളിലേയും ജലം മോട്ടോറും പമ്പുസെറ്റുകളും ഉപയോഗിച്ചാൽ ജലക്ഷാമം പരിഹരിക്കാനാവും.

വാർഡ് - VI

കരിക്കിൻമേട് ഭാഗം, അച്ചൻകാനഭാഗം, മാടപ്രഭാഗം, ഉണ്ണിക്കവലഭാഗം, നീലിവയൽപ്രദേശങ്ങൾ, മൈനർഇറിഗേഷൻ പദ്ധതിപ്രകാരം പേഴത്തുംമൂട്ടിൽ ദേവസ്യയുടെ പുരയിടത്തിൽ നിർമ്മിക്കുവാൻ തീരുമാനിച്ച കുളത്തിന്റെ നിർമ്മാണം ആരംഭിക്കുക. അച്ചൻകാനം- ജിമ്മിച്ചൻ സാറിന്റെ പുരയിടത്തിൽ കുളം നിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക,

മാടപ്രക്കാനം- ചേമ്പനാനിയക്കൽ ദേവസ്യ വക സ്ഥലത്ത് കുളമോ, ചെക്ക്ഡാമോ തീർത്ത് മോട്ടോർവച്ച് വെള്ളം വിതരണം നടത്തുക.

വാർഡ് - VII

നീലിവയൽതോട്ടിൽ റേഷൻകടഭാഗത്തും കടപ്ലാക്കൽപടിഭാഗത്തും ചെക്ക്ഡാം കെട്ടി മോട്ടോർവച്ച് വെള്ളമടിച്ചാൽ ഉദയഗിരി, നീലിവയൽപ്രദേശത്തെ വെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കാം. പ്രകാശ്, ഉദയഗിരി, പള്ളിഭാഗം, നീലിവയൽ റേഷൻകടകവല, മാടപ്രാ, നീലിവയൽ അംഗനവാടിഭാഗം വാവോലിക്കവല (ചെമ്പുലോകം ഭാഗം) പ്രകാശിൽ കുളം തീർത്ത് മോട്ടോർ വച്ചാൽ ആ പ്രദേശത്ത് ജലം ലഭിക്കും. ഉദയഗിരിയിൽ കുഴൽക്കിണർ കുഴിച്ച് പുത്തനാനിയുടെ പറമ്പിൽ കുളം തീർത്ത് പൈപ്പിടാം. പേഴത്തുംമൂട്ടിൽ പറമ്പിൽ കുളം തീർത്ത് പൈപ്പിടാം. കരോട്ട് നീലവയലിൽ പന്ത്രവേലിപ്പറമ്പിൽ കുളം തീർത്ത് പൈപ്പിടാം. താഴത്തുവീട്ടിൽ ഭാഗത്തും ഉദയഗിരിപ്പള്ളി ഭാഗത്തും ചെമ്പുലോകം ഭാഗത്തും കുഴൽക്കിണർ നിർമ്മിക്കുക. പ്രകാശ് റേഷൻകട ഭാഗത്തും കുഴൽക്കിണർ.

വാർഡ് - VIII

ഉദയഗിരി കോളനി, മേരിഗിരി, കുപ്പച്ചാംപടി, സെന്റ് തോമസ് മൗണ്ട് ഭാഗം.

മേൽ സൂചിപ്പിച്ച ജലദൗർലഭ്യമുള്ള ഭാഗങ്ങളിൽ കുളം നിർമ്മിച്ച് ജലം എത്തിക്കണം. പേഴുംകവല, കുരിശുപള്ളിഭാഗം, മാടപ്രാ എന്നിവിടങ്ങളിൽ കുഴൽക്കിണർ.

വാർഡ് - IX

കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ പള്ളിമേട്, പുറക്കയം, നാരകക്കാനം, മച്ചാൻകവല ന്യൂഇൻഡ്യാ ബൈബിൾചർച്ച് എന്നീഭാഗങ്ങളാണ് M.P ഫണ്ടിൽ നിർമ്മിച്ച കുളത്തിൽനിന്നും വെള്ളം പമ്പ് ചെയ്തു ചെമ്പകപ്പാറ ടാങ്ക് തീർത്ത് അതിൽ സംഭരിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. വലിയകല്ലുങ്കൽ പുരയിടത്തിൽ നിർമ്മിച്ച കുഴൽക്കിണറിൽനിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം, കുഴിയടിപുരയിടത്തിൽ സംഭരിച്ചാൽ ഈ

പുഷ്പഗിരി, m.k പടി, കുരിശുമല, ഉദയഗിരി, സെന്റ്ജോർജ്മൗണ്ട്, കൊച്ചുകാമാക്ഷി, പാറക്കടവ് എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം. താഴ്ന്ന പ്രദേശങ്ങളിൽ കുളം നിർമ്മിച്ച് കുരിശുമലയിൽ ടാങ്ക് നിർമ്മിച്ച് മോട്ടോറും, പമ്പുസെറ്റും ഉപയോഗിച്ച് വെള്ളം എത്തിച്ചാൽ ഈ വാർഡിലെ 60% കുടിവെള്ളക്ഷാമവും പരിഹരിക്കാനാകും. സെന്റ് ജോർജ് മൗണ്ട് ഭാഗത്ത് ജലസ്രോതസ്സ് കണ്ടെത്തി മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ചാൽ ഉദയഗിരിഭാഗത്ത് കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും. പാറക്കടവ് ഭാഗത്ത് ഒരു കുഴൽക്കിണർ നിർമ്മിക്കണം. കൊച്ചുകാമാക്ഷി ടൗണിൽ, പുഷ്പഗിരി ടൗണിൽ അമ്മാമ്മക്കടഭാഗം, ഉദയഗിരിടൗൺ, പുതിയത്ത് പാപ്പച്ചിപ്പടി ഈ ഭാഗങ്ങളിൽ ഓരോ കുഴൽക്കിണറുകൾ നിർമ്മിക്കണം.

പ്രദേശത്തും ന്യൂ ഇൻഡ്യ ബൈബിൾ ചർച്ച് ഭാഗത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കാം. മച്ചാൻ കവലയിൽ ടാങ്ക്നിർമ്മിച്ച് മുകളേൽപുരയിടത്തിൽ കുളവും നിർമ്മിച്ചാൽ - മോട്ടോർ പമ്പ് ഇവ ഉപയോഗിച്ച് വെള്ളം സംഭരിച്ചാൽ ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാം. കിഴക്കേമുറിപുരയിടത്തിലും കൊല്ലമ്പറമ്പിൽ പുരയിടത്തിലും കുളം നിർമ്മിച്ച് പമ്പുസെറ്റും സ്ഥാപിച്ച് ടാങ്കും നിർമ്മിച്ചാൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഈ പ്രദേശത്തിന് പരിഹാരമാകും. മച്ചാൽകവലയിലും തങ്കമണിബസ്റ്റാൻഡിലും, കുഴിപ്പള്ളിക്കവലയിലും താഴത്തുകുന്നേൽ മറിയക്കുട്ടിപുരയിടത്തിലും ഓരോ കുഴൽകിണറുകൾ നിർമ്മിക്കണം.

കാമാക്ഷി പഞ്ചായത്തിലുള്ള ആകെ വീടുകളുടെ എണ്ണം-		4951
കക്കൂസ് ഉള്ള വീടുകളുടെ എണ്ണം	-	637
കുടിവെള്ളസ്രോതസ്, സാനിട്ടറിവെൽ	-	45
സാധാരണ കിണറുകൾ	-	3276
കുളം	-	27
കന്നുകാലി തൊഴുത്ത് (വീടിനോടുചേർന്ന്)	-	214
B. പ്രത്യേകിച്ച്	-	3119
കമ്പോസ്റ്റുകുഴി ഇല്ലാത്തത്	-	4951
ആകെ ജനസംഖ്യ	-	22,318
പുരുഷന്മാർ	-	11,465.
സ്ത്രീകൾ	-	10,853.
5 വയസ്സിൽ താഴെ പ്രായമുള്ളകുട്ടികൾ	-	1421

പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാർ

a.	15-19 വരെ	-	11പേർ
b.	20-24 വരെ	-	223
c.	25-29 വരെ	-	363
d.	30-34 വരെ	-	258
e.	35-39വരെ	-	499
f.	40-44 വരെ	-	602
	ആകെ	-	1956

ജനനം	94-95	-	175
ജനനം	95-96	-	335
ചാപിള്ള ജനനം			
	94-95	-	1
	95-96	-	1
ജലജന്യരോഗങ്ങൾ			
	95-96	-	235
വായുജന്യരോഗങ്ങൾ			
	95-96	-	59
പ്രാണിജന്യരോഗങ്ങൾ		-	4

V വ്യവസായം

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ പരമ്പരാഗതമോ, ആധുനികമോ ആയ വ്യവസായങ്ങൾ കാര്യമായി ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും കാർഷികവൃത്തിയെ ആശ്രയിച്ചാണ് ജന ജീവിതം. എന്നാൽ സ്വകാര്യവ്യക്തികൾ നടത്തുന്ന ഏ താനും ചെറുകിട വ്യവസായങ്ങൾ മാത്രം സാമാന്യം നന്നായി പ്രവർത്തിച്ചുവരുന്നു. പിന്നെയുള്ളത് ഗ്രാമവിക സനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന D. W. C. R. A. യൂണിറ്റുകളാണ്. ഇതിൽ പലതും കൂടുതൽ മുതൽ മുടക്കുവാൻ സാധിക്കാത്തതിനാൽ നഷ്ടത്തിലും തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലു മാണ്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ആവശ്യത്തിനു വായ്പ ലഭിക്കാത്തതുകൊണ്ട് ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി മുൻ പോട്ടു കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഖാദിബോർ ഡിന്റെ ധനസഹായത്തോടെയുള്ള ഒരു വ്യവസായ യൂണിറ്റു പോലും ഈ പഞ്ചായത്തിലില്ല. വ്യവസായം ആരംഭിക്കുന്നതിന് ഗവൺമെന്റ് പല പദ്ധതികളും ആവി ഷ്കരിച്ചിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥന്മാരുടെ സഹകരണ ക്കുറവും ധനകാര്യസ്ഥാപനങ്ങളുടെ നിഷേധാത്മക സമീപനവും വ്യവസായ സംരംഭകരായ അഭ്യസ്ഥവിദ്യരെ ഈ രംഗത്തുനിന്നും അകറ്റിനിർത്തിയിരിക്കുന്നു. അഭ്യ സ്ഥവിദ്യരും സാങ്കേതികവൈദഗ്ധ്യം കൈവരിച്ചിട്ടു ള്ളവരുമായ നിരവധി ചെറുപ്പക്കാർ ഇതുമൂലം അന്യ സംസ്ഥാനങ്ങളിൽ ജോലിതേടിപ്പോവുകയാണ്.

സ്വയംതൊഴിൽ പദ്ധതിപ്രകാരം P. M. R. Y പോലുള്ള തൊഴിൽദാനപദ്ധതികൾക്ക് അപേക്ഷ സമർപ്പിച്ചാൽ ധനകാര്യസ്ഥാപനങ്ങൾ ആവശ്യമായ വായ്പ തൊഴിൽസംരംഭകർക്കു നൽകുവാൻ തയ്യാറല്ല. കൂടുതൽ ആളുകളുടെയും കൈവശഭൂമിക്ക് സ്ഥിരപട്ട യം ലഭിക്കാത്തതുമൂലം വായ്പ എടുക്കുന്നതിനും കഴി യുന്നില്ല. മറ്റൊരു പ്രധാനകാര്യം ഗവൺമെന്റ് ഏജൻ സികളോ, മറ്റേതെങ്കിലും ഏജൻസികളോ ഈ രംഗത്ത് ആളുകളെ ആകർഷിക്കാനുള്ള പ്രോത്സാഹനമോ, സാങ്കേതിക പരിശീലനമോ നൽകുന്നില്ല.

പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്താത്തത് ഈ രംഗത്ത് വ്യവസായവളർച്ചയ്ക്കു തടസ്സമാവുന്നുണ്ട്.

വ്യവസായം

1. ഈ പഞ്ചായത്തിൽ ഇപ്പോൾ തേയിലകൃഷി വലിയതോതിൽ പുരോഗമിച്ചുവരുന്നു. കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ കൊളുന്ത് വിൽക്കു വാൻ 50 കിലോമീറ്റർ കൊണ്ടുപോകേണ്ട അവസ്ഥയി ലാണ് കൃഷിക്കാർ. ഇതിനുപുറമെ കർഷകന്റെ ഉൽപ്പാ ദന ചിലവിനനുസൃതമായി വില ലഭിക്കുന്നില്ല. ഇതിനു പരിഹാരമായി സഹകരണമേഖലയിൽ ഇവിടെ ഒരു തേയില ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി അടി യന്തിരമായി സ്വീകരിക്കണം.

2. ഈ പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിക്കാരും കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരി ച്ചിരിക്കയാണ്. ഈ കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റകൾ അന്യസംസ്ഥാനത്തുനിന്നും ജില്ലയ്ക്ക് പുറത്തുനിന്നുമാണ് എത്തിക്കുന്നത്. ഇതിനുപരിഹാര മെന്നോണവും ധാരാളം സാദ്ധ്യതയുള്ളതുമായ ഒരു വ്യവസായം എന്ന നിലയിൽ ഈ പഞ്ചായത്ത് കേന്ദ്രീ കരിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ അസംസ്കൃ തവസ്തുക്കൾ ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കു ന്നതിനാൽ വളരെയധികം വിജയപ്രദമായി നടത്താൻ കഴിയുന്ന ഒരു സംരംഭമാണ്. കന്നുകാലി വളർത്തൽ പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഈ പഞ്ചായത്തിൽ ധാരാളം പാൽ ലഭിക്കുന്നുണ്ട്. ഇത് ശീതീകരിക്കുന്നതിന് ഒരു ചില്ലിഗ്പ്ലാന്റ് അനുവദിക്കുക.

3. ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന, ഗാർമെന്റ്മേക്കിഗ്, ഇലക്ട്രോണിക് & ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾ, ഫുഡ്പ്രോസ്സസ്സ് വ്യവസായം, ചൂടുകട്ട വ്യവസായം എന്നിവ ഈ പഞ്ചായത്തിൽ പല വാർ ഡുകളിലും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാ ൽ ഇതിനാവശ്യമായ വായ്പയോ, സാങ്കേതിക സൗകര്യ ങ്ങളോ ലഭിക്കുന്നില്ല. അതുകൊണ്ട് വ്യവസായവ കുപ്പും, ധനകാര്യസ്ഥാപനങ്ങളും വേണ്ട പ്രോത്സാഹ നവും, സാമ്പത്തിക സഹായവും നൽകണം.

4. ഖാദിബോർഡിന്റെ വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ലാ, പരമ്പരാഗത വ്യവസായമായ കട്ട, മുറം, പനമ്പ്, കയർ എന്നിവയും മെഴുകുതിരി, സോപ്പ് നിർമ്മാണം, നോട്ടുബുക്കുനി ർമ്മാണം, കറിപൗഡർ നിർമ്മാണം, അച്ചാറു നിർമ്മാ ണം, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വാഴനാ രുൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ഖാദി ബോർഡും, ഗ്രാമവികസന വകുപ്പും വേണ്ടത്ര പരിഗ ണന നൽകി. സാമ്പത്തിക സഹായവും, സാങ്കേതിക സഹായവും, സാങ്കേതിക പരിശീലനവും നൽകി എല്ലാ വാർഡുകളിലും, ഈവക വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിക്കുക.

5. ഈ പ്രദേശത്ത് ധാരാളം വില്വനസാദ്ധ്യത യുള്ള, തടികൊണ്ട് നിർമ്മിക്കുന്ന ഗ്രഹോപകരണ

ങ്ങളും, വീടുവയ്ക്കുന്നതിനാവശ്യമായ ഉരുപടികളും ഉണ്ടാക്കുന്നതിന് ഒരു സോമില്ലും, ഫർണിച്ചർ വർക് ഷോപ്പും, സ്റ്റീൽ ഫർണ്ിച്ചറുകളുടെ നിർമ്മാണവും വിപണനവും, സിമന്റ്കൊണ്ട് ഉണ്ടാക്കാവുന്ന കെട്ടിട നിർമ്മാണത്തിനാവശ്യമായ കട്ടള, ജനൽ, വെന്റിലേഷൻ, ഇതുകൊണ്ടുതന്നെ നിർമ്മിക്കാവുന്ന മറ്റനവധി സാധനസാമഗ്രികൾ ഉണ്ടാക്കി വില്പന നടത്തുന്നതിന് വളരെയധികം സാദ്ധ്യതയുണ്ട്. അതുപോലെതന്നെ ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട സ്വയംതൊഴിൽ യൂണിറ്റുകളിൽ പ്രധാനപ്പെട്ട ഒന്നാണ്. പ്ലാസ്റ്റിക്കുകൊണ്ടുള്ള യൂണിറ്റുകൾ നിർമ്മാണം വിപണനസാദ്ധ്യത ഏറെയുള്ള ഒരു ചെറുകിട യൂണിറ്റാണ്. ഇത് വിപുലീകരിച്ച് പ്ലാസ്റ്റിക്കുകൊണ്ട് നിർമ്മിക്കാവുന്ന കൂപ്പികൾ, ഭരണികൾ മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചാൽ വളരെ വിജയകരമായി നടത്താൻ കഴിയും. ഈവക സംരംഭങ്ങൾ ഒരു മേൽക്കൂരയ്ക്കു കീഴെ വരുത്തുവാൻ ഈ പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുകയും, വേണ്ട സാമ്പത്തിക സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

6. ഇവിടെ ധാരാളമായി ഉത്പാദിപ്പിക്കുന്ന കൊക്കോ അന്യസ്ഥലങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുകയാണ്. ഇവിടെ ഒരു കൊക്കോസംസ്ക്കരണ ഫാക്ടറിയ്ക്ക് ഏറെ വിജയസാദ്ധ്യതയുണ്ട്.

7. പാവയ്ക്ക സംസ്ക്കരണ ഫാക്ടറി - പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ധാരാളമായി ഉൽപ്പാദിപ്പിക്കുന്ന പാവയ്ക്ക കമ്പോളത്തിലെ അതിന്റെ വിലനിലവാരം ഉയർത്തിനിർത്തുന്നതിനു സഹായകമാവുന്ന വിധത്തിൽ പാവയ്ക്കാ സംസ്ക്കരിക്കുന്നതിനുള്ള വ്യവസായം തുടങ്ങണം.

8. ഇവിടുത്തെ പ്രധാന കാർഷിക ഉത്പ്പന്നങ്ങളായ ഏലം, ഗ്രാമ്പൂ, ചുക്ക്, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ സുലഭമായി ഇവിടെ ലഭിക്കുന്നു. ഇത് ഇവിടെ സംസ്ക്കരിക്കുന്നതിനുള്ള ഫാക്ടറി ഉണ്ടാക്കിക്കൊണ്ട് സുഗന്ധദ്രവ്യങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാവണം.

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ III-ാം വാർഡായ കാൽവരിമൗണ്ടിലെ കല്യാണത്തണ്ട് പ്രദേശം വളരെയധികം ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ പ്രദേശമാണ്. ഇടുക്കിജില്ലയിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളിൽ ഒന്നായ കാൽവരി മൗണ്ട് കല്യാണത്തണ്ട് (സമുദ്രനിരപ്പിൽനിന്നും 3600ൽ അധികം അടി ഉയരം) ഭാഗത്തുനിന്നു നോക്കിയാൽ സമീപപ്രദേശങ്ങളായ നിരവധി പ്രദേശങ്ങളുടെ മനോഹാരിത ആസ്വദിക്കാം. കല്യാണത്തണ്ടിന്റെ അപ്പുറത്തുള്ള ഇടുക്കി ജലാശയവും, ഏഷ്യയിലെ പ്രധാനപ്പെട്ട ആർച്ചുഡാമായ ഇടുക്കിഡാമും, ഇടുക്കി വനവും, വന്യമൃഗങ്ങളെയും കാണാൻ കഴിയും. കാൽവരിമൗണ്ട് പ്രദേശത്തെ കാലാവസ്ഥയും വളരെയധികം വിനോദ സഞ്ചാര വികസനസാദ്ധ്യത നൽകുന്നതിനാൽ ഈ പഞ്ചായത്തിലെ വ്യവസായരംഗത്ത് ടൂറിസം വികസനത്തിലൂടെ വലിയ സംഭാവന നൽകുവാൻ കഴിയും.

ഇപ്പോൾ തൊടുപുഴയിൽ പ്രവർത്തിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ ആസ്ഥാനത്തിനടുത്ത് പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചാൽ ജില്ലയിൽ മൊത്തമായും വ്യവസായികമായി പുരോഗതിയുണ്ടാകും. അതിന്റെ ഭാഗമായി കാമാക്ഷി പഞ്ചായത്തിന്റെയും വ്യവസായ രംഗത്ത് വളരെയധികം നേട്ടം കൈവരിക്കുവാൻ സാധിക്കും. അതിനാൽ ജില്ലാ വ്യവസായ കേന്ദ്രം എത്രയും പെട്ടെന്ന് തൊടുപുഴയിൽ നിന്നും ചെറുതോണിയിലേക്ക് മാറ്റി സ്ഥാപിക്കുക.

ഗതാഗതവും ഉർജ്ജവും

ഗതാഗതം

ഈ പഞ്ചായത്തിൽ ഗ്രാമസഭകളിൽ ഏറ്റവും പ്രധാനമായും ഉയർന്നുവന്ന പ്രശ്നം റോഡുകളുടെ നിർമ്മാണത്തെ സംബന്ധിച്ചാണ്. വിശാലമായ റോഡു ശൃംഖല ഉണ്ടെങ്കിലും ഗതാഗതയോഗ്യമായ റോഡുകലുടെ അളവ് നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്.

കാമാക്ഷി പഞ്ചായത്തിന്റെറപരിശ്രമം തന്നെ അരനൂറ്റാണ്ടിന് അപ്പുറത്തേക്ക് ഇല്ല. കുടിയെറ്റ കർഷകർ ഈ പ്രദേശത്തു പ്രവേശിക്കുന്നതിനു മുമ്പു തന്നെ കാട്ടിൽ നിന്നും തേക്ക്, വീട്ടി മുതലായവ വിലപിടിപ്പുള്ള തടികൾ കടനത്തുന്നതിന് അക്കൂർ റാവുത്തരെ പോലെയുള്ളവർ റോഡുകൾ വെട്ടിയിരുന്നു. വനവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിന് മനുഷ്യന്റെര കൂർമ്മബുദ്ധി വളരെ മുമ്പു തന്നെ പ്രവർത്തിച്ചിരുന്നു എന്നതിനു തെളിവാണത്. പോത്തും വണ്ടി ഉപയോഗപ്പെടുത്തി തടി കടത്തുന്നതിനാവശ്യമായ റോഡുകളാണ് ആദ്യകാലത്തുണ്ടായിരുന്നുത്.

പിന്നീട് കുടിയെറ്റ കർഷകർ സംഘം ചേർന്ന് റോഡുകൾ വെട്ടിത്തെളിച്ചു. എല്ലാ പ്രദേശത്തും പ്രതിഫലേച്ഛ കൂടാതെ ആവശ്യത്തിന്റെര അടിസ്ഥാനത്തിൽ ഒരു മനസ്സോടെ പ്രവർത്തിച്ചു എന്നു ഇതിനു തെളിവാണ്. ഇന്നത്തെ വികസനത്തിനും പ്രധാന തടസ്സം. ഇന്ന് ജനങ്ങൾക്ക് പരസ്പരം ആശ്രയിക്കേണ്ട ആവശ്യമില്ലാതെയായിരിക്കുന്നു. തങ്ങളുടെ കാർഷിക ഉത്പ്പനങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള വ്യഗ്രതയുടെ ഫലമാണ് പ്രധാനമായും ഇന്നത്തെ റോഡുകൾ.

ഈ പഞ്ചായത്തിലെ ആദ്യകാല റോഡുകളിൽ പ്രധാനമാണ് പാണ്ടിപ്പാറ - നാലുമുക്ക് റോഡ്. അടുത്തത് ഇടുക്കി ജലവൈദ്യുത പദ്ധതി കാലത്ത് പണിതീർന്ന ഇടുക്കി കട്ടപ്പന റോഡാണ്. പ്രധാന ഈ റോഡ് പഞ്ചായത്തിലൂടെ 4 കിലോമീറ്റർ കടന്നുപോകും.

ഗതാഗതയോഗ്യമായ റോഡുകളുടെ അഭാവമാണ് ഈ പഞ്ചായത്തിലെ വികസനത്തിന് ഏറ്റവും വലിയ തടസ്സമാണ്. മഴക്കാലമായാൽ കാൽനട യാത്രക്കാർക്കുപോലും സഞ്ചരിക്കാനാവാത്ത ദുർഘടം പിടിച്ച റോഡുകലാണ് ഭൂരിഭാഗവും. രോഗികലെ ആദ്യകാലത്തെപ്പോലെ കസേരകളിൽ ഇരുത്തി ചുമന്നും കൊണ്ടുവരേണ്ട സ്ഥിതി ഇപ്പോഴും ചുരുക്കം ചില പ്രദേശങ്ങളിൽ നിലനില്ക്കുന്നു. പല റോഡുകൾക്ക് ഓടകൾ ഇല്ലാത്തതുമൂലം മഴവെള്ളം കുലംകുത്തി റോഡു മധ്യത്തിലൂടെ ഒഴുകുന്നു. റോഡുകൾ ശരിയായ രൂപത്തിൽ സംരക്ഷിക്കണമെങ്കിൽ ഓടകൾ തീർക്കുകയും സൈഡു കെട്ടുകയും ചെയ്യണം.

കാമാക്ഷി പഞ്ചായത്തിൽ ഭേദപ്പെട്ടതല്ലെങ്കിലും റോഡുകളുടെ ശൃംഖല തന്നെയുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ മൊത്തം നീളം 286 കിലോമീറ്റർ ആണ്. ഇതിൽ 12 കി.മി. P.W.D റോഡുകളാണ്. സ്റ്റേറ്റ് ഹൈവേ 4 കി.മി. ദൂരമുണ്ട് കച്ചാറോഡുകളുടെ അളവ് 128 കി.മീറ്ററാണ്. പഞ്ചായത്തിനു കീഴിൽ 210 കി.മീ. റോഡുകളുണ്ട്.

മെച്ചപ്പെട്ട റോഡു ശൃംഖലയുണ്ടെങ്കിലും റോഡിന്റെ സ്ഥിതി മോശമാണ്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ല. ആവശ്യമായ കലുങ്ക് ചാലും മുതലായവ ഇല്ലാത്തതുമൂലം റോഡുകൾ എത്രമാത്രം മെച്ചപ്പെട്ടതാണെങ്കിലും വർഷകാലത്ത് ഗതാഗത സൗകര്യം നിഷേധിക്കപ്പെടുന്നു. (കുന്നും മലയും നിറഞ്ഞ ഭൂപ്രകൃതിയും ഈ പ്രദേശത്തെ മണ്ണിന്റെ പ്രത്യേകതകളും മൂലം ധാരാളം കലുങ്കുകളും പാലങ്ങളും നിർമ്മിക്കേണ്ടത് റോഡുഗതാഗതത്തിനു അനിവാര്യമാണ്.)

സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം റോഡുകളുടെ അറ്റകുറ്റപണികൾ മുഴുവനും തീർക്കുന്നതു പഞ്ചായത്തിന് സാധിക്കുന്നഇല്ല. ആവശ്യത്തിനുള്ള കലുങ്കുകൾ നിർമ്മിക്കുക, ഓടകളുടെ സൈഡു കെട്ടുകളും തീർക്കുക തുടങ്ങിയവ ഈ പഞ്ചായത്തിലെ റോഡു വികസനത്തിന് അനിവാര്യമാണ്. കാമാക്ഷി പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ

വർദ്ധിപ്പിക്കുന്നതിന് ആദ്യാകാലങ്ങളിൽ ജനങ്ങൾ ആത്മാർത്ഥമായ സഹകരിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ ഇടുക്കി, നാലുമുക്ക് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ സഹായങ്ങൾ നല്കിയ കോതമംഗലം രൂപതയുടെ ഇവിടെ സേവനമനുഷ്ഠിച്ചിരുന്ന റവ. ഫാ. മാത്യു കുഴിഞ്ഞാലിയെയും റവ. ഫാ. ജോസഫ് കോയിക്കക്കുടിയെയും മറ്റു വൈദികരേയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

യാത്രാക്ലേശം രൂക്ഷമയിരന്നു ഈ പ്രദേശത്ത് പഞ്ചായത്തിന്റെര നെതൃത്വത്തിൽ ആയിരണക്കണക്കിനാലുകൾ ഒരുമിച്ച് പ്രവർത്തിച്ച് തങ്കമണി നാലമുക്ക് റോഡിന്റെ മൺപണികൾ പൂർത്തിയാക്കി. 1983 റിപ്പബ്ലിക്ക് ദിനത്തിൽ തങ്കമണിയിലേക്ക് പൗർണ്ണമി ട്രാവത്സ് വക ബസ് കമ്പംമേട്ടു തങ്കമണിയായി സർവ്വീസാരംഭിച്ചപ്പോൾ ഈ പഞ്ചായത്തിന്റെ ചരിത്രത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തമായി ജനങ്ങൾ ആഘോഷിച്ചു.



ഇടുക്കി തങ്കമണി റൂട്ടിൽ ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചപ്പോൾ ഇടുക്കി എം. എൽ. എ. മാത്യു സ്റ്റീഫൻ ഉൽഘാടനം ചെയ്യുന്നു. സമീപം. പഞ്ചായത്ത് പ്രസിഡന്റ് മാത്യു മത്തായി തെക്കേമല, ഫാ. തോമസ് കുഴിത്താലി, ഫാ. ജോസഫ് വള്ളിയാംതടം, പഞ്ചായത്ത് മെമ്പർ തോമസ് മൂലേച്ചാലി, ജോസഫ് കോര, തോമസ് കുന്നുംപുറം, ജോയി കുഴിപ്പള്ളി എന്നിവർ.

ഈ കാലഘട്ടത്തിൽ തങ്കമണി നാലുമുക്ക് ഏഴാംമൈൽ വഴിയാണ് കട്ടപ്പനയ്ക്ക് ബസ് സർവ്വീസ് നടത്തിയുരന്നത്. മോശപ്പെട്ട വഴിയും ദൂരക്കൂടുതലും യാത്രക്കാർക്ക് അന്ന് വളരെയേറെ അസൗകര്യങ്ങൾ അനുഭവിക്കേണ്ടിവന്നു. എന്നാൽ ഇരട്ടയാർ, നാലുമുക്ക്, തങ്കമണി വഴി ഇടുക്കിയിലേയ്ക്ക് വഴി തുറന്നു കിട്ടിയപ്പോൾ യാത്രാപ്രശ്നത്തിന് ചെറിയ തോതിലെങ്കിലും പരിഹാരമുണ്ടായിട്ടുണ്ട്. കട്ടപ്പനയിൽനിന്നും തങ്കമണിയിലേക്ക് 20 കി.മി. ദുരമാണുള്ളത്. ഇത്രയും ദൂരം സഞ്ചരിക്കാൻ 1 1/2മണിക്കൂർ എടുക്കുന്നു എന്നു പറയുമ്പോൾത്തന്നെ റോഡിന്റെ സ്ഥിതി ഊഹിക്കാവുന്നതാണ്.

റോഡുകളുടെ സ്ഥിതി

1. ഇടുക്കി കട്ടപ്പന എഫ റോഡ്

ഗാതാഗത സൗകര്യമുള്ള പഞ്ചായത്തിലെ ഏക റോഡാണിത്. 6k.m ദൂരം ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. അറ്റകുറ്റപണികൾ സംസ്ഥാന ഗവൺമെൻറ് ഏറ്റെടുത്തിരിക്കുന്നു.

2. ഇടുക്കി നാലുമുക്ക് റോഡ്

ഈ റോഡിന്റെ ചുമതല പൊതുമരാമത്തു വകുപ്പിനാണ്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം 9km ഇതിൽ കാമാക്ഷിമുതലുള്ള ഭാഗം ഗതാഗതയോഗ്യമല്ല. ദിവസേന ധാരാളം വാഹനങ്ങൾ കടന്നുപോകുന്നു. ഈ റോഡിന്റെ സ്ഥിതി അതിദയനീയമാണ്. വെള്ളം പോകുന്നതിനുള്ള ഓടയും കലുങ്കും ആവശ്യത്തിനില്ലാത്തതാണ് ഈ റോഡ് നശിച്ചുപോകുന്നതിനുള്ള പ്രധാനകാരണം.

3.മേരിഗിരി, ഉദയഗിരി - ചെമ്പകപ്പാറ

ഈ റോഡിന്റെ ദൂരം 6k.m ആണ്. അമ്മാമ്മപ്പടി മുതൽ 1500m സോളിംഗ് നടന്നു. ഒരു കിലോമീറ്ററോളം വഴിയരുകിൽ കല്ല് അട്ടിവച്ചിരിക്കുന്നു. മേരിഗിരിമുതൽ ചന്ദനക്കവല വരെ 1K.m Fledഉം ചന്ദനകവലമുതൽ ഉദയഗിരി വരെ EAS ഫണ്ടും ആണ് ഉപയോഗിച്ചിരിക്കുന്നത്. അൺട്രെയ്ഡ് ഫണ്ട്, ഫ്ലഡ് എന്നിവയുടെ ധനസഹായത്തോടെയാണ് ഇതിന്റെ പണി നടത്തിയിട്ടുള്ളത്. ഇരട്ടയാർ പഞ്ചായത്തുമായും മറ്റു നിരവിധി പ്രദേശങ്ങളുമായും ബന്ധപ്പെട്ടു കിടക്കുന്ന ഈ റോഡ് പണി പൂർത്തിയാക്കേണ്ടത്. അത്യാവശ്യമാണ്.

4. കാൽവരി മൗണ്ട് - തങ്കമണി റോഡ്

ഈ റോഡിന്റെ മത്തെം ദൂരം 6k.m തങ്കമണിയിൽ നിന്നും 300k.m ടാറിംഗും 1km സോളിംഗും കാൽവരി മൗണ്ടിൽ നിന്നും 800m ടാറിംഗും 2km സോളിംഗും നടത്തിയിട്ടുള്ളൂ. വെള്ള

പ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തിയാണ് പണികൾ നടത്തിയിട്ടുള്ളത്, സ്റ്റേറ്റ് ഹൈവേയും പഞ്ചായത്തു കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് 2,3,4,9 വാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്നു. ഈ റോഡിന്റെ ബാക്കി പണിതീർക്കേണ്ടത് അത്യാവശ്യമാണ്.

5. നീലിവയൽ പ്രകാശ് - ഉദയഗിരി റോഡ്

ഈറോഡ് MLA റോഡ് എന്ന് അറിയപ്പെടുന്നു. 38ലക്ഷം രൂപമുടക്കി പണി ആരംഭിച്ചു. എർത്ത് വർക്ക് പൂർണ്ണായും നടന്നിട്ടുണ്ട്. തങ്കമണി മുതൽ കുട്ടൻകവല വരെ 1.k.m 50m സോളിംഗ് നടന്നു.Fled നിന്നും1 1/2 ലക്ഷം രൂപയും പഞ്ചായത്തിൽ നിന്നും രണ്ട് ലക്ഷം രൂപയും അനുദിച്ചിട്ടുണ്ട്. പഞ്ചായത്തിനെ കീറിമുരിച്ചുകൊണ്ട് എല്ലാ പ്രദേശത്തെയും ബന്ധപ്പെടുത്തുന്ന ഈ റോഡിന്റെ നിർമ്മാണത്തിൽ കാര്യമാ പുരോഗതി ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു ജനീകയ കമ്മറ്റിയുടെ നരീക്ഷണത്തിൽ റോഡിന്റെ പണി നടത്തിയാൽ ജനങ്ങളുടെ വമ്പിച്ച സഹകരണത്തോടുകൂടി പൂർണ്ണിയാക്കാവുന്നതേയുള്ളു.

ഇരുകുട്ടി നീലവയൽ പ്രകാശ് റോഡ്.

ഈ റോഡിന്റെ മണ്ണുപണി കരെ നടന്നിട്ടുണ്ട്. ബാക്കി ജോലികൾ P.W.D അടിയന്തിരമായി ഏറ്റെടുത്ത് നടത്തണം.



തങ്കമണി നീലിവയൽറോഡ് പ്രസിഡന്റ് മാത്യു മത്തായി ഉൽഘാടനം ചെയ്യുന്നു. സമീപം S. I അഗസ്റ്റിൻ ഫാ. ജേക്കബ് പുതിയടം, പഞ്ചായത്ത് മെമ്പർ P.T. ഡൊമിനിക്. അബ്രഹാം കൊല്ലംപറമ്പിൽ രാമകൃഷ്ണൻ നായർ. ജോസഫ് കൊല്ലംപറമ്പിൽ എന്നിവർ സമീപം.

നീലിവയൽ പേഴും കവല റോഡ്

ഈ റോഡിന്റെ മണ്ണുപണി തീർന്നിട്ടുണ്ട്. നീലിവയലിൽ നിന്ന് 400 മീറ്റർ ദൂരം വിൽഫെയിസിൽ കരിങ്കല്ല് പതിച്ചിട്ടുമ്ട്. പേഴും കവലഭാഗം 500 മീറ്റർ ദൂരം സോളിം നടത്തുന്നതിന് കല്ല് പൊട്ടിച്ചിട്ടുണ്ട്. നീലവിയൽ തോട്ടിൽ ഒരു പാലംതീർത്ത് ബാക്കി പണികൾ അടിയന്തിരമായി നടത്തണം.

വാർഡ്

തങ്കമണി ടൗണിലെ ഗതാഗതകുരുക്ക് ഒഴിവനാക്കാൻ വേണ്ടി തങ്കമണി കുറിശുകവലയിൽ നിന്നും തങ്കമണി ഇരുകുട്ടി റോഡിൽ കയറി മാർക്കറ്റിലൂടെ ഇടുക്കി നാലുമുക്ക് റോഡിലേക്ക് ഒരു വൺവേ ലൈൻ ഏർപ്പെടുത്തുക.

കലുങ്കുകളും - നടപ്പാതകളും നടപ്പാലകളും

വാർഡ് I - ഇലഞ്ഞിപ്പടി, മുള്ളാനാനിപ്പടി, ചുരനോലിപ്പടി, കപ്പപ്പടി, നെടുമ്പുനത്ത് പടി, കൊട്ടാരംപടി, തോണിപ്പാറപ്പടി, കുത്രപ്പുള്ളിപ്പടി എന്നിവിടങ്ങളിൽ നടപ്പാലങ്ങളും അമ്പലമേട് വയലറ്റ പുരയിടത്തിൽ കൊച്ചു കാമാക്ഷി റോഡിൽ പവ്വത്ത് പടിയിൽ കലുങ്കു നിർമ്മിക്കണം.

വാർഡ്II - പുതിയ മഠം ബാഗത്തു നിന്നും പാരക്കടവിലേക്കുള്ളള് നടപ്പുവഴിയും, നടപ്പാലവും മുതുകാട്ടു പടിമുതൽ കരിമ്പൻ കലവരെ നടപ്പാതയും പുഴയമഠം പടിയിൽ നിന്നും ഐക്കുളത്തിന്റെ ഭാഗത്തേക്കുള്ള വഴിയും പണിയണം. മങ്ങാട്ടുപടി, മത്തായിപ്പടി റോഡിലുള്ള കലുങ്ക് നിർമ്മിക്കണം.

വാർഡ് III - 9-ാം മൈൽ മണമേൽപടി കലുങ്ക് കുട്ടക്കൽ മച്ചാൻകവല റോഡിൽ കലുങ്ക്.

വാർഡ് IV - തങ്കമണി പത്താമൈൽ നടപ്പുവഴിയിൽ പുത്തോടുപടിയിൽ നടപ്പാലം, തങ്കമണി ഉണ്ണിക്കവല നടപ്പാത, തങ്കമണി ഗവ.യുപി. സ്കൂൾ നടപ്പാത, മൂലേച്ചാലിപ്പടി നടപ്പാത.

വാർഡ് V - തങ്കമണി പള്ളിമേട് കൈനാനിപ്പടി റോഡിൽ കണ്ണാട്ടു കുന്നേൽ പുരയിടത്തിൽ കലുങ്ക് ചക്കാലപ്പടിയിൽ കലുങ്ക്, മുളങ്ങാശ്ശേരിപടിയിൽ നടപ്പാത, നായരുപാറഭാഗത്ത് പാലം, കൊടി

യംകുന്നേൽ നടപ്പാത, എള്ളുക്കുന്നേൽ പുരയിടത്തിൽ നടപ്പാലം ആനിത്തോട്ടം പുരയിടത്തിൽ നടപ്പാത നടപ്പാലം കുരിശുംമ്മൂട്ടിൽ പുരയിടത്തിൽ നടപ്പാത നടപ്പാലം.

വാർഡ് **VI** - നീലിവയൽ അച്ചൻ കാനം നടപ്പാലം രണ്ട് എണ്ണ്, മാടപ്ര പ്രകാശ് നടപ്പാലം കുരിശുപള്ളി പ്രകാസ് നടപ്പാലം നീലിവയൽ പ്രകാശ് റോഡിൽ കലുങ്ക് നീലിവയൽ തോട്ടിൽ ഇരട്ടയാർ കമാക്ഷി പഞ്ചായത്തുകലെ ബന്ധിപ്പിക്കുന്ന മേരിഗിരി, കുപ്പച്ചാംപടി ചെമ്പകപ്പാറ റോഡ് (വടകേൽപടി)

പത്ത്, എട്ട് വാർഡുകളെ ബന്ധിപ്പിക്കുന്ന തൊമ്മൻ സിറ്റി ഉദയഗിരി റോഡ്

വെട്ടിക്കൊമ്പേൽ പുരയിടത്തിൽ നടപ്പാലം, കുട്ടനമാക്കൽ പുരയിടത്തിൽ മുതുപ്ലാക്കൽ പുരയിടത്തിലും അരീക്കാട്ട് പുരയിടത്തിലും ഓരോ നടപ്പാലം.

വാർഡ് **VII** - ഉദഗിരി വളവനാൽപ്പടി മൈക്ക് കലവല റോഡിൽ .നടപ്പാലം,പ്രകാശം റോഡിൽ നിന്നും മാടപ്രറോഡിലേക്ക് നടപ്പാലം പ്രകാശ് വൈദ്യൻ പുരയിടംവഴി ഉദയഗിരി പള്ളി ഭാഗത്തേക്കുള്ള വഴിയിൽ നടപ്പാലം

വാർഡ് **VIII** - അച്ചൻ തോട്ടിലും ഈറ്റത്തോട്ടിലും ആയിട്ട് മൂന്ന് കലുങ്ക്, കൊണ്ടാണു സിറ്റി കരിപ്പാത്തോട്ടിൽ ഉദയഗിരി വഴി നടപ്പാലം

വാർഡ് **IX** - തങ്കമണി ഇരുകൂട്ടി റോഡിൽ കോവി മലപുരയിടത്തിലും തെക്കേക്കാപ്പുപുരയിടത്തിലും മണക്കാട്ട് പുരയിടത്തിലും പന്താനത്ത് പുരയിടത്തിലും കലുങ്ക്. തങ്കമണി മാച്ചാൻ കവല നായരുപ്പാറ ഭാഗത്തേക്കുള്ള നടപ്പാതയിൽ തെക്കേൽ മത്തച്ചൻ പുരയിടത്തിൽ നടപ്പാലം തങ്കമണി ഇരുകുട്ടിറോഡിൽ മഠപുരയിടത്തിനും അമ്പാട്ടു പുരയിടത്തിനും ഇടയിൽ നടപ്പാലം. വാവോലിൽ പടിക്കൽ നിന്നും ന്യൂ ഇൻഡ്യാ ചർച്ച് വഴിയുള്ള നടപ്പാത.

വർഡ് **X** - പാറക്കടവ് സെൻറ് ജോർജ് മൗണ്ട് റോഡിലും കൊച്ചു കമാക്ഷി ഉദയഗിരി റോഡിൽ മരങ്ങാട്ടുപടിയിൽ കലുങ്കൽ നിർമ്മിക്കണം.



തങ്കണണി - പള്ളിമേടു - പാണ്ടിപ്പാറ റോഡിന്റെ ഉൽഘാടനം ബഹു. റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി നിർവ്വഹിക്കുന്നു. ശ്രീ. മാത്യു സ്റ്റീഫൻ M.L.A. ശ്രീ. മാത്യു മത്തായി തേക്കമല, ഫാ. ജോസഫ് വള്ളിയാംതടം എന്നിവർ സമീപം

കാമാക്ഷി ഗ്രാമ പഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ

No.		ദൂരം	സ്ഥിതി
1	ഇടുക്കി കട്ടപ്പന S.H	4.k.m	ടാറിംഗ്
2.	ഇടുക്കി നാലുമുക്ക് P.W.D	9	ടാറിംഗ് ഭാഗികം
3.	തങ്കമണി നീലിവയൽ, ഉദയഗിരി, തോപ്രാം കുടി	9	3k.m P.W.D. പണി ആരംഭിച്ചു
4.	താരകക്കാനം - ഇട്ടിക്കവല -തങ്കമണി	6	പഞ്ചായത്ത് റോഡ്
5.	തടിയമ്പാട് - വിമിലഗിരി ഇരുക്കുട്ടി നീലിവയൽ പ്രകാശം	7	പഞ്ചായത്ത്റോഡ്
6.	ചാലിസിറ്റി - ഉപ്പുതോട് - പ്രകാശ് - ഉദയഗിരി- കൊച്ചുകാമാക്ഷി - വെട്ടിക്കാമറ്റം	15	പഞ്ചായത്ത്റോഡ്
7.	തങ്കമണി - ഇരുക്കുട്ടി -പാണ്ടിപ്പാറ റോഡ്	6	പഞ്ചായത്ത് റോഡ്
8.	നീലിവയൽ കോട്ടയം കാനം പ്രകാശം റോഡ്	4	പഞ്ചായത്ത്റോഡ്
9.	7-ാംമൈൽ നെല്ലിപ്പാറ താലൂക്ക് P.W.D	3	ടാറിംഗ് ഭാഗികം
10.	തങ്കമണി പത്താം മൈൽ	6	ടാറിംഗ് ഭാഗികം
11.	ഉദയഗിരി ചന്ദനക്കവല മേരിഗിരി	4	സോളിംഗ് ഭാഗികം
	ആകെ	73k.	

കാമാക്ഷി ഗ്രാമപഞ്ചായത്ത് വാർഡുകളിലൂടെയുള്ള റോഡുകളുടെ വിവരം	ദൂരം
വാർഡ് I	
1. കാമാക്ഷി അമ്പലമേട് റോഡ്	3 k.m.
2. പാറക്കടവ് -മാളൂർ സിറ്റി -കൊച്ചുകാമാക്ഷി	5 k.m.
3. അമ്പലമേട് മൈക്കുകവല	3 k.m.
4. കാമാക്ഷി അടിവാരം-ഇടിത്തമല-പുഷപഗിരി	3 k.m.
5. മമ്പിക്കട-പുഷ്പഗിരി	2 k.m.
വാർഡ് II	
1. നെല്ലിപ്പാറ കൂട്ടക്കല്ല്	4 k.m.
2. നെല്ലിപ്പാറ പാറക്കടവ്	1 k.m.
3. നെല്ലിപ്പാറ-പുളിക്കാപുറം	2 k.m.
4. മത്തായിപ്പടി-മങ്ങാട്ടുകവല	1 k.m.
5. പഴയംമഠംപടി-പാറക്കടവ്	2 k.m.
6. കോന്തിയാമഠംപടി-പാറക്കടവ്	1 k.m.
7. മത്തായിപ്പടി-കരിമ്പൻസിറ്റി	1 k.m.
8. കൂട്ടക്കല്ല്-വെള്ളാരംകല്ല്-8-ാംമൈൽ	3 k.m.
വാർഡ് III	
1. എട്ടാംമൈൽ -മങ്ങാട്ടുകാനം	3 k.m.
2. ഒമ്പതാം മൈൽ -മണമേൽ പടി	3 k.m.
3. കാൽവരി മൗണ്ട് -കല്യാണതണ്ട് ടൂറിസ്റ്റ് കേന്ദ്രം	4 k.m.
4. കാൽവരി മൗണ്ട് -അംഗൻവാടി അൽഫോൻസാ നഗർ	2 k.m.
5. കാൽവരി മൗണ്ട് പള്ളിപ്പടി	2 k.m.
വാർഡ് IV	
1. കാമാക്ഷി ഗവ. ആശുപത്രി കാറ്റാടിക്കവല	2 k.m.
2. കാമാക്ഷി കൂട്ടക്കല്ല്	4 k.m.
3. കുടൻ കവല മൈക്ക് കവല അമ്പലമേട്	3 k.m.
4. കാമാക്ഷി കാറ്റാടി കവല ബൈപാസ്	3 k.m.
വാർഡ് V	
1. ഈട്ടിക്കവല നാരുപാറ	4 k.m.
2. ഈട്ടിക്കവല കോട്ടൂർ പടി	3 k.m.
3. ചക്കാലപ്പടി കാക്കനാട്ടു പടി	2 k.m.
4. കൈനാനിപ്പടി അമ്പലഭാഗം	3 k.m.
5. ചപ്പാത്ത് തങ്കമണി റോഡ്	5 k.m.
6. പാണ്ടിപ്പാറ ടൂറിസ്റ്റ് പാറ (പുരിശുപാറ)	3 k.m.
7. ഈട്ടിക്കവല പാണ്ടിപ്പാറ	3 k.m.
8. പാണ്ടിപ്പാറ ഇരുക്കൂട്ടി	3 k.m.
വാർഡ് VI	
1. ഉപ്പുതോട് ചിറ്റടിക്കവല	4 k.m.
2. കിളിയാർ കണ്ടം നീലിവയൽ കരിക്കും മേട്	6 k.m.
3. കരിക്കിൻമേട് പൂതക്കുഴി കവല റേഷൻകട	6 k.m.

കാമക്ഷി പഞ്ചായത്ത് വാർഡുകളിലൂടെയുള്ള റോഡുകളുടെ വിവരം

4.	പ്രകാശം നീലിവയൽ ഇരുകുട്ടി	5 k.m.
2.	നീലിവയൽ കുരിശുപള്ളി തങ്കമണി	400 മീ. വിൽ പ്ലെയ്സ്ഡ് കല്ല് പതിച്ചു.

വാർഡ് VII

1.	തങ്കമണി പ്രകാശ്	5 k.m.
2.	തങ്കമണി നീലിവയൽ ഉദയഗിരി	6 k.m.
3.	കോട്ടയം കാനം ഉദയഗിരി	3 k.m.
4.	പുറത്തേൽപടി ഉദയഗിരി	3 k.m.
5.	പ്രകാശ് കരിക്കിൻമേട്	4 k.m.
6.	പൂതക്കുളം കവല പേഴുംകവല നീലിവയൽ	3 k.m.
7.	പേഴുംകവല ചിറ്റേടത്തുകവല ഉദയഗിരി	6 k.m.
8.	മാടപ്ര കിളിയാർ	3 k.m.
9.	പാറക്കുളങ്ങര കുറ്റിയാടിപ്പടി ഉദയഗിരി	3 k.m.
10	പേഴുംകവല മൈക്കു കവല ഉദയഗിരി	4 k.m.

വാർഡ് VIII

1.	തെതൊമ്മൻ സിറ്റി ഉദയഗിരി	6 k.m.
2.	മേരിഗിരി കുപ്പച്ചാംപടി	3 k.m.
3.	മേരിഗിരി പാലക്കാസിറ്റി കുപ്പച്ചാംപടി	5 k.m.
4.	ഉദയഗിരി മാമ്പള്ളി മേരിഗിരി	5 k.m.

വാർഡ് IX

1.	തങ്കമണി ഇരുക്കൂട്ടി റോഡ്	4 k.m.
2.	ഈട്ടികവല നാരുപാറ	4 k.m.
3.	ഈട്ടിക്കവല അൽഫോൻസാ നഗർ	3 k.m.
4.	തങ്കമണി പള്ളിമേട് റോഡ്	3 k.m.
5.	തങ്കമണി കാറ്റാടിക്കവല അൽഫോൻസാ നഗർ	5 k.m.
6.	തങ്കമണി അച്ചൻകാനം റോഡ്	3 k.m.

വാർഡ് X

1.	തോമസ് മൗണ്ട് ഉദയഗിരി	4 k.m.
2.	തോമസ് മൗണ്ട് പുഷ്പഗിരി	4 k.m.
3.	പാറക്കടവ് തോമസ് മൗണ്ട് ഉദയഗിരി	6 k.m.
4.	സെന്റ് ജോർജ് മൗണ്ട് കടപ്ലാക്കൽ പടി റോഡ്	6 k.m.

വിവിധവാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന റോഡുകൾ

നാലാം വാർഡിനെയും ഒന്നാം വാർഡിനെയും ബന്ധിപ്പിക്കുന്ന കാമാക്ഷി അമ്പലമേട് റോഡ്, യാതൊരു വിധ അറ്റകുറ്റപ്പമികളും നാളിതുവരെ നടത്താട്ടൊ പ്രധാനപ്പെട്ട ഒരു റോഡാണിത്.

ഒന്നാം വാർഡും പത്താം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന അമ്പലമേട് കൊച്ചുകാമാക്ഷി റോഡ്.

മൂന്നാം വാർഡും രണ്ടാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന 8-ാംമൈൽ കൂട്ടക്കല്ല് റോഡ്.

നാലാംവാർഡും രണ്ടാം വാർഡും ബന്ധിപ്പിക്കുന്ന കാമാക്ഷി കൂടക്കല്ലുശ് റോഡ്. ഇതിൽ 600 m സോളിംഗ് നടത്തിയിട്ടുണ്ട്. ഫ്ലെസിൽ നിന്നും 1ലക്ഷം രൂപ അനുവദിച്ചിടുണ്ട്.

ഒൻപത്, അച്, ആറ്, വാർഡുകളെ ബന്ധിപ്പിക്കുന്ന 9, 5, 6, വാർഡുകളെ യോജിപ്പിക്കുന്ന ഇരുക്കൂട്ടി തങ്കമണി റോഡ് നീലിവയൽ അച്ചൻകാനം റോഡ്.

ഇരട്ടയാർ പഞ്ചായത്തിനെയും വാത്തികുടി പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ചന്ദനക്കവല ഞാറക്കവല റോഡ്.

ഇരട്ടയാർ കാമാക്ഷി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മേരിഗിരി, കുപ്പച്ചാംപടി ചെമ്പകപ്പാറ റോഡ് (വടക്കേൻ പടി)

പത്ത് എട്ട് വാർഡുകളെ ബന്ധിപ്പിക്കുന്ന തൊമ്മൻ സിറ്റി ഉയദഗിരി റോഡ്.

കാമാക്ഷി ഗ്രാമപഞ്ചായത്ത് ഹൈസ്കൂളുകളുടെ S.S.L.C. വിജയശതമാനം

സ്കൂളിന്റെ പേര്	1992-'93	1993-'94	1994-'95	1995-'96
സെന്റ് തോമസ് H.S.	51.5%	53%	54%	62%
കാൽവരി H. S. കാൽവരി മൗണ്ട്				

കാമാക്ഷി പഞ്ചായത്തിലെ ജനങ്ങളും ഊർജ്ജവും

കാമാക്ഷി പഞ്ചായത്തിന്റെ ആദ്യചരിത്രം പരിശോധിച്ചാൽ, ഊർജ്ജ ആവശ്യങ്ങൾക്ക് ജനങ്ങൾ വൃക്ഷങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി എന്നമ് കാണാം. അന്ന് വിറക് വളരെ സുലഭമായി ലഭിക്കുമായിരുന്നു. എന്നാൽ ഏതാനും വർ,ഷ്ങൾ കഴിഞ്ഞപ്പോൾ സുലഭമായിരുന്ന ലിറക് തീർത്തും കിട്ടാനില്ലാത്ത സാഹചര്യം ഉണ്ടായി. അപ്പോൾ മറ്റു ഊർജ സങ്കേതങ്ങളെ ഈ നാട്ടിലെ ജനങ്ങൾ ആശ്രയിക്കാൻ നിർബന്ധിതരാക്കിത്തീർത്തു. അടിക്കടി ഈ പ്രദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനവും ധാന്യ വിളകൾക്ക് ഉണ്ടായ കെടുമതികളും ആയപ്പോൾ തികച്ചും സാധാരണ ജനങ്ങളും മറ്റു ജീവിത മാർഗ്ഗങ്ങൾ അന്വേഷിച്ചു തുടങ്ങിയിരുന്നു. അതിന്റെ ഫലമായി ജനങ്ങളുടെ ജീവിത രീതിയിൽ തന്നെ വ്യതിയാനങ്ങൾ തുടങ്ങി. സുലഭമായി അന്നു ലഭിച്ചിരുന്ന കാലിവളർത്തലിൽ ഉള്ള സാധ്യതകളെ ജനം സ്വാഗതം ചെയ്തു. അത് അവരെ ഒരു പരിധി വരെ സഹായിക്കുകയും ചെയ്തു. ഇതിനകം യോഗ്യമായ അടുപ്പുകൾ നിലവിൽ വരികയും ഒരു പരിധിവരെ ഊർജ്ജ ആവശ്യങ്ങൾക്ക് അത് ഉപയോഗിക്കുകയും ചെയ്തു.

ടി പഞ്ചായത്തിലെ 80% ആൾക്കാർ ജൈവ ദ്രവ്യങ്ങളെ ആണ് ഊർജ്ജ ആവശ്യത്തിന് ഉപയോഗിക്കുന്നത്. ടി പഞ്ചായത്തിൽ തന്നെ കാറ്റിൽ നിന്നും, ചെറിയ വൈദ്യുതി നിലയങ്ങൾ സ്ഥാപിച്ചും, കാര്യക്ഷമമായ അടുപ്പുകൾർ വിതരണം ചെയ്തും ആധുനിക സൗകര്യങ്ങൾ ഉള്ള ഉപകരണങ്ങൾ വിതരണം ചെയ്തും ഊർജ്ജപ്രതിസന്ധി പരിഹരിക്കാവുന്നതാണ്. ധൃതഗതിയിൽ ഉള്ള വനവല്കരണം ടി പഞ്ചാത്തിൽ കാര്യക്ഷമമായി നടപ്പിൽ വരുതാൻ സാധിക്കും. ടി പഞ്ചായത്തിന്റെ സമീപ പ്രദേശത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ ഉണ്ടെങ്കിലും, ഇവിടുത്തെ സ്ഥിതി ഇന്നും പരിതാപകരമാണ്. വൈദ്യുതി എത്താത്ത മേഖലകളിൽ മണ്ണെണ്ണയുടെ ഉപയോഗം വളരെ കൂടുതലാണ്. ആവശ്യാനുസരണം അത് ലഭിക്കുന്നില്ല. ടി പഞ്ചായത്തിലെ 2% ആൾക്കാർ ഗ്യാസ് ഉപയോഗിക്കുന്നു. 5% ആൾക്കാർ ബയോഗ്യാസ് ഉപയോഗിക്കുന്നു. (ഇതിൻരെ പ്രചാരണം കുറയാൻ കാരണം കാലി വളർത്തലിൽ ഉണ്ടായ അമിതമായ ചിലവാണ്) 10% ആൾക്കാർ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നു. ബാക്കി വരുന്ന 84% ആൾക്കാരും ജൈവദ്രവ്യങ്ങളെ ആശ്രയിക്കുന്നവരാണ്. ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് ഊർജ്ജ ആവശ്യങ്ങൾ നടത്തുന്നവർ വലിയ വലിയ ആവശ്യങ്ങൾക്കായി ജൈവദ്രവ്യങ്ങളെയും ആശ്രയിക്കുന്നു.

ജനങ്ങളെ ഒരു പരിധി വരെ മിതമായ ഊർജം ഉപയോഗിക്കുന്നതിന് ബോധവല്കരണ പരിപാടികളും ധനസഹായങ്ങളും ചെയ്താൽ ടി പഞ്ചായത്തിലെ ഊർജ്ജ ആവശ്യങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കും.

ഊർജ്ജം

കാമക്ഷി പഞ്ചായത്തിലെ ഊർജ്ജാവശ്യത്തിന് പ്രധാനമായും ആശ്രയിക്കുന്നത് വിറകിനെയാണ്. വൈദ്യുതി 40% വീടുകളിൽ താഴെ മാത്രമാണ് ഉപയോഗിക്കുന്നത്. വൈദ്യുതി കൊണ്ടുള്ള സ്റ്റൗ, ഹീറ്റർ എന്നിവ വീടുകളിൽ കാര്യമായി ഉപയോഗിക്കുന്നില്ല. പ്രധാനമായും വീടുകളിലെ വൈദ്യുതി ഉപഭോഗം വെളിച്ചം കാണുന്നതിനം വൈദ്യുത മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിനുമാണ്. വൈദ്യുതി ഉപയോഗിച്ചുള്ള മില്ലുകൾ ചിലയിടങ്ങളിൽ പ്രവർത്തിക്കുന്നു.

വൈദ്യുതി രംഗത്ത് മിനിമം ഗ്യാരണ്ടിയിൽ ഒപ്പു

വച്ചിട്ടുള്ള ആളുകൾക്ക് വർഷങ്ങളായി കണക്ഷൻ ലഭിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥ ഇക്കാര്യത്തിൽ ഉണ്ടെന്ന് ജനങ്ങൾ ആക്ഷേപിക്കുന്നു. ഏറ്റവും പ്രധാനമായ സംഗതി മിനിമം ഗ്യാരണ്ടിയിൽ ഒപ്പു വച്ചിട്ടുള്ള ആളുകൾക്ക് അത് ലഭ്യമാക്കുക എന്നതാണ്.

ഗാർഹിക ആവശ്യത്തിന് വിറകാണ് കൂടുതൽ ഉപയോഗിക്കുന്നതെങ്കിലും വിറകിന്റെറ ദൗർലഭ്യം അനുഭവപ്പെട്ടു വരുന്നു. സാമൂഹ്യമായി മരം വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം പഞ്ചായത്തു തലത്തിലോ നടത്തേണ്ടതാണ്.

പുകയില്ലാത്ത ഇന്ധന ക്ഷമതയുള്ള അടുപ്പുകളുടെ പ്രചാരം കുറവാണ്. ഇതിന്റെ ശാസ്ത്രീയ വശത്തെ സംബന്ധിച്ച് വേണ്ടത്ര ധാരണ ജനങ്ങൾക്ക് ഇല്ലാത്തതാണ് കാരണം. ഒരു കാലത്ത് ജനങ്ങൾക്ക് താല്പര്യമുണ്ടായിരുന്നതാണെങ്കിലും സ്ഥാപിച്ച അടുപ്പുകൾ പോലും പിന്നീട് പൊളിച്ചു മാറ്റുക ഉണ്ടായിട്ടുണ്ട്.

ഈ അടുപ്പുകൾക്ക് വേണ്ടത്ര പ്രചാരണം കൊടുക്കുന്നതിനും ജനങ്ങൾക്ക് വേണ്ടത്ര അവബോധം ഇക്കാര്യത്തിൽ ഉണ്ടാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് മുൻതൂക്കമുള്ളൊരു പരശീലന ക്ലാസ്സ് ആരംഭിക്കുന്നതാണ്. ശാസ്ത്ര സാഹിത്യപരിഷത് Avert മുതലാവയുടെ സഹായം പഞ്ചായത്ത് ഇക്കാര്യത്തിൽ നേടണം.

വിവധതരം ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്. കച്ചിയടുപ്പ്, കുറ്റിയടുപ്പ് എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ സബ്സിഡി ഏർപ്പെടുത്താം.

പഞ്ചായത്തിൽ പ്രഷർ കുക്കറിൻരെ പ്രചാരം വേണ്ടത്ര.ഇല്ല. കൂടുതൽ ഇന്ധനക്ഷമതയുള്ള പ്രഷർ കുക്കർ ഉപയോഗിക്കുന്നതിന് പഞ്ചായത്തു തലതത്തിൽ സബ്സിഡി അടക്കമുള്ള പ്രോത്സാഹന സഹായങ്ങൾ ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ 1200 ഓളം വീടുകളിൽ ഗോവർഗ്യാസ് പ്ലാന്റുതകൾ ഉണ്ട്. ഇത്തരം പ്ലാന്റുകൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കാത്തത് കാലി വളർത്തലിലെ നഷ്ടം മൂലമാണ്. 50% സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾക്ക് കൂടുതൽ പ്രചാരം കൊടുക്കാവുന്നതാണ്. ഇപ്പോഴുള്ള സബ്സിഡി വളരെ പരയാപ്തമാണ്. ഇത്തരം പ്ലാന്റുകൾ തുടങ്ങിയ പല ആളുകളും പിന്നീട് അത് ഉപേക്ഷിച്ച സ്ഥിതിയുണ്ട്.

ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ സാധ്യതകൾ

പഞ്ചാത്തിന്റെ വിവിധ ഭാഗങ്ങൾ ചെറിയ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യതകളുണ്ട്. ഇതിന്റെ സാദ്ധ്യതയെ സംബന്ധിച്ച് വിദഗ്ധന്മാരുടെ ഒരു സംഘം പരിശോധന നടത്തേണ്ടതാണ്. പഞ്ചായത്തിലെ വൈദ്യുത രംഗത്തുള്ള അപര്യാപ്തത പരിഹരിക്തകുന്നതിന് ഒരു പക്ഷെ ഈ പ്രോജക്കുകൾ സഹായകരമാകും.

I താഴെ പറയുന്ന പ്രോജക്കുകൾ

1. ഇരുകൂട്ടി പ്രോജക്ട്
   (6, 9, വാർഡുകൾ ചേർന്ന് കരിക്കുംതോളം ഭാഗത്ത്)
2. എഴുത്തുപുര പ്രോജക്ട് -വെള്ളച്ചാട്ടം
   (രണ്ടാം വാർഡ് കാമാക്ഷി ഭാഗത്ത്) (6 മുതൽ 12 മാസം വരെ ജലം ലഭിക്കും)
3. ഒരപ്പുകുഴി പ്രോജക്ട് -4-ാംവാർഡ് (6മുതൽ 12 മാസം വരെ ജലം ലഭിക്കും)
4. അമ്പലമേട് പ്രോജക്ട്

II. കാറ്റിൽ നിന്നും വൈദ്യുതി

1. കാൽവരി മൗണ്ട് ഭാഗം - മൂന്ന് വാർഡ്
2. അമ്പലമേട് ഭാഗം - ഒന്നാം വാർഡ്
3. ഉദയഗിരി ഭാഗം - നാലാംവവാർഡ്
4. പുഷ്പഗിരി ഭാഗം - പത്താം വാർഡ്
5. കുരിശുമല-പാണ്ടിപ്പാറ - അഞ്ചാം വാർഡ്
6. കരിക്കുംമേട് - ഏഴാംവാർഡ്
7. പുളികാമ്പുറം കവല - രണ്ടാം വാർഡ്
8. മാച്ചാൻ കവല - ഒന്നാം വാർഡ്
9. കുരിശുപാറ-തങ്കമണി പള്ളി - ഒമ്പതാം വാർഡ്

III സോളാർ പ്രോജക്കുകൾ

കരിക്കുംമേട് ഭാഗത്ത് സോളാർ പ്രോജക്ട് ആരംഭിക്കാവുന്നതാണ്.

IV വൈദ്യുതി രംഗത്ത് വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ചില വീടുകളിൽ step up ഉപയോഗിക്കുന്നുണ്ട്. കൂടുതൽ ഇന്ധന ക്ഷമതുള്ള ബൾബുകൾക്കും മറ്റും പ്രചാരം കൊടുക്കേണ്ടതാണ്. ട്യൂബ് ലൈറ്റുകൾക്ക് സബ്സിഡി ഏർപ്പെടുത്തുക, ടങ്സ്റ്റൺ വിളക്കുകൾക്ക് പകരം.

(CFI) ഫ്ലൂറസെന്റ് വിളക്കുകൾ ഏർപ്പെടുത്തണം. കൂടുതൽ പ്രദേശങ്ങളിൽ വഴി വിളക്കുകൾ സ്ഥാപിക്കുന്ന പഞ്ചായത്തിൽ ഇപ്പോൾ അമ്പലമേട് ഭാഗത്ത് 33 വിളക്കുകൾ മാരമാണുള്ളത്. അതിൽ പകുതിയും കത്തുന്നില്ല. എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ഊർജിതമായി നടപ്പിലാക്കണം.

മറ്റൊരാവശ്യം വൈദ്യുത കമ്പികളിൽ തട്ടി നില്ക്കുന്ന വൃക്ഷ കമ്പുകൾ വെട്ടിമാറ്റാൻ ഉപഭോക്താവിനെ അനുവദിക്കണമെന്നുള്ളതാണ്.

മണ്ണെണ്ണയുടെ ഉപയോഗം അടിക്കടി വർദ്ധിച്ചു വരുന്നു. ആവശ്യത്തിനുള്ള മണ്ണെണ്ണ റേഷൻ കടകളിൽ നിന്നും ലഭിക്കുന്നില്ല. ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ജനങ്ങളുടെ ആവശ്യത്തിനടിസ്ഥാനത്തിൽ ഉയർന്നു വന്ന മേൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങൾ സമഗ്രമായി ഒരു പഠനത്തിന് വിധേയമാക്കി ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കിയാൽ കാമാക്ഷി പഞ്ചായത്തിലെ ഇന്ധനക്ഷാമം 100% പരിഹരിക്കാവുന്നതാണ്.

വാർഡു തലത്തിലുള്ള വൈദ്യുതിയുടെ വിവരങ്ങൾ

വാർഡ് I

വൈദ്യുതി വിതരണം തൃപ്തികരമല്ല. വഴി വിളക്കുകൾ 33 എണ്ണം ഉണ്ട്. പുകയില്ലാത അടുപ്പുകൾ 10% മാത്രമേ ഉള്ളൂ. ബയോഗ്യാസ് അടുപ്പുകൾ 2% ഉപയോഗിക്കുന്നു.

വാർഡ് II

വൈദ്യുതി വിതരണം തൃപ്തികരമല്ല. ലക്ഷം വീടു കോളനിയിൽ അടിയന്തിരനമായി വൈദ്യുതി എത്തിക്കണം. വോൾട്ടേജ് ക്ഷാമം അതി രൂക്ഷമാണ്. 3 ഫേസ് ലൈനുകൾ സ്ഥാപിക്കണം. വഴി വിളക്കുകൾ ആവശ്യമാണ്. അപകടാവസ്ഥയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റണം. വിറകിന്റെ ദൗർലഭ്യം മൂലം പുകയില്ലാത്ത അടുപ്പുകൾ വിതരണ് ചെയ്യണം.

വാർഡ് III

കല്യാണതണ്ട് പ്രദേശത്ത് വൈദ്യുതി എത്തിക്കണം. മിനിമം ഗ്യാരണ്ടിയിൽ ഒപ്പിട്ടിട്ടുള്ള എല്ലാവർക്കും ഉടൻ തന്നെ വൈദ്യുതി നൽകണം. പോസ്റ്റ് ഓഫീസ് ംഗ്ഷൻ മുതൽ കാൽവരി മൗണ്ട് ടൗൺ വരെ വഴി വിളക്കുകൾ സ്ഥാപികണം. 8-ാം മൈലിലും വഴി വിളക്കുകൾ സ്ഥാപിക്കണം. കുടിൽ ജ്യോതി അപേക്ഷകർക്ക് താമസിയാതെ കണക്ഷൻ നൽകണം. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക. ഈ വാർഡിലെ വൈദ്യുതി വിതരണം തൃപ്തികരമല്ല.

വാർഡ് IV

വൈദ്യുതി വിതരണം തൃപ്തികരമല്ല. തങ്കമണി, കാമാക്ഷി ലക്ഷംവീട് കോളനിയിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക. കുട്ടൻകവല, അമ്പലമേട്, ആയിലിക്കുന്നേൽ പ്രദേശങ്ങളിൽ മിനിമം ഗ്യാരണ്ടിയിൽ പ്രകാരം എല്ലാ ആൾക്കാർക്കും കണക്ഷൻ നൽകണം. തങ്കമണി ടൗണിൽ അടിയന്തിരമായി വഴി വിളക്കുകൾ സ്ഥാപിക്കണം. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക. എഴുവന്താനം പുരയിടത്തിലും എഴുത്തുപുര പുരയിടത്തിലും മിനി പ്രോജക്ടുകൾ സ്ഥാപിക്കണം.

വാർഡ് V

വൈദ്യുതി വിതരണം തൃപ്തികരമല്ല. ഈട്ടിക്കവല, ഈട്ടിക്കവല ഹരിജൻ കോളനി, നായരുപാറ, പാണ്ടിപ്പാറ, കരിക്കുംതോളം മുതലായ സ്ഥലങ്ങളിൽ വഴി വിളക്കുകൾ സ്ഥാപിക്കണം. ഈട്ടിക്കവല 9-ാംവാർഡിന്റെയും 5-ാംവാർഡിന്റെയും ഭാഗമായതിനാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വർക്കി കൊച്ചുപുരയുടെ പുരയിടത്തിൽ അടിയന്തിരമായി ഒരു L.T. ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ഈട്ടിക്കവല ഹരിജൻ കോളനി, ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കു. ചക്കാല പുരയിത്തിലും

ഇരുകൂട്ടിത്തോട്ടിലും ഡാമുകൾ നിർമ്മിച്ച് മിനി പ്രോജക്ട് സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക. ബയോഗ്യാസ് ആവശ്യമായ നടപടികൾ ആരംഭിക്കണം.

വാർഡ് VI

വൈദ്യുതി വിതരണം തൃപ്തികരമല്ല. മിനിമം ഗ്യാരണ്ടിയിൽ ഒപ്പു വച്ചിട്ടുള്ളവർക്ക് കണക്ഷൻ നൽകണം. ബയോഗ്യാസ് പദ്ധതി നടപ്പിൽ വരുത്തുക. നീലിവയലിൽ ഡാം നിർമ്മിക്കുക. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.

വാർഡ് VII

വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക. ബയോഗ്യാസ് പദ്ധതി വ്യാപകമാക്കുക. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക. വഴി വിളക്കുകൾ സ്ഥാപികു. മിനിമം ഗ്യാരണ്ടിയിൽ ഒപ്പു വച്ചവർക്ക് കണക്ഷൻ നൽകുക. കണ്ണംചിറ പുരയിടത്തിൽ മിനി വൈദ്യുത നിലയം സ്ഥാപിക്കുക.

വാർഡ് VIII

വൈദ്യുതി വിതരണേ തൃപ്തികരമല്ല. മേരിഗിരി മുതൽ വഴി വിളക്കുകൾ സ്ഥാപിക്കുക. എല്ലാ പ്രദേശത്തും വൈദ്യുതി കണക്ഷൻ നൽകുക. മിനിമം ഗ്യാരണ്ടിയിൽ ഒപ്പു വച്ചവക്ക് കണക്ഷൻ നൽകുക.

വാർഡ് IX

വൈദ്യുതി വിതരണം തൃപ്തികരമല്ല. മിനിമം ഗ്യാണ്ടിക്കാർക്ക് കണക്ഷൻ നൽകുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. പൂണ്ണമായും ത്രീ ഫേസ് ലൈൻ വലിക്കുക. തങ്കമണി മുതൽ ഈട്ടിക്കവല വരെയും പള്ളിമേട് വഴിയിലും അൽഫോൻസാ നഗർ വഴിയും ഈട്ടിക്കവല മുതൽ നായരുപാറ വരെയും തങ്കമണി ടൗൺ വരെയും തങ്കമണി മുഴുവനായും വഴി വിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കണം. ഇരുകൂട്ടിയിൽ വളരെ അത്യാവശ്യമായി വൈദ്യുതി ലഭ്യമാക്കുക. ഈട്ടിക്കവലയിൽ വർക്കൃകി കൊച്ചുപുരയുടെ പുരയിടത്തിൽ ഒരു L.T. ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കുക. ബയോഗ്യാസ് പദ്ധതി വ്യാപകമാക്കുക. പുകയില്ലാത്ത അടുപ്പുകൾ വിതരണേ ചെയ്യുക. തങ്കമണി പാണ്ടിപ്പാറ തോട് പാണ്ടിപ്പാറ ഭാഗത്ത് ഒരു ഡാം കെട്ടി കരിക്കിൻതോളം ഭാഗത്ത് മിനി പവ്വർ ഹൗസ് പണിത് കാമാക്ഷി പഞ്ചായത്തിലെ വൈദ്യുതി വതരണം കാര്യക്ഷമമാക്കണം. തങ്കമണി കേന്ദ്രമാക്കി ഒരു പാചകവാതകഗ്യാസ് ഏജൻസിക്ക് ലൈസൻസ് നൽകുക. തങ്കമണിയിൽ ഇക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ആഫീസ് അനുവദിക്കുക.

വാർഡ് X

വാർഡ് മുഴുവനായും വൈദ്യുതീകരിക്കുക. കവലകളിൽ വഴി വിളക്കുകൾ സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക. കാർഷിക വനവല്ക്കരണം നടപ്പിലാക്കുക.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. തങ്കമണി I
2. തങ്കമണി വെസ്റ്റ്
3. അമ്പലമേട്
4. പാണ്ടിപ്പാറ
5. കാൽവരിമൗണ്ട്
6. കരിക്കുംതോളം
7. നെല്ലിപ്പാറ

കാമാക്ഷി പഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a. ഗാർഹികം	-	1450
b. വ്യാപാരം	-	100
c. വ്യാവസായികം	-	7
d. കാർഷികം	-	24

കാമാക്ഷി ഗ്രാമ പഞ്ചായത്ത്
കോളനികളിലെ വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ഹരിജൻ കോളനിയുടെ പേര്		ലക്ഷം വീട് കോളനിയുടെ പേര്		വൈദ്യുതി ഉണ്ട്/ഇല്ല	വൈദ്യുതി കണ: ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബിൽ വൈദ്യു.ഉപ.എണ്ണം	പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടു. എണ്ണം
	സ്ഥലം	വീടുകൾ	സ്ഥലം	വീടുകൾ				
I	അമ്പലമേട്	80			ഉണ്ട്	80	1	50
	കാമാക്ഷി	40			ഉണ്ട്	40	10	49
II			കാമാക്ഷി	10	ഇല്ല			
			നെല്ലിപ്പാറ	10	ഇല്ല			
III								
IV			തങ്കമണി	20	ഉണ്ട്	3		
V	ഈട്ടിക്കവല	20	ഈട്ടിക്കവല	10	ഇല്ല			
VI								
VII								
VIII			ഉദയഗിരി	10	ഇല്ല			
IX								
X								
ആകെ								

മാർക്കറ്റ്

കാമാക്ഷി പഞ്ചായത്തിൽ തങ്കമണിയിലുള്ള മാർക്കറ്റിൻറെ സ്ഥിതി ശോചനീയമാണ്. ദുർഗന്ധം വമിക്കുന്ന മാർക്കറ്റിൽ മാംസക്കച്ചവടക്കാർ അവശിഷ്ടങ്ങൾ അവിടെത്തന്നെ ഇടുന്നതാണ് കാരണം.

മത്സ്യം വിറ്റഴിക്കുന്നിടത്തും ദുഗർഗന്ധമാണ്. പച്ചക്കറി കടകളിൽ നിന്നും മറ്റ് കടകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ ഓടതകളിൽ ഇടുന്നതുമൂലം ഓടകളിൽ മണ്ണു തടഞ്ഞു നിന്ന് അടഞ്ഞു പോകുന്നു.

ഓടകളിൽ നിന്നുള്ള പച്ചക്കറി കടകളിൽ നിന്നും അവശിഷ്ടങ്ങൾ ദൂരെ കൊണ്ടുപോയി കളയുവാനുള്ള തീരുമാനം എടുക്കുന്നു.

മൃഗങ്ങളെ ചന്തയിൽ വച്ച് കൊല്ലുന്നത് നിരോധിക്കുകണം. കാലികളെ കൊല്ലുന്നതിന് സ്ലാട്ടർ ഹൗസ് സ്ഥാപിക്കണം. മത്സ്യ വില്പന മാർക്കറ്റിൽ മത്രമാക്കണം. സ്വതന്ത്രമായ മാർക്കറ്റ് പച്ചക്കറി കൃഷിയുടെ വിപണനത്തിന് അനിവാര്യമാണ്. പഞ്ചായത്തു തലത്തിൽ പച്ചക്കറി സ്റ്റാളുകൾ സ്ഥാപിക്കണം.

ശരിയായ രൂപത്തിൽ ഗതാഗതം നിയന്ത്രിക്കുന്നതിന് ബസ്സ്റ്റാന്റ്, ജീപ്പ് സ്റ്റാൻറ് എന്നിവ ആവശ്യമാണ്. പഞ്ചായത്തു തലത്തിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.

VII പാർപ്പിടവും സാമൂഹ്യക്ഷേമവും

തികച്ചും കാർഷികമേഖലയായ ഈ പഞ്ചായത്തിലെ ജനങ്ങളുടെ പാർപ്പിട സ്ഥിതി തൃപ്തികരമല്ല. ആകെയുള്ള 4954 വീടുകളിൽ 2496 - എണ്ണം കൂടിലുകളും 2458 - എണ്ണം സാമാന്യ നിലവാരം ഉള്ളവയുമാണ്. ഗൾഫ് വരുമാനത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ പ്രകടമായി കാണുന്നില്ല. പഞ്ചായത്തിലെ 51% വീടുകളും പുല്ലുമേഞ്ഞവയും റൂഫിൻ ഷീറ്റ് ഇട്ടതുമാണ്. ഓലമേഞ്ഞ കെട്ടിടങ്ങൾ ഇല്ലെന്നു തന്നെ കാണാം. 40% വീടുകളുടെ ചുവർ മണ്ണിഷ്ടിക കൊണ്ടു നിർമ്മിച്ചതാണ്. ഇവയുടെ തറ പരമ്പരാഗതമായ രീതിയിൽ മണ്ണുറപ്പിച്ച് ചാണകം മെഴുകിയിട്ടുള്ളതാണ്. 60% വീടുകൾ ചുടുകട്ടകൊണ്ട് കെട്ടി തറ സിമിന്റിട്ടതാണ്. 5% വീടുകൾ മാത്രമേ പൂർണ്ണമായി സിമിന്റ് തേച്ച് പണി തീർന്നിട്ടുള്ളൂ. 50% വീടുകൾ 100. ചതുരശ്രയടിയിൽ താഴെ വിസ്തീർണ്ണം ഉള്ളവയാണ്. 100 അടിമുതൽ 300 ച. അടിവരെ വിസ്തീർണ്ണമുള്ള 40% വീടുകൾ ഉണ്ട്. 5% വീടുകൾ 300ച. അടിക്ക് മുകളിൽ ഉള്ളവയാണ്. 5% വീടുകൾ സംയുക്ത സംഘടനകൾ തീർത്തിട്ടുള്ള വീടുകളുമാണ്.

ഭൂരിപക്ഷം വീടുകളും തറ, ചുവർ, മേൽപ്പുറം, വിസ്തീർണ്ണം എന്നിവ പരിഗണിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാറ്റവും നിർമ്മാണവും ആവശ്യമുള്ളതുമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 1% വീടുകൾ മാത്രമേ മേൽക്കൂര കോൺക്രീറ്റ് ചെയ്ത് കാണുന്നുള്ളൂ. പഞ്ചായത്തിൽ 8 കെട്ടിടങ്ങൾ രണ്ടുനിലകളാണ്. 15% വീടുകൾക്കു മാത്രമേ പുകയില്ലാത്ത അടുപ്പുകൾ ഉള്ളൂ.

കട്ടപ്പന ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലാണ് ഈ പഞ്ചായത്ത് സംഘം വായ്പ കൊടുത്തു നിർമ്മിച്ച 51 വീടുകൾ ഇവിടെയുണ്ട്. സർക്കാർ ധനസഹായത്തോടുകൂടി നിർമ്മിച്ച 127 വീടുകൾ ഇവിടെയുണ്ട്.

ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം രൂക്ഷമാണ്. ഉറപ്പില്ലാത്തതും നനഞ്ഞ് ജീർണ്ണിച്ചതും പ്രകൃതിക്ഷോഭങ്ങളിൽ പെട്ടെന്നു കേടുപാടുകൾ ഉണ്ടാകുന്നതുമായ വീടുകൾ പുനരുദ്ധരിച്ചും ഇവിടുത്തെ പാർപ്പിട സ്ഥിതി അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതാണ്. 723 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ബാക്കിയുള്ള ആളുകൾ വൈദ്യുതി മിനുമം ഗ്യാരണ്ടിയിലും മറ്റും അപേക്ഷ നൽകി കാത്തിരിക്കുന്നവരാണ്.

കെട്ടിടനിർമ്മാണ സഹകരണ സംഘത്തിൽ നിന്ന് വായ്പയെടുക്കുവാനും മൈത്രീഭവൻ പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവയ്ക്കുവാനും കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതുകൊണ്ട് ആളുകൾക്ക് കഴിയുന്നില്ല. ഭവനനിർമ്മാണ സാമഗ്രികളുടെ വിലകയറ്റവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവും വാഹനസൗകര്യത്തിന്റെ കുറവുംമൂലം ഭവനനിർമ്മാണ പദ്ധതികൾ പരാജയപ്പെടുന്നു. പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ 2 I. H. D. P കോളനിയും 5-ാം വാർഡിൽ 1 S. C കോളനിയും ഉണ്ട്. രണ്ടാം വാർഡിലെ ലക്ഷം വീടു കോളനിക്ക് 3000 രൂപ ഗവൺമെന്റ് സഹായവും ബാക്കി ഗുണഭോക്താവിന്റെ വിഹിതവുമായിട്ടാണ് വീടു നിർമ്മിച്ചിട്ടുള്ളത്. 4-ാം വാർഡിൽ രണ്ട് ലക്ഷംവീട് കോളനിയുണ്ട്. കാമാക്ഷിയിലുള്ള കോളനിക്ക് സ്ഥലം മാത്രമേ പഞ്ചായത്ത് നൽകിയിട്ടുള്ളൂ. സന്നദ്ധ സംഘങ്ങളുടെ സഹായത്തോടെ അവർതന്നെ നിർമ്മിച്ച വീടുകളാണവിടെയുള്ളത്. 8-ാം വാർഡിലുള്ള ലക്ഷം വീടുകോളനിയിലെ വീടുകൾ ഗുണഭോക്താക്കൾ സ്വന്തമായി നിർമ്മിച്ചവയാണ്. കോളനികളിൽ കുടിവെള്ളക്ഷാമവും കക്കൂസിന്റെ അപര്യാപ്തതയും വലിയ പ്രശ്നമാണ്. അടിയന്തിരമായി ഈ കോളനികൾ വൈദ്യുതീകരിച്ചും പാർപ്പിടങ്ങൾ നന്നാക്കിയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയും നിവാസികളെ സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ 9-ാം വാർഡിലും 4-ാം വാർഡിലും പുതിയതായി കെട്ടിടങ്ങൾ തീർന്നുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. ഇവിടെ കെട്ടിടനിർമ്മാണത്തിനാവശ്യമായ ചുടുകട്ടയും, കരിങ്കല്ലും സുലഭമാണ്. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഒരു ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്.

കെട്ടിട നിർമ്മാണ തൊഴിലാളികൾ

മേസ്തിരിമാർ	- 95
ആശാരിപ്പണി	- 123
വിദഗ്ധ തൊഴിലാളികൾ	- 36
ഇഷ്ടിക തൊഴിലാളികൾ	- 142
കരിങ്കൽ തൊഴിലാളികൾ	- 85

ഇതിൽ 15% സ്ത്രീതൊഴിലാളികൾ ആണ്

എല്ലാവർക്കും മെച്ചപ്പെട്ട പാർപ്പിടസൗകര്യം ലഭിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് സന്നദ്ധ

സംഘടനകളുടെ സഹായത്തോടുകൂടി ഭവനനിർമ്മാണ മേഖല പുഷ്ടിപ്പെടുത്താൻ പഞ്ചായത്ത് നേതൃത്വം അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കണം.
2. വീടുനിർമ്മാണത്തിന് ഗവൺമെന്റ് സഹായം ലഭിക്കുന്നതിനും പട്ടയത്തിനുപകരം കൈവശ അവകാശ സർട്ടിഫിക്കേറ്റ് നൽകുവാനുള്ള അവകാശം പഞ്ചായത്തിന് നൽകുക.

2a. പഞ്ചായത്ത് കൈവശ അവകാശ സർട്ടിഫിക്കറ്റ് വീടുനിർമ്മാണത്തിനായി വാങ്ങുന്നവർ (വായ്പയെടുത്താൽ) വായ്പയുടെ കാലാവധി തീരാതെ പ്രസ്തുത വസ്തു കൈമാറ്റം ചെയ്യാൻ അനുവദിക്കുന്നതല്ല.

3. പഞ്ചായത്തിലെ ദാരിദ്ര രേഖയ്ക്കു താഴെയുള്ളവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
4. ഈ രേഖയ്ക്ക് മുകളിലുള്ള ആളുകൾക്ക് 50% ധനസഹായത്തോടെ കക്കൂസ് നിർമ്മിച്ചു നൽകുക.
5. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത മുഴുവൻ വീടുകൾക്കും വൈദ്യുതി ലഭിക്കുന്നതിനുള്ള സഹായം നൽകുക.
6. പുകയില്ലാത്ത അടുപ്പുകൾ നൽകുക.
7. ജോലികൾക്കായി പഞ്ചായത്തിന്റെ പുറത്തു നിന്നും വരുന്ന ആളുകൾക്ക് താമസത്തിനായി ഹോസ്റ്റൽ നിർമ്മിച്ചു കൊടുക്കുക.
8. കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിന് ഉള്ള സഹകരണസംഘം ഉണ്ടാക്കുക.
9. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ സെന്റർ പഞ്ചായത്തിൽ സ്ഥാപിക്കുക.
10. എല്ലാ വീടുകൾക്കും ഇൻഷുറൻസ് പദ്ധതി സംരക്ഷണം നിർബ്ബന്ധമാക്കണം.
11. മൈത്രീഭവൻ പദ്ധതിപ്രകാരം ഒരു വാർഡിൽ ഒരു വർഷം 50 വീടുകൾ നിർമ്മിച്ചു നൽകുക.
12. കാൽവരി മൗണ്ടിൽ ഒരു ഹരിജൻ കോളനിയും കരിക്കിൻമേട്ടിൽ ഒരു കോളനിയും സ്ഥാപിക്കുക.
13. ഭവന നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ഉറപ്പുവരുത്തുക.
14. എല്ലാ വീടുകൾക്കും സൗജന്യനിരക്കിൽ പ്രഷർകുക്കർ നൽകുക.
15. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ടൂൾകിറ്റ് സൗജന്യമായി നൽകണം.

	കുടിലുകൾ	മറ്റുള്ളവ	ആകെ
I	321	246	567
II	222	358	580
III	282	301	583
IV	302	306	608
V	198	255	453
VI	362	158	520
VII	248	246	494
VIII	96	172	268
IX	239	270	509
X	226	146	372
	2496	2458	4954

1995 - ലെ പഞ്ചായത്ത് കെട്ടിട അസ്സസ്സ്മെന്റ് രജിസ്റ്ററിൽനിന്ന്

സാമൂഹ്യക്ഷേമം

രണ്ടുവിധത്തിലുള്ള സാമൂഹ്യക്ഷേമപദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമ്മാഇജ്ജന പദ്ധതികളും, വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും. 1995- ലെ I. R. D. P. സർവ്വേപ്രകാരം ദാരിദ്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2191 ആണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 115 ആണ്. ഇതിൽ SC/ 73 ഉം ST /4 ഉം ആണ്. സഹായം ലഭിച്ചതുവഴി 162 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തി. I. R. D. P പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ സാധിക്കുന്നത്. അർഹരായവരിൽ വളരെ ചെറിയ വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്യ നിർമ്മാഇജ്ജന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന കാര്യം വ്യക്തമാക്കുന്നു.

1995 - ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

വാർദ്ധക്യകാല പെൻഷൻ	- 60
വികലാംഗ പെൻഷൻ	- 5
വിധവാ പെൻഷൻ	- 18
തൊഴിലില്ലായ്മ വേതനം	- 206
കർഷക തൊഴിലാളി പെൻഷൻ	- 187

ധനസഹായം ലഭിക്കുന്നവരിൽ തൊഴിൽ ഇല്ലായ്മാവേതനം വാങ്ങുന്നവരിൽ 40% അനർഹരാണ്. അർഹരായ നല്ലൊരുഭാഗം അപേക്ഷകർക്കു ധനസഹായം ലഭിക്കുന്നില്ല എന്ന് പ്രാഥമിക പരിശോധനയിൽ മനസ്സിലാക്കാം. നിർമ്മാണ തൊഴിലാളി ക്ഷേമനിധി പോലുള്ള പദ്ധതികളുടെ നടത്തിപ്പു കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ക്ഷേമനിധികളുടെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതുണ്ട്. I. R. D. P ലിസ്റ്റ് അടിയന്തിരമായി പുതുക്കണം. പതിനെട്ടു വയസ്സിനുമുകളിൽ പ്രായമുള്ള ആൺമക്കൾ ഉണ്ട് എന്ന കാരണത്താൽ നിർദ്ധനരും, നിരാലംബരുമായ വിധവകൾക്കും വൃദ്ധജനങ്ങൾക്കും പെൻഷൻ ലഭിക്കുന്നതിന് നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾമൂലം തടസ്സം നേരിടുന്നു. ആയതിനാൽ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്കും പെൻഷൻ ലഭിക്കും എന്ന് ഉറപ്പുവരുത്തുക.

പല ക്ഷേമപ്രവർത്തനങ്ങളുടെയും നടത്തിപ്പ് കാര്യക്ഷമമല്ലാ. ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

സ്വാശ്രയ ഗ്രാമപദ്ധതിയുടെ നേട്ടങ്ങൾ

കാമാക്ഷി ഗ്രാമപഞ്ചായത്ത് സ്വാശ്രയ പഞ്ചായത്തായി തിരഞ്ഞെടുത്തതിനു ശേഷം ലഭിച്ച ആനുകൂല്യങ്ങൾ.

വർഷം	തുക	ഗുണഭോക്താക്കൾ
92-93	1,00,000	15 കുടുംബങ്ങൾ
93-94	3,50,000	76 "
94-95	4,00,000	226 "
95-96	2,00,000	70 "
96-97	4,00,000	258 "
ആകെ തുക - 14,50000/-		
ആകെ കുടുംബങ്ങൾ - 645		

ഫണ്ട് വിനിയോഗിച്ച് നടത്തിയ പദ്ധതികൾ

പബ്ലിക് ലൈബ്രറികൾക്ക് T. V സെറ്റ്, T. V പ്രദർശന ഹാൾ, മാർക്കറ്റ് സ്റ്റാൾ, നിർദ്ധനരായ കുടുംബങ്ങൾക്ക് പെട്ടിക്കട, കന്നുകാലി, ആട്, പച്ചക്കറികൃഷി, കമ്പോസ്റ്റ്കുഴി, കക്കൂസ്, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം, മഹിളാ സമാജങ്ങൾക്ക് തയ്യൽമിഷൻ, സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം ഇവയാണ്.



കാമാക്ഷി സ്വാശ്രയ ഗ്രാമപഞ്ചായത്ത് ഉദ്ഘാടനം ബഹു: ഇടുക്കി M.L.A. ശ്രീ. മാത്യു സ്റ്റീഫൻ നിർവ്വഹിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് മാത്യു മ്പായി തെക്കേമല, ഫാ. ജോസഫ് വെള്ളിയാംതടം, ജില്ലാ പ്ലാനിംഗ് ഓഫീസർ

VIII സംസ്കാരം

അദ്ധ്വാന ശക്തിയുമായി കുടിയേറിയ കർഷകർക്ക് സാംസ്കാരിക കലാരംഗങ്ങളിൽ ആദ്യകാലങ്ങളിൽ വളരാൻ കഴിഞ്ഞില്ല, ഈ പഞ്ചായത്തിൽ ആദ്യമായി ഒരു വായനശാല (മഹാത്മാഗാന്ധി മെമ്മോറിയൽ) രൂപം കൊണ്ടത് കാമാക്ഷിയിലാണ്. ആ വായനശാല ഇപ്പോൾ സഹൃദയ ലൈബ്രറി എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ലൈബ്രറിയുടെ നേതൃത്വത്തിൽ കലാകായിക മത്സരങ്ങൾ നടത്തിവരുന്നുണ്ട്.

തുടർന്നു തങ്കമണിയിൽ പബ്ലിക് ലൈബ്രറി രൂപംകൊണ്ട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 9 വായനശാലകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ ഭൂരിപക്ഷത്തിന്റെയും പ്രവർത്തനം തൃപ്തികരമല്ല എന്നുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഈട്ടികവലയിൽ ഒരു പഞ്ചായത്ത് സാംസ്കാരികനിലയം പ്രവർത്തിക്കുന്നു. നാല് T.V പ്രദർശനശാലകൾ പ്രവർത്തിക്കുന്നുണ്ട്. കരിക്കുംമേട്ടിൽ സോളാർ T.V പ്രവർത്തിക്കുന്നു. 50% സബ്സിഡിയോടുകൂടി നാലു വായനശാലകൾക്ക് T.V സെറ്റ് നൽകിയിട്ടുണ്ട്. ഗ്രന്ഥശാലകളിലെ വരിക്കാരുടെയും വായനക്കാരുടെയും എണ്ണം കുറഞ്ഞുവരുന്നു. T.V പരിപാടികൾ കാണുന്നവരുടെ സംഖ്യ കൂടിവരുന്നു. ക്രിസ്ത്യൻ ദേവാലയങ്ങളിലും ക്ഷേത്രങ്ങളിലും തിരുനാളുകളും ഉൽസവങ്ങളും സംബന്ധിച്ച് കേരളത്തിലെ പ്രശസ്തരായ നാടക സമിതികളുടെ പരിപാടികൾ അവതരിപ്പിക്കാറുണ്ട്. ഇതിൽ എല്ലാ വിഭാഗം ആളുകളും സഹകരിക്കുന്നുണ്ട്.

നിലവിലുള്ള സ്കൂളുകൾ കേന്ദ്രമാക്കി കലാകായിക മേളകൾ നടത്താറുണ്ട്. കാൽവരിമൗണ്ട് ഹൈസ്ക്കൂളിലെ കുട്ടികൾ സംസ്ഥാനതലത്തിലും ദേശീയതലത്തിലും സ്പോർട്സിന് മികച്ചനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ദേശീയതലത്തിൽ വോളിബോൾ രംഗത്ത് പ്രഗൽഭതാരങ്ങളെ ഈ പഞ്ചായത്തിന് സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കബഡി മൽസരത്തിൽ ദേശീയ സെലക്ഷൻ കിട്ടിയ വനിതകൾ ഇവിടെയുണ്ട്.

നാഷണൽമീറ്റിൽ 800-മീറ്റർ ഓട്ടത്തിന് മറിയാമ്മ വർക്കി മണ്ണത്താനിയും മീറ്റർ ഓട്ടത്തിന് മിനിമോൾ ജോസഫ് പോഴമംഗലവും സ്വർണ്ണമെഡലുകൾ നേടിയിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു. വാർത്താമാദ്ധ്യമങ്ങളിൽ മലയാള മനോരമ, ദീപിക, മാതൃഭൂമി, ദേശാഭിമാനി, മംഗളം എന്നീ ദിനപത്രങ്ങളും, വാരികകളിൽ മംഗളം, മനോരമ, രാഷ്ട്രദീപിക, കലാകൗമുദി, ഇൻഡ്യാറ്റുഡേ, കേരളശബ്ദം എന്നിവയും കുട്ടികളുടെ മാസികളായ, ബാലരമ, വചനോൽസവം, സത്യദീപം, അമ്മ, ദീപിക എന്നിവയും ഇവിടെ പ്രചാരത്തിൽ ഉണ്ട്.

തങ്കമണി Y.M.A യുടെ നേതൃത്വത്തിൽ പഞ്ചായത്തു സഹകരണത്തോടെ P.V ജോസഫ് പാലയ്ക്കൽ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ് വർഷംതോറും നല്ലനിലയിൽ നടത്തിവരുന്നു. സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

ലൈബ്രറികളിൽ വനിതകളുടെ സഹകരണം കുറവാണ്.

നിർദ്ദേശങ്ങൾ

1. എല്ലാവാർഡുകളിലും സാംസ്ക്കാരിക നിലയങ്ങൾ ഉണ്ടാക്കണം.
2. വായനശാലകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.
3. പഞ്ചായത്തിൽ ഒരു വനിതാ വായനശാല ഉണ്ടാക്കണം.
4. കായിക പരിശീലനത്തിന് പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കണം.
5. T.V സെന്ററുകൾ നിലവിൽ ഇല്ലാത്ത വാർഡുകളിൽ T.V സെന്ററുകൾ ആരംഭിക്കണം.
6. നാടൻ കലാരൂപങ്ങൾ പ്രോൽസാഹിപ്പിക്കണം.
7. കലാ കായിക രംഗങ്ങളിൽ വനിതകളെ പ്രോൽസാഹിപ്പിക്കണം.
8. ദേശീയ ഉൽസവങ്ങൾ അനുബന്ധിച്ചു പഞ്ചായത്തു തലത്തിൽ കലാകായികമൽസരം നടത്തുക.
9. പഞ്ചായത്തിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കുക.
10. കർഷക ക്ലബ്ബ് സ്ഥാപിക്കുക.
11. ലക്ഷം വീട് കോളനിയിൽ T.V സെന്റർ സ്ഥാപിക്കുക.
12. മദ്യത്തിനും മയക്കുമരുന്നിനും എതിരേ ബോധവൽക്കരണം നടത്തുക.

13. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ 3-ൽ കുറയാത്ത പൊതുശ്മശാനങ്ങൾ ആവശ്യമുണ്ട്.

14. വായനശാലകളുടെ കെട്ടിടങ്ങൾ പുതുക്കി പണിയണം. മിക്ക വായനശാലകൾക്കും ഉറപ്പുള്ള കെട്ടിടങ്ങൾ ഇല്ല.

15. പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ഇനിയും വായനശാലകൾ ആവശ്യമുണ്ട്. പഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് ജനങ്ങളെ സഹകരിപ്പിച്ച് പ്രവർത്തിക്കണം.



വനിതാക്ഷേമം

കാമാക്ഷി പഞ്ചായത്ത് കുടിയേറ്റമേഖലയാണ്. 1959-ൽ ആണ് ഈ പ്രദേശത്ത് ആളുകൾ കുടിയേറി താമസം ആരംഭിച്ചത്. മീനച്ചിൽ, തൊടുപുഴ, വൈക്കം, മൂവാറ്റുപുഴ, ചങ്ങനാശ്ശേരി എന്നീ താലൂക്കുകളിൽ നിന്നും തിരുവതാംകൂറിന്റെ വിവിധ താലൂക്കുളിൽ നിന്നും കുടിയേറി പാർത്തവരാണ് ബഹുഭൂരിപക്ഷം ആളുകളും

17-8-1968-ൽ ആണ് കാമാക്ഷി പഞ്ചായത്ത് നിലവിൽ വന്നത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ഔസേഫ് എബ്രാഹം ആലക്കാപറമ്പിൽ ആയിരുന്നു.

1979-ൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. മാത്യു മത്തായിയുടെ കീഴിൽ വന്ന ഭരണസമിതിയിലെ ആദ്യത്തെ വനിതാ മെമ്പർ ശ്രീമതി. ചിന്നമ്മ മത്യു തേനംമാക്കൽ ആയിരുന്നു. തുടർന്ന് 1988-ൽ നിലവിൽ വന്ന ഭരണസമിതിയിൽ ശ്രീമതിമാർ ആനീസ് വർഗീസ്, അന്നമ്മ മൈക്കിൾ എന്നിവർ വനിതാ മെമ്പർമാർ ആയിരുന്നു. 1995-ഒക്ടോബർ മാസം നിലവിൽ വന്ന പഞ്ചായത്ത് ഭരണസമിതിയിൽ ശ്രീമതിമാർ റോസമ്മ തോമസ്, ഷേർളി ജോസഫ്, ജെസി ജോസഫ്, ലിസിയമ്മ തോമസ് എന്നിവരാണ് വനിതാ മെമ്പർമാർ

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ 1991-ലെ ജനസംഖ്യാ കണക്കനുസരിച്ച് ആകെ ജനസംഖ്യ - 20425ആണ്. അതിൽ പുരുഷന്മാർ - 10359 ഉം സ്ത്രീകൾ 10066ഉം ആണ്.

കഴിഞ്ഞ 38 വർഷങ്ങൾക്ക് മുമ്പ് വളരെയധികം ദുരിതങ്ങളും കഷ്ടതകളും സഹിച്ച് കുടിയേറിയ ആളുകൾ വനഭൂമിയിൽ മണ്ണിനോടും വന്യമൃഗങ്ങളോടും മല്ലടിച്ച് ഈ പ്രദേശം കൃഷിസ്ഥലങ്ങളാക്കി മാറ്റി. ഈ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി പുരുഷന്മാരോടൊപ്പം കഷ്ടപ്പെടുന്നതിൽ ഇവിടുത്തെ സ്ത്രീകളും തുല്യ പങ്കു വഹിച്ചിട്ടുണ്ട്. കുട്ടികകളെ പരിപാലിക്കുന്നതിലും കുടുംബത്തിന്റെ പ്രാരാബ്ധം ഏറ്റെടുത്തുകൊണ്ട് ധീരമായി മുന്നോടുപോയ സ്ത്രീകളുടെ സേവനം പ്രശംസനീയമാണ്.

ഈ പഞ്ചായത്തിൽ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾ 370ആണ്.

II സ്ഥാപനങ്ങൾ

കാമാക്ഷി പഞ്ചായത്തിൽ നിലവിലുള്ള ഒരു സംഘടനകളിലും വനിതാ നേതൃത്വം ഇല്ല. പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളായ സ്കൂൾ, അംഗനവാടികൾ, പ്രൈമറി ഹെൽത്ത്സെൻറർ തുടങ്ങിയവയിൽ 3-ാംവാർഡ് ഒഴികെയുള്ള വാർഡുകളിൽ സ്ത്രീ ജീവനക്കാരാണ് കൂടുതൽ.

III കാർഷികം

ഈ പഞ്ചായത്തിലെ പണിയെടുക്കുന്ന 80% വനിതകളും കാർഷിക മേഖലയിലാണ് ജോലി ചെയ്യുന്നത്. എന്നാൽ കൂലിനിരക്കിലുള്ള അന്തരവും കാർഷിക മേഖലയിലെ മുരടിപ്പും കാരണം സ്ത്രീകൾ മറ്റു തൊഴിൽ മേഖലകളായ കെട്ടിടനിർമ്മാണം, റോഡുപണി, പാറമടയിലെ പണി തുടങ്ങിയവയിലേക്ക് തിരിയുന്നു. എല്ലാമേഖലയിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി നിരക്ക് കുറവാണ്. കൃഷിപണിക്ക് സ്ത്രീകൾക്ക് 40 ഉം പുരുഷന്മാർക്ക് 60 മറ്റുമേഖലകളിൽ സ്ത്രീകൾക്ക് 60 പുരുഷന്മാർക്ക് 80 ഉം എന്നീ നിരക്കിലാണ്. സ്ത്രീ പുരുഷ കൂലിനിരക്ക് ഏകീകരിക്കുക, തൊഴിൽ സമയം 8 മണിക്കൂർ എന്നത് 6 മണിക്കൂർ ആക്കുക എന്നത് ഈ പ്രദേശത്തെ സ്ത്രീകളുടെ ആവശ്യമാണ്.

ഈ പഞ്ചായത്തിൽ എല്ലാവാർഡുകളിലും പച്ചക്കറികൃഷി, ഔഷധ സസ്യകൃഷി, ഉദ്യാനകൃഷി തുടങ്ങിയ കാർഷിക പദ്ധതികൾക്കുള്ള സാധ്യതയുണ്ട് ഇതിനുള്ള ധനസഹായം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിയാൽ ഉപകാരപ്രദാനമാണ്. അർഹരായ വനിതകൾക്ക് കർഷകത്തൊഴിലാളി പെൻഷൻ എത്രയും വേഗം നല്കണമെന്നുള്ളത് ഈ പഞ്ചായത്തിലെ വനിതകളുടെ

ഒരു ആവശ്യമാണ്. കൂൺ കൃഷിയ്ക്കുള്ള ധനസഹായം നല്കിയാൽ കുറേ വീട്ടമ്മമാർക്ക് ഗുണം ചെയ്യും.

IV. മൃഗസംരക്ഷണം

കന്നുകാലി വളർത്തലിന് അനുയോജ്യമായ ഭൂപ്രകൃതിയാണ് കാമാക്ഷി പഞ്ചായത്തിനുള്ളത്. കാലി വളർത്തൽ ഒഴികെ ആടുവളർത്തൽ, മുയൽ വളർത്തൽ, കോഴി വളർത്തൽ പന്നി വളർത്തൽ മുതലായ സംരഭങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ ക്കുറവാണ്. സാമ്പത്തിക പരാധീനതയും ക്ഷീരവിതരണത്തിനുള്ള സ്ഥാപനങ്ങളുടെ പരിമിതികളും മൃഗങ്ങൾക്ക് രോഗം വന്നാൽ ചികിത്സിക്കാനുള്ള ചികിത്സാകേന്ദ്രങ്ങളുടെ അഭാവവും മൂലം കൂടുതൽ വനിതകളും ഈ രംഗത്തേയ്ക്കു വരാൻ മടിക്കുന്നു. വനിതകൾക്ക് മാത്രമായി കോഴി വളർത്തൽ, മുയൽ വളർത്തൽ മുതലയാവയ്ക്കു വേണ്ടി പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സൊസൈറ്റി രൂപീകരിക്കണം. പഞ്ചായത്തിൽ 15 പേർക്ക് ഒന്നു വീതം ഡയറി യൂണിറ്റ്, മിനി ഡയറിയൂണിറ്റ് ആരംഭിക്കുക.

ഈ പഞ്ചായത്തിൽ നെല്ലിപ്പാറ, കാൽവരി മൗണ്ട്, തങ്കമണി, ഉദയഗിരി എന്നിവിടങ്ങളിൽ മാത്രമാണ് ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. കരിക്കിൻമേട്, താഴത്തു നീലിവയൽ, അമ്പലമേട്, പ്രകാശ്, ഈട്ടിക്കവല, അൽഫോൻസാ നഗർ, ഇരുകൂട്ടി, കരിക്കുംതോളം പുഷ്പഗിരി തുടങ്ങിയ സ്ഥലങ്ങളിലെ ആളുകൾ വളരെയേരെ ബുദ്ധിമുട്ട് അനുഭവിച്ചാണ് പാൽ വിറ്റഴിക്കുന്നത്. ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ ഇവിടെത്തന്നെ പാലും പാലുല്പനങ്ങളുമായി വിറ്റഴിക്കാൻ പാൽ സംഭരണ സംസ്ക്കരണ ശാലകൾ ഉണ്ടാക്കണം.

V. തൊഴിൽ രംഗം

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ അഭ്യസ്ത വിദ്യരായ നിരവധി വനിതകൾ ഉണ്ടെങ്കിലും തൊഴിൽ മേഖലകൾ കുറവായതിനാൽ തൊഴിലിനായ് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഇവിടുത്തെ ആളുകൾ. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായസംരഭങ്ങൾ വനിതകൾക്കായി ആവിഷ്ക്കരിക്കാൻ സാദ്ധ്യതകൾ ഉണ്ട്. (ഉദാ: മെഴുകുതിരി, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, തീപ്പെട്ടി, സോപ്പ് നിർമ്മാണം, കറി പൗഡർ നിർമ്മാണം, കുറ്റിമുല്ല കൃഷി, ബ്രഡ് നിർമ്മാണം, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവ)

കാൽവരിമൗണ്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശാന്തിഗ്രാം ടെക്നിക്കൽ ടെയ്ലറിംഗ് സെൻറർ പുനഃസ്ഥാപിക്കുക. അവികസിത മേഖലയായ കരിക്കിൻ മേട്ടിൽ ഒരു വനിതാ സഹകരണ സംഘം അനുവദിക്കുക. എല്ലാ വാർഡുകളിലും കോളനികളിലും സഹകരണ സംഘങ്ങൾ രൂപീകരിക്കണം. തൊഴിൽ പരിശീലനത്തിനായ് ട്രൈസം പോലുള്ള പദ്ധതികൾ ആരംഭിക്കുക. പഞ്ചായത്തിൽ ഒരു തേയില ഫാക്ടറി ആരംഭിക്കുക.

പഞ്ചായത്തിന്റെ മൂന്നു മേഖലകൾ കേന്ദ്രീകരിച്ച് ഖാദി വ്യവസായകേന്ദ്രങ്ങൾ ആരംഭിക്കുകയാണെങ്കിൽ നിരവധി വനിതകൾക്ക് പ്രയോജനം ലഭിക്കു. പാണ്ടിപ്പാറ കേന്ദ്രമാക്കി ഒരു ടെയ്ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. നിർമ്മാണരംഗത്ത് പരിശീലനം നല്കുന്നതിനുവേണ്ടി ട്രെയിനിംഗ് കേന്ദ്രം ആരംഭിക്കുക. വികലാംഗരായ വനിതകൾക്ക് തൊഴിൽ സംരഭം നടപ്പിലാക്കുക.

കൗതുക വസ്തുക്കളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണത്തിനായ് ഒരു കരകൗശലയൂണിറ്റ് പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു മേഖലയിൽ ആരംഭിക്കുക എന്നത് ഈ പഞ്ചായത്തിലെ വനിതകളുടെ ആവശ്യമാണ്. തങ്കമണി കേന്ദ്രമാക്കി ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുക.

VI. ആരോഗ്യരംഗം

ഈ പഞ്ചായത്തിൽ രോഗികളിൽ കൂടുതലും സ്ത്രീകളാണ്. ഇതിന്റെ പ്രധാനകാരണങ്ങൾ അമിതാധ്വാനവും പോഷകാഹാരക്കുറവുമാണ്. ആരോഗ്യകേന്ദ്രങ്ങളുടെ അഭാവം മുഖ്യകാരണമാണ്.

നെല്ലിപ്പാറ, കാൽവരിമൗണ്ട്, പാറക്കടവ്, ഈട്ടിക്കവല എന്നിവടങ്ങളിലെ ഹെൽത്ത് സബ്സെൻറുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. പഞ്ചായത്തിൽ ആകെയുള്ള കാമാക്ഷി P.H.C.യിൽ അടിയന്തിരമായി ഡോക്ടറെ നിയമിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുകയും ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ കമ്മറ്റി രൂപീകരിക്കുക

യും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക. P.H.C യിൽ സ്ത്രീ രോഗ വിദഗ്ദ്ധരെ നിയമിക്കുകയും ചെയ്യുക.

ഹെൽത്ത് സബ് സെൻററുകൾ ഇല്ലാത്ത കരിക്കിൻമേട്, ഉദയഗിരി, ഇരുക്കൂട്ടി, അമ്പലമേട് തുടങ്ങിയ സ്ഥലങ്ങളിൽ അടിന്തിരമായി സബ്സെൻററുകൾ ആരംഭിക്കുക. ഭക്ഷ്യസാധനങ്ങളിൽ കൂടി രോഗം പകരുന്നതുമൂലം ഗുണമേൻമയുള്ള ഭക്ഷ്യ സാധനങ്ങൾ പൊതു വിപണിയിൽ വിറ്റഴിക്കുന്നതിനുവേണ്ടി ശ്രദ്ധിക്കണം.

മാതൃ-ശിശുക്ഷേമ പരിപാടികൾ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുവാൻ ശ്രദ്ധകേന്ദ്രീകരിക്കണം.

VII. വിദ്യാഭ്യാസരംഗം

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. S.S.LC പാസ്സായതിനുശേഷം ഉന്നത പഠനത്തിന് സൗകര്യമില്ലത്തതിനാൽ അനേകം പെൺകുട്ടികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ആൺകുട്ടികളേക്കാൾ പെൺകുട്ടികളാണ് കൂടുതൽ. എല്ലാ സ്കൂളുകളിലും 'മാതൃസംഗമം' പ്രവർത്തിച്ചു വരുന്നുണ്ട്.

നിരക്ഷരരായ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. സാക്ഷരതാ സമിതികൾ പുനഃസ്ഥാപിച്ച് ഇതിന് പരിഹാരം കാണണം. പെൺകുട്ടികൾക്ക് സാങ്കേതിക വിദ്യ അഭ്യസിക്കുന്നതിന് ഒരു സ്ഥാപനവും പഞ്ചായത്തിലില്ല. I.T.I, I.T.C പോലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയാൽ ഈ പ്രദേശത്തെ പെൺകുട്ടികൾക്ക് വളരയേറെ പ്രയോജനം ചെയ്യും.

കാമാക്ഷി പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ടെയ്ലറിംഗ് ട്രെയിനിംഗ് സെൻററുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ സ്ഥാപിക്കുക. അതുപോലെ തന്നെ പ്ലസ്-ടു പോലുള്ള കോഴ്സുകൾ ഹൈസ്കൂളുകളിൽ ആരംഭിക്കുക.

VIII. സാമൂഹ്യക്ഷേമം

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ സ്ത്രീ പീഡനങ്ങൾ നടക്കുന്നുണ്ട്. സ്ത്രീ പീഡനങ്ങളേയും അവർക്കു നേരെയുണ്ടാക്കുന്ന അക്രമങ്ങളേയും നേരിടുന്നതിനായി പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുക. പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് നീതി ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. സ്ത്രീധനം നിരോധിക്കണമെന്നതാണ് പൊതുവേയുള്ള അഭിപ്രായം. പുരുഷനും സ്ത്രീക്കും തങ്ങളുടെ കുടുംബസ്വത്തിൽ തുല്യവിഹിതം കൊടുക്കണമെന്നുള്ളതാണ് പൊതു അഭിപ്രായം.

കാമാക്ഷി പഞ്ചായത്തിൽ ആകെ നിലവിൽ 21 അംഗണവാടികളുണ്ട്. അവിടെ 1500 കുട്ടികളും 200 ഗർഭിണികളും ഇതിൻെറ ഗുണഭോക്താക്കളാണ്. ചില അംഗണവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഈട്ടിക്കവല അംഗണവാടിയ്ക്കു കെട്ടിടമില്ല. പല അംഗണവാടികളുടെയും കെട്ടിടം ബലക്ഷയം സംഭവിച്ചതാണ്. അംഗണവാടികളിൽ കക്കൂസ്, മൂത്രപ്പുര, കളിപ്പാട്ടങ്ങൾ, കുടിവെള്ളം, വൈദ്യുതി, ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. എല്ലാ വാർഡുകളിലും കുറഞ്ഞത് 3 അംഗണവാടികൾ ആവശ്യമാണ്. പാണ്ടിപ്പാറ, പാണ്ടിപ്പാറ- അമ്പലംഭാഗം, നീലിവയിൽ, ഇരുകുട്ടി, മേരിഗിരി, കുപ്പചാംപടി തുടങ്ങിയ പ്രദേശത്ത് അടിയന്തിരമായി അംഗണവാടികൾ ആരംഭിക്കണം. അംഗണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക. വേതനം വർദ്ധിപ്പിക്കുക എന്നുള്ളത് പ്രധാന ആവശ്യങ്ങളാണ്.

ഈ പഞ്ചായത്തിൽ 23 മഹിളാസമാജങ്ങൾ നിലവിലുണ്ട്. എന്നാൽ മഹിളാസമാജങ്ങൾക്ക് ഒന്നിനും കെട്ടിടം ഇല്ല. എല്ലാ പ്രദേശത്തും മഹിളാസമാജങ്ങൾ രൂപീകരിക്കുക. വനിതകളെ സംഘടിപ്പിക്കുന്നതിനായി മഹിളാ സമാജങ്ങൾ വഴിയായി ബോധവൽക്കരണ പരിപാടികളും നേതൃത്വ പരിശീലന ക്ലാസ്സുകളും നടത്തുക. ക്രഷുപോലുള്ള സമ്പ്രദായങ്ങൾ അംഗണവാടിയോട് ചേർന്ന് ആരംഭിക്കുക.

വനിതകളുടെ സാംസ്ക്കാരികബോധം വളരുന്നതിനായി എല്ല വാർഡുകളിലും വനിതകൾക്ക് മാത്രമായി വായനശാലകൾ ആരംഭിക്കണം. നിലവിലുള്ള വായനശാലകളിൽ വനിതാ പങ്കാളിത്തം ഇല്ല.

കാമാക്ഷി പഞ്ചായത്തിൽ 360 വിധവകളുണ്ട്. എല്ലാ വിധവകൾക്കും നിർബന്ധമായും വിധവാപെൻഷൻ അനുവദിക്കണം. നിലവിലുള്ള നിയമം ഭേദഗതിചെയ്തു എല്ലാ വിധവകൾക്കും ആനുകൂല്യം

ലഭ്യമാക്കണം. അതുപോലെ തന്നെ വിധവകൾക്ക് ഭവനനിർമ്മാണത്തിനായ് സൗജന്യ നിരക്കിൽ ധന സഹായം ഗവൺമെൻറ് തലത്തിൽ ചെയ്യണം. വീട്ട മ്മമാർക്കായി ക്ഷേമനിധി ആരംഭിക്കണം. അതു പോലെതന്നെ വികലാംഗരായിട്ടുള്ള വനിതകൾക്ക് പ്രത്യേകം ക്ഷേമനിധി ആരംഭിക്കുകയും അവർക്ക് വികലാംഗപെൻഷൻ അനുവദിക്കുകയും ചെയ്യുക. ഈ പഞ്ചായത്തിൽ നിലവിൽ 22 പേർക്കുമാത്രമേ വിധവാപെൻഷൻ ലഭിക്കുന്നുള്ളു. പഞ്ചായത്തിൽ കാമാക്ഷി കേന്ദ്രമാക്കി ഒരു അബല മന്ദിരം സ്ഥാ പിക്കണം. വനിതകൾക്ക് മാനഹാനി ഉണ്ടാക്കുന്ന തരത്തിലും അവരെ സമൂഹത്തിൽ താഴ്ത്തി ചിത്രീ കിരക്കുന്നതുമായ അശ്ലീലപോസ്റ്ററുകൾ പഞ്ചായ ത്തിന്റെ വിവിധ മേഖലകളിൽ പതിക്കുന്നുണ്ട്. ഇവ നീക്കം ചെയ്യണമെന്ന് പഞ്ചായത്തിലെ വനി തകൾ ഒന്നടങ്കം ആവശ്യപ്പെടുന്നു. കരിക്കിൻമേ ട്ടിൽ റേഷൻകട സ്ഥാപിക്കുക.

IX. മദ്യനിരോധനം

ചാരായ നിരോധനത്തെ ഈ പഞ്ചായത്തിലെ സ്ത്രീകൾ ഒന്നടങ്കം സ്വാഗതം ചെയ്തു. എന്നാൽ വ്യാജവാറ്റ് ഈ പഞ്ചായത്തിൽ വിപുലമായിട്ട് നട ക്കുന്നു. പുരുഷന്മാരുടെ മദ്യപാനം മൂലം കൂടുതൽ ദുരിതം അനുഭവിക്കുന്നത് കുടുംബങ്ങളിലെ സ്ത്രീക ളാണ്.അതുകൊണ്ട് ചാരായ നിരോധനം ഫലപ്രദ മായി നടപ്പിലക്കുകയും വ്യജവറ് നിർത്തലാക്കു കയും ചെയ്യണം എന്ന് വനിതകൾ ആവശ്യപ്പെടു ന്നു. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം എന്നുള്ള അഭിപ്രായമാണ് ഈ പഞ്ചായത്തിലെ വനിതകൾ ഏകകണ്ഠമായി ആവശ്യപ്പെടുന്നത്. ഇതിന് പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുകയും എല്ലാ വാർഡുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ജനങ്ങൾ സംഘടിച്ച് വ്യാജവാറ്റും വില്പനയും തടയുകയും ചെയ്യുക.

X. സമൂഹ്യ രാഷ്ട്രീയരംഗം

കാമാക്ഷി ഗ്രാമപഞ്ചായത്തിൽ സ്ത്രീകൾ പൊതുവേ പൊതുരംഗത്തേക്ക് ഇറങ്ങാൻ മടികാ ണിക്കുന്നു. കുടിയേറ്റമേഖലയായ ഈ പ്രദേശത്ത് പുരുഷമേധാവിത്വം, കുടുംബപ്രശ്നങ്ങൾ, ബാധ്യത കൾ, താത്പര്യക്കുറവ് മുതലായവയാണ് ഇതിനു കാരണങ്ങൾ. ഇതിനൊരു പരിഹാരം സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുമിച്ച് ബോധവൽക്കരണം നട ത്തുകയും സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാന ത്തെക്കുറിച്ച് പറഞ്ഞു മനസിലാക്കുകയും ചെയ്യുക എന്നുള്ളതാണ്.

പഞ്ചായത്ത്-രാജ് നിയമം പ്രാബല്യത്തിൽ വന്ന തോടെ സാമൂഹ്യ- രാഷ്ട്രീയ രംഗങ്ങളിൽ വനിത കൾക്ക് ഗണ്യമായ സ്ഥാനം ലഭിച്ചിട്ടുണ്ട്. ഈ പദ വികൾ അലങ്കരിക്കുന്നതിനുവേണ്ടി സ്ത്രീകളെ സജ്ജ മാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവൽക്ക രണവും നേതൃത്വ പരിശീലനക്ലാസുകളും നടത്ത ണം. കേന്ദ്ര ഗവൺമെൻറ് പാർലമെൻറിലും നിയമ സഭയിലും 33% സീറ്റുകൾ വനിതകൾക്കായ് സംവ രണം ഉറപ്പുചെയ്യുന്നു നിയമം പാസാക്കി എത്രയും പെട്ടെന്ന് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് പ ഞ്ചായത്തിലെ വനിതകൾ ഒന്നടങ്കം ആവശ്യപ്പെടു ന്നു.



സഹകരണം

ഗ്രാമീണജനതയ്ക്ക് കാർഷിക പ്രവർത്തനങ്ങളിൽ ആശ്വാസമെത്തിക്കുന്നതിനുവേണ്ടി 94 വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച സഹകരണ പ്രസ്ഥാനം ഇന്ന് നിത്യജീവിതത്തിന്റെ വിവിധ മേഖലകളിൽ കടന്നു കയറി വൻകിട വ്യവസായങ്ങളും മറ്റ് പണിശാലകളും നടത്തുവാൻ കഴിവുറ്റതും, പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുവാൻ പ്രാപ്തമായതും, വൻകിട ബാങ്കിംഗ് സ്ഥാപനങ്ങളോട് കിട പിടിക്കുവാൻ തക്ക പ്രാപ്തിയുള്ളതും, കാർഷിക വ്യവസായ മേഖലകളിൽ വൻപിച്ച പുരോഗതി കൈവരിക്കുവാൻ ശേഷിയുള്ള ഒരു മഹത് പ്രസ്ഥാനമായി വളർന്നു കഴിഞ്ഞിരിക്കുന്നു.

കാർഷികം, വ്യവസായം, ഡയറി, വിദ്യാഭ്യാസം, കൺസ്യൂമർ, വിപണനം, ഗതാഗതം, ഭവനനിർമ്മാണം, ആതുരശുശ്രൂഷ, മത്സ്യബന്ധനം, ഹോട്ടൽ തുടങ്ങി ജീവിതത്തിന്റെ എല്ലാ തുറകളിലും സഹകരമമേഖല വ്യാപിച്ചു കിടക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അതിശയിപ്പിക്കുമാറ് നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാന് വളർന്നു കഴിഞ്ഞു. കാർഷിക വായ്പയുടെ 72% കാർഷികസഹകരണസംഘങ്ങൾ വഴിയാണ് വിതരണം ചെയ്യപ്പെടുന്നത്. സാധാരണക്കാരുടെ അഭയകേന്ദ്രം സഹകരണബാങ്കുകളാണ്. ആയതിനാൽ സഹകരണമേഖലയുടെ പ്രസക്തി എടുത്തു പറയത്തക്കതാണ്.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചു കിടക്കുന്ന സഹകരണമേഖലയ്ക്ക് മതിയായ പ്രാധാന്യം ഒമ്പതാം പദ്ധതിയിൽ നൽകേണ്ടത് അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുമ്പോൾ സഹകരണ മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. പൂർണ്ണമായും കാർഷികമേഖലയെ ആശ്രയിച്ചാണ് നമ്മുടെ പഞ്ചായത്തിലെ ജനജീവിതം നിലനിൽക്കുന്നത്. ആയതിനാൽ കാർഷികമേഖലയുടെ പ്രാധാന്യത്തോടൊപ്പം സഹകരണമേഖലയ്ക്കും പ്രാധാന്യം നൽകേണ്ടതുണ്ട്.

സഹകരണമേഖലയ്ക്ക് വേണ്ടത്ര വേരോട്ടം ഉണ്ടായിട്ടില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. എണ്ണത്തിൽ സഹകരണസ്ഥാപനങ്ങൾ വളരെയധികം ഉണ്ടെങ്കിലും പ്രവർത്തനത്തിൽ കാർഷിക വായ്പാ സംഘങ്ങളിലും പാൽ വിപണന സംഘങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നു.

പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തങ്കമണി സർവ്വീസ് സഹകരണബാങ്ക്, തങ്കമണി.

2. ഉദയഗിരി സർവ്വീസ് സഹകരണബാങ്ക്, ഉദയഗിരി.

3. തങ്കമണി ഹരിജൻ സർവ്വീസ് സഹകരണസംഘം, തങ്കമണി.

4. കാമാക്ഷി വനിത വിവിധോദ്ദേശ സഹകരണസംഘം, കാമാക്ഷി.

5. കാമാക്ഷി പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം, തങ്കമണി.

6. കാമാക്ഷി പഞ്ചായത്ത് സെറി കൾച്ചറൽ സഹകരണസംഘം, തങ്കമണി.

7. ഉദയഗിരി കൺസ്യൂമർ സഹകരണസംഘം, ഉദയഗിരി.

8. ഹൈറേഞ്ച് മേഖലാ തേയില ഫാക്ടറി സഹകരണസംഘം, തങ്കമണി.

9. കൈത്തറി നെയ്ത്തു സഹകരണസംഘം, തങ്കമണി.

10. കെ. എം. ജോർജ്ജ് മെമ്മോറിയൽ ട്രാൻസ്പോർട്ട് സഹകരണസംഘം, തങ്കമണി.

11. മീറ്റ് പ്രൊഡ്യൂസേഴ്സ് ആൻഡ് കൺസ്യൂമേഴ്സ് സഹകരണസംഘം, പാണ്ടിപ്പാറ.

12. ഇടുക്കി ബ്ലോക്കു പട്ടികജാതി പട്ടികവർഗ്ഗ മത്സ്യോല്പാദന വിപണന സഹകരണസംഘം, ഇടുക്കി.

13. സ്നേഹാലയ വനിത വ്യവസായ സഹകരണസംഘം, കാൽവരിമൗണ്ട്.

14. തങ്കമണി ക്ഷീരോല്പാദക സഹകരണസംഘം, തങ്കമണി.

15. നെല്ലിപ്പാറ ക്ഷീരോല്പാദകസഹകരണ സംഘം, നെല്ലിപ്പാറ.

16.ഉദയഗിരി ക്ഷീരോപാദകസഹകരണസംഘം, ഉദയഗിരി.

17. കാൽവരിമൗണ്ട് ക്ഷീരോല്പാദകസഹകരണ സംഘം, കാൽവരിമൗണ്ട്.

18. കോതമംഗലം ഡയറി സൊസൈറ്റിയുടെ തങ്കമണി, പാണ്ടിപ്പാറ യൂണിറ്റുകൾ. കൂടാതെ മലനാട് സഹതകരണ കാർഷിക വികസനബാങ്കിന്റെ പ്രവർത്തനപരിധിയും നമ്മുടെ പഞ്ചായത്ത് മേഖല ഉൾപ്പെട്ടതാണ്.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം

1 തങ്കമണി സർവ്വീസ് സഹകരണബാങ്ക്

തങ്കമണി സർവ്വീസ് സഹകരണബാങ്ക് 18-8-1966 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. കാമാക്ഷി പഞ്ചായത്തിന്റെ 1മുതൽ 7വരെയും 9ഉം വാർഡുകളാണ് പ്രവർത്തനപരിധി. ട്ര പ്രവർത്തനപരിധിയിൽ 19000 ത്തോളം ജനങ്ങൾ അധിവസിക്കുന്നു. 6100 കുടുംബങ്ങളാണ് പ്രവർത്തനപരിധിയിലുള്ളത്. ബാങ്കിൽ 5700 അംഗങ്ങൾ ഉണ്ട്. 1700 അംഗങ്ങൾ മാത്രമേ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിട്ടുള്ളു. പ്രവർത്തനമേഖലയിലെ 50% കുടുംബങ്ങൾ മാത്രമേ ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ളു.

5.50ലക്ഷം രൂപ ഓഹരി മൂലധനവും 27ലക്ഷം രൂപ നിക്ഷേപവും ഉണ്ട്. അംഗങ്ങൾക്ക് 54.16ലക്ഷം രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാ സഹകരണബാങ്കിൽ നിന്നും 41.53ലക്ഷം രൂപ വായ്പ ലഭിച്ചിട്ടുണ്ട്. കാർഷിക കാർഷികേതര വായ്പ വിതരണത്തോടൊപ്പം വളം വ്യാപാരം, കുരുമുളക് വ്യാപാരം, ചിട്ടി മുതലായവ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 7 ജീവനക്കാർ സ്ഥാപനത്തിലുണ്ട്.

ഇത് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യസ്ഥാപനമാണെങ്കിലും അംഗങ്ങളുടെ വായ്പ ആവശ്യത്തിന്റെ 25% പോലും നിറവേറ്റുന്നതിന് കഴിയുന്നില്ല. കഴിഞ്ഞ 30വർഷത്തെ പ്രവർത്തനത്തിൽ 15ലക്ഷം രൂപ പ്രവർത്തന നഷ്ടം ഉണ്ടായിട്ടുണ്ട്.

സംഘത്തിന്റെ പ്രവർത്തന് മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിൽ മാത്രമേ അംഗങ്ങൾക്ക് സ്ഥാപനം കൊണ്ട് പ്രയോജനം ഉണ്ടാവുകയുള്ളു.

സ്ഥാപനം നേരിടുന്ന പ്രശ്നങ്ങൾ

(1) അംഗങ്ങളുടെ വായ്പാ ആവശ്യം നിറവേറ്റുന്നതിന് കഴിയുന്നില്ല.

(2) വിഭവസമാഹരണത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

(3) നിലവിൽ വായ്പകളിൽ നിന്നും മറ്റ് ബിസിനസ്സിൽ നിന്നും ലഭിക്കുന്ന വരുമാനം തൻചിലവുകൾക്കും മതിയാവുന്നില്ല.

(4) സ്വന്തം ഫണ്ടിന്റെ അപര്യാപ്തത മൂലം ജില്ലാ സഹകരണബാങ്കിനെ ആശ്രയിക്കാതെ അംഗങ്ങൾക്ക് വായ്പാ വിതരണം നടത്തുന്നതിന് കഴിയുന്നില്ല. ജില്ലാ സഹകരണബാങ്ക് നിർദ്ദേശിക്കുന്ന വായ്പാ നിബന്ധനകൾ പാലിക്കുന്നതിന് സംഘത്തിന് കഴിയുന്നില്ല.

(5) വായ്പ എടുത്തിട്ടുള്ള അംഗങ്ങൾ യഥാസമയം വായ്പ തിരിച്ചടയ്ക്കാത്തതുകൊണ്ടു കുടിശിഖ നിലവാരം വർദ്ധിക്കുന്നു.

സാദ്ധ്യതകൾ

കാമാക്ഷി പഞ്ചായത്തിന്റെ 8 വാർഡുകൾ പ്രവർത്തനപരിധിയായുള്ള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. കാർഷിക, കാർഷികേതര വായ്പകൾ യഥാസമയം ആവശ്യാനുസരണം വിതരണം നടത്തുകയും മറ്റു ബിസിനസ്സുകൾ വർദ്ധിപ്പിക്കുകയും ചെയ്താൽ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന് കഴിയുന്നതാണ്.

നിർദ്ദേശങ്ങൾ

(1) സംഘത്തിന്റെ ഓഹരി മൂലധനം 5 വർഷം കൊണ്ട് 18ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

(2) കാർഷിക വായ്പ അംഗങ്ങൾക്ക് കൃഷിക്ക് ആവശ്യമായ സമയങ്ങളിൽ കൃഷിച്ചെലവിന് അനുസൃതമായി വിതരണം നടത്തുക.

(3) സംഘത്തിൽ നിന്നും നിലവിൽ വിതരണം ചെയ്തിട്ടുള്ള 45.16 ലക്ഷം രൂപയുടെ വായ്പ വിവിധ ആവശ്യങ്ങൾക്കായി പദ്ധതിയുടെ ആദ്യ വർഷം തന്നെ 100 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകുവാൻ കഴിയുക. തുടർന്നുള്ള ഓരോ വർഷങ്ങളിലും വായ്പാ വിതരണം 25% വീതം വർദ്ധിപ്പിക്കുക.

(4) ദീർഘകാലപദ്ധതി വായ്പകൾ നൽകുന്നതിന് മുൻതൂക്കം നൽകുക.

(5) കാൽവരിമൗണ്ട്, പാറക്കടവ് എന്നീ സ്ഥലങ്ങളിൽ ബാങ്കിന്റെ ശാഖകൾ ആരംഭിക്കുക

(6) അംഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിന് ലഘു സമ്പാദ്യപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

(7) സംഘം പ്രവർത്തനപരിധിയിലെ എല്ലാ കുടുംബങ്ങളും ഏതെങ്കിലും ലഘു നിക്ഷേപപദ്ധതിയിൽ ചേരുക. അതുവഴി വിഭവസമാഹരണം വർദ്ധിപ്പിക്കുക.

(8) ഗവൺമെൻറ് സബ്സിഡിയോടും ഗ്രാന്റോടും കൂടിയുള്ള ദുർബ്ബലവിഭാഗങ്ങൾക്കുള്ള വായ്പകൾ വിതരണം നടത്തുക.

(9) വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിക്കുക.

(10) കാർഷികവായ്പ ആൾജാമ്യത്തിൽ 10000 രൂപയും കാർഷികേതരവായ്പ ആൾജാമ്യത്തിൽ 25000 രൂപ യുമായി വർദ്ധിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

(11) അദ്ധ്യയനവർഷാരംഭത്തിൽ അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനായി കാർഷികേതരവായ്പ വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

(12) ബാങ്കിന്റെ ആഭിമുഖ്യത്തിൽ പാണ്ടിപ്പാറ, നീലിവയൽ, നെല്ലിപ്പാറ എന്നിവിടങ്ങളിൽ വളം ഡിപ്പോകൾ ആരംഭിക്കുക.

ഉദയഗരി സർവ്വീസ് സഹകരണബാങ്ക്

കാമാക്ഷി പഞ്ചായത്തിന്റെ 7ഭാഗികം, 8, 10 വാർഡുകളാണ് പ്രവർത്തനപരിധി. പ്രവർത്തനപരിധിയിൽ 13000 ത്തോളം ജനങ്ങൾ 1650 കുടുംബങ്ങളിലായി അധിവസിക്കുന്നു.

ഉദയഗിരി സർവ്വീസ് സഹകരണബാങ്ക് 28-4-76 ൽ രജിസ്റ്റർ ചെയ്ത് 2-5-76 ൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ 2370 അംഗങ്ങൾ ഉണ്ട്. സംഘം വിവിധ ആവശ്യങ്ങൾക്കായി 38.64 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. ആയതിൽ 10.57 ലക്ഷം രൂപ കുടുശ്ശിഖ ആയ വായ്പയാണ്. പഞ്ചായത്തിന്റെ 7, 8, 10, വാർഡുകളിൽ മാത്രമാ ണ് പ്രവർത്തനപരിധി എങ്കിലും ഏറ്റവും കൂടുതൽ ദീർഘകാല പദ്ധതി വായ്പകൾ ബാങ്കിൽ നിന്നും നൽകിയിട്ടുണ്ട്.

ജില്ലാ ബാങ്കിൽ നിന്ന് സംഘം 40.19 ലക്ഷം രൂപ വായ്പ വാങ്ങിയതിൽ 11ലക്ഷം രൂപ കുടിശിഖയുണ്ട്. തേയില, കാപ്പി, കമുക്, തെങ്ങ് എന്നീ കൃഷിക്കാർക്ക് ദീർഘകാല വായ്പകൾ വിതരണം ചെയ്യുവാൻ സാദ്ധ്യതയുള്ള മേഖലയാണ്.

കാർഷിക കാർഷികേതര വായ്പാ വിതരണത്തിന് സംഘത്തിൽ സ്വന്തം ഫണ്ട് കുറവാണ്. 3.58ലക്ഷം രൂപ ഓഹരിയും 5.35 ലക്ഷം രൂപ നിക്ഷേപവുമാണ് സംഘത്തിലുള്ളത്. ആയതിനാൽ പൂർണ്ണമായും ജില്ലാ ബാങ്കിനെ ആശ്രയിച്ചാണ് സംഘത്തിന്റെ വായ്പാ പ്രവർത്തനങ്ങൾ നില നില്ക്കുന്നത്.

സാദ്ധ്യതകൾ

കാമാക്ഷി പഞ്ചായത്തിലെ പ്രധാനമായും 7, 8, 10, വാർഡുകൾ പ്രവർത്തനപരിധിയായുള്ളുവെങ്കിലും 13000 ജനങ്ങൾ അധിവസിക്കുന്ന സംഘം പ്രവർത്തനമേഖലയിൽ ഉദയഗിരി സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടുപോകുന്നതിന് സാദ്ധ്യതകൾ ഉണ്ട്. കാർഷിക കാർഷികേതരവായ്പകൾ അംഗങ്ങൾക്ക് ആവശ്യാനുസരണം വിതരണം നടത്തിയാൽ പ്രവർത്തനം നല്ല രീതിയിൽ കൊണ്ടുപോകുന്നതിന് കഴിയും.

നിർദ്ദേശങ്ങൾ

(1) സംഘത്തിന്റെ ഓഹരിമൂലധനം 5 വർഷംകൊണ്ട് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(2) കാർഷികവായ്പ അംഗങ്ങൾക്ക് കൃഷി

ക്ക് ആവശ്യമായ സമയങ്ങളിൽ കൃഷിചെലവിന് അനുസൃതമായി വിതരണം നടത്തുക.

(3) തേയില, കാപ്പി, കമുക് എന്നീ വിളകൾക്ക് ദീർഘകാല പദ്ധതിവായ്പകൾ വിതരണം നടത്തുന്നതിന് മുൻഗണന നൽകണം.

(4) സംഘത്തിന്റെ ആഭിമുഖ്യത്തിൽ വളം വ്യാപാരം ആരംഭിക്കണം.

(5) പദ്ധതിയുടെ ആദ്യവർഷം അംഗതലത്തിൽ നിലവിലുള്ള 38 ലക്ഷം രൂപ വായ്പ 60 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകണം. തുടർന്ന് ഓരോ വർഷവും 20% വർദ്ധനവ് വായ്പാ വിതരണത്തിൽ ഉണ്ടാവണം.

(6) കൊച്ചുകാമാക്ഷി, മേരിഗിരി എന്നിവിടങ്ങളിൽ കളക്ഷൻ ഡിപ്പോകൾ ആരംഭിക്കണം.

(7) സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള എല്ലാ കുടുംബങ്ങളെയും അംഗങ്ങൾ ആക്കണം.

(8) ലഘു നിക്ഷേപപദ്ധതികൾ ആരംഭിച്ച് ഓരോ കുടുംബത്തെയും ഏതെങ്കിലും നിക്ഷേപ പദ്ധതിയിൽ ചേർക്കണം.

(9) വായ്പ വിതരണത്തോടൊപ്പം നിക്ഷേപ സ്വരൂപണത്തിനും പ്രാധാന്യം നൽകണം. നിലവിലുള്ള 5.38 ലക്ഷം രൂപ നിക്ഷേപം 5 വർഷംകൊണ്ട് 60 ലക്ഷം രൂപയായിട്ടും വർദ്ധിപ്പിക്കണം.

(10) തേയില നേഴ്സറിക്ക് പദ്ധതി വായ്പ സംഘത്തിൽ നിന്ന് നൽകണം.

(11) നിലവിൽ പൂർണ്ണമായും വായ്പാ ആവശ്യങ്ങൾക്ക് ജില്ലാ ബാങ്കിനെ ആശ്രയിക്കുന്ന സംഘത്തിന്, പ്രത്യേക പരിഗണന നൽകി ജില്ലാ ബാങ്കിൽ നിന്നും വായ്പ അനുവദിച്ച് നൽകേണ്ടതാണ്.

തങ്കമണി ഹരിജൻ സർവ്വീസ് സഹകരണസംഘം

കാമാക്ഷി പഞ്ചായത്തിലെ ഹരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. പഞ്ചായത്തിലെ എല്ലാ ഹരിജനങ്ങളെയും അംഗങ്ങളാക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതുപോലെ വായ്പ വിതരണത്തിലും കാര്യമായ പുരോഗതി ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഗ്രാന്റോടും സബ്സിഡിയോടും കൂടിയുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് അർഹമായവർക്ക് സഹായം ലഭ്യമാക്കുന്നതിനു കഴിയുന്നില്ല.

സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രവ്യാപാരം നടത്തുന്നുണ്ടെങ്കിലും പുരോഗതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ അർഹരായ എല്ലാ ഹരിജനങ്ങളേയും സംഘത്തിൽ അംഗങ്ങൾ ആക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഓഹരി മൂലധനം വർദ്ധിപ്പിച്ചും മറ്റ് ധനസഹായസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തും അംഗങ്ങളുടെ വായ്പാ ആവശ്യം നിറവേറ്റേണ്ടതാണ്. സർക്കാർ സഹായത്തോടെയുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

കാമാക്ഷി വനിതാ വിവിധോദ്ദേശ്യ സഹകരണസംഘം

നിലവിൽ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയ നിലയിലാണ്. അംഗങ്ങളായിട്ടുള്ള സ്ത്രീകളുടെ തൊഴിൽ സംരംഭസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനും വായ്പാ ആവശ്യം നിറവേറ്റുന്നതിനും ആരംഭിച്ച സ്ഥാപനം ആണെങ്കിലും പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനു കഴിഞ്ഞിട്ടില്ല.

സാദ്ധ്യതകൾ

സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ അംഗങ്ങളാകുന്ന സ്ത്രീകൾക്ക് കൂട്ടായും ഒറ്റയ്ക്കും തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനു കഴിയുന്നതാണ്. സംഘത്തിന്റെ പ്രവർത്തനം പുനരുദ്ധരിക്കേണ്ടതും ഏറ്റവും അത്യാവശ്യമാണ്.

നിർദ്ദേശങ്ങൾ

(1) സംഘത്തിലെ നിലവിലുള്ള അംഗങ്ങളുടെ പൊതുയോഗം വിളിച്ചുചേർത്ത് ഒരു അഡ്ഹോക്ക് കമ്മറ്റി ആദ്യമായി രൂപീകരിക്കണം.

(2) പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിൽ നിന്നും സ്ത്രീകൾ ഒരാൾ വീതമെങ്കിലും സംഘത്തിൽ അംഗം ആകണം.

(3) സംഘത്തിന്റെ ഓഹരിമൂലധനത്തിലേക്ക് ആദ്യവർഷം തന്നെ 2 ലക്ഷം രൂപയെങ്കിലും സർക്കാർ വിഹിതമായി ലഭ്യമാക്കണം.

(4) സംഘത്തിന്റെ ആഭിമുഖ്യത്തിൽ സോപ്പ് നിർമ്മാണം, ടെയിലറിംഗ് ആൻഡ് എംബ്രോയ്ഡറി, കുടനിർമ്മാണം, നോട്ടു ബുക്ക് നിർമ്മാണം, അലങ്കാര വസ്തുക്കൾ നിർമ്മാണം, പ്ലാസ്റ്റിക്ക് നെയ്ത്ത് യൂണിറ്റുകൾ എന്നിവ ആരംഭിക്കണം.

(5) സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല തങ്കമണിയിൽ ആരംഭിക്കണം.

(6) സംഘത്തിന്റെ ആഭിമുഖ്യത്തിൽ തങ്കമണിയിൽ ഒരു തയ്യൽ പരിശീലനകേന്ദ്രം, ബ്യൂട്ടി പാർലർ എന്നിവ ആരംഭിക്കണം.

(7) സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിന്നുള്ള സഹായം ഉണ്ടാകണം.

തങ്കമണി കൺസ്യൂമർ സഹകരണസംഘം

സംഘത്തിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നില്ല. സംഘത്തിന്റെ ആഭിമുഖ്യത്തിൽ നിത്യോപയോഗസാധന ങ്ങൾ മിതമായ വിലയ്ക്ക് വിതരണ് നടത്തുന്നതിന് ഒരു സ്റ്റോർ തങ്കമണിയിൽ ആരംഭിച്ചു എങ്കിലും ഒരു വർഷത്തെ പ്രവർത്തന് കഴിഞ്ഞപ്പോൾ സ്ഥാപനം നിന്നു പോവുക ഉണ്ടായി. സാമ്പത്തിക പരാധീനതയാണ് പ്രവർത്തനം നിന്നു പോകുവാൻ കാരണമായത്. 5000 രൂപയുടെ ഓഹരി മൂലധനവും 25000 രൂപ ജില്ലാ ബാങ്കിൽ നിന്നും വായ്പയുമായി ആരംഭിച്ച സ്റ്റോർ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വാങ്ങി വിറ്റഴിക്കു വാൻ കഴിയുന്ന സ്ഥിതിയിലായിരുന്നില്ല.

സാദ്ധ്യതകൾ

കാമാക്ഷി പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ആഭിമുഖ്യത്തിലോ സഹകരണാടിസ്ഥാന ത്തിലോ മറ്റ് സ്ഥാപനങ്ങൾ ഇല്ല. ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് ജന ങ്ങൾക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗസാധന ങ്ങൾ ലഭ്യമാക്കുന്നതിന് കഴിയും. കാമാക്ഷി പഞ്ചായത്തിൽ ഒരു കൺസ്യൂമർ സ്റ്റോർ ഏറ്റവും അത്യാവശ്യമാണ്.

നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളിൽ നിന്നും ഒരാൾ എങ്കിലും വീതം സംഘത്തിൽ അംഗം ആകുക. സംഘത്തിൽ അംഗങ്ങൾ ആകുന്നതുവഴി സംഘത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുവാൻ കഴിയും.

(2) പദ്ധതിയുടെ ആദ്യവർഷം തന്നെ ഓഹരിമൂലധനം 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

(3) ജില്ലാ സഹകരണബാങ്കിൽ നിന്നും നിലവിൽ എടുത്തിരിക്കുന്ന 25000രൂപയുടെ വായ്പ അടച്ചുതീർത്ത് 1 ലക്ഷം രൂപ വീണ്ടും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(3) വായ്പയും ഓഹരിമൂലധനവും ഉപയോ ഗിച്ച് തങ്കമണിയിൽ വിപുലമായ രീതിയിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക. കൂടാതെ കാമാക്ഷി, പ്രകാശ്, ഉദയഗിരി, എട്ടാംമൈൽ, പാണ്ടിപ്പാറ എന്നീ സ്ഥലങ്ങളിൽ സെയിൽസ് ഡിപ്പോ കളും ആരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുക.

(4) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുക.

(5) പഞ്ചായത്തിന്റെ വിഹിതമായി സംഘ ത്തിന്റെ ഓഹരി മൂലധനത്തിലേക്ക് ആദ്യവർഷം 50000 രൂപ നൽകുക. തുടർന്ന് ഓരോ വർഷവും നിശ്ചിത തുക പഞ്ചായത്തിൽ നിന്നും മാനേജീരിയൽ സബ്സിഡിയായി സംഘത്തിന് നൽകുക.

(6) കൺസ്യൂമർ സ്റ്റോറിന്റെ ആഭിമുഖ്യത്തിൽ തങ്കമണിയിൽ ഒരു ഹോട്ടൽ ആരംഭിക്കുക.

ഹൈറേഞ്ച് മേഖലാ ടീ ഫാക്ടറി സഹകരണസംഘം, തങ്കമണി

ഉടുമ്പൻചോല താലൂക്കിലെ കട്ടപ്പന, കാമാക്ഷി, അയ്യപ്പൻകോവിൽ, കാഞ്ചിയാർ നെടുംകണ്ടം മരിയാപുരം വാത്തിക്കുടി പഞ്ചായത്തു

കൾ പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണിത്. നാമമാത്രമായി സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു എങ്കിലും മുന്നോട്ടു കൊണ്ടു പോകുന്നതിനു കഴിഞ്ഞിട്ടില്ല. സംഘം നിയമാവലി അനുസരിച്ച് ഭരണസമിതിയിൽ ഭൂരിപക്ഷവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ആയതിനാൽ കാലാകാലം സംഘം കമ്മറ്റി കൂടുന്നതിന് കഴിഞ്ഞിട്ടില്ല.

കാമാക്ഷി പഞ്ചായത്തിൽ തേയില കൃഷി ഏതാണ്ട് വ്യാപകമായിരിക്കയാണ്. പഞ്ചായത്തിലെ 2, 3, 4, 8, 10, വാർഡുകളിൽ പ്രധാന കൃഷി തേയില ആയിട്ടുണ്ട്. തേയില സംസ്കരിച്ച് പൊടിയാക്കുന്നതിന് സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു തേയില ഫാക്ടറി ആരംഭിക്കണം. തേയില ഫാക്ടറി ആരംഭിക്കുക ആണെങ്കിൽ തേയില കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനും അതുപോലെ വളരെയധികം പേർക്കു തൊഴിൽ ലഭ്യമാക്കുന്നതിനും സാധിക്കും. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു തേയില നേഴ്സറിക്കും വമ്പിച്ച സാദ്ധ്യത ഉണ്ട്.

നിർദ്ദേശങ്ങൾ

(1) സംഘത്തിന്റെ പൊതുയോഗം എത്രയും വേഗം വിളിച്ചുകൂട്ടി ഭരണസമിതി അംഗങ്ങളെ സംബന്ധിച്ചുള്ള നിയമാവലി വകുപ്പ് ഭേദഗതി ചെയ്യണം. സംഘം ഭരണസമിതി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വരാകണം.

(2) തേയില കൃഷി ചെയ്യുന്ന കർഷകരെ എല്ലാം സംഘത്തിൽ അംഗങ്ങൾ ആക്കണം.

(3) പദ്ധതിയുടെ ആദ്യവർഷം തന്നെ സംഘം നേതൃത്വത്തിൽ നേഴ്സറി തുടങ്ങണം.

കാമാക്ഷി പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം

കാമാക്ഷി പഞ്ചായത്ത് പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. അംഗങ്ങൾക്ക് സ്ഥാപനത്തിൽ നിന്ന് വായ്പ ഒന്നും അനുവദിക്കുകയില്ല. നിലവിൽ പ്രവർത്തനം ഇല്ല. ഈ പഞ്ചായത്തിൽ സംഘം പ്രവർത്തനത്തിന് സാദ്ധ്യത ഇല്ല.

മീറ്റ് പ്രൊഡ്യൂസേഴ്സ് ആൻഡ് കൺസ്യൂമേഴ്സ് സഹകരണസംഘം, പാണ്ടിപ്പാറ

സംഘം പ്രവർത്തനം നിലവിൽ ഉണ്ട്. ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. പൊള്ളാച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നല്ല മാടുകളെ യെടുത്ത് വിതരണം ചെയ്യുന്നു.

ഇടുക്കി ബ്ലോക്ക് ഹരിജൻ / ഗിരിജൻ മത്സ്യസഹകരണസംഘം

രജിസ്റ്റേർഡ് ഓഫീസ് തങ്കമണി ആയിരുന്നു. സംഘം ഇപ്പോൾ ഇടുക്കിയിലേക്ക് മാറ്റിയിട്ടുണ്ട്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാദ്ധ്യത കുറവാണ്.

സ്നേഹാലായ ഇൻഡസ്ട്രിയൽ വനിത സഹകരണസംഘം, കാൽവരിമൗണ്ട്

ഇടുക്കി ബ്ലോക്ക് പ്രവർത്തനപരിധിയായി വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘമാണ്. രജിസ്റ്റേർഡ് ആഫീസ് കാൽവരിമൗണ്ട്. പാറക്കടവിൽ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നു. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകി ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുകയാണ് യൂണിറ്റിന്റെ ഉദ്ദേശം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സോപ്പ് നിർമ്മാണം, അപ്ഹോൾസ്റ്ററി വർക്ക്സ്, കുട, നോട്ടുബുക്ക് നിർമ്മാണം എന്നിവയാണ് സംഘം നടത്തുവാൻ ഉദ്ദേശിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ.

സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം കാൽവരിമൗണ്ടിൽ നടത്തുന്നുണ്ട്. തങ്കമണിയിൽ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അപ്ഹോൾസ്റ്ററി വർക്ക്സ് യൂണിറ്റ് തുടങ്ങിയാൽ വിജയ സാദ്ധ്യത ഉണ്ട്. വ്യവസായ വകുപ്പിൽ നിന്നും ആവശ്യമായ വായ്പാ സൗകര്യം ലഭ്യമാക്കുകയാണെങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തി കൊണ്ടുപോകുന്നതിന് സാദ്ധ്യതയുണ്ട്. പ്രകാശിൽ ഒരു യൂണിറ്റ് ആരംഭിക്കണം.

ആപ്കോസ്

കാമാക്ഷി പഞ്ചായത്തിൽ തങ്കമണി, കാൽവരിമൗണ്ട്, നെല്ലിപ്പാറ, ഉദയഗിരി എന്നിവിടങ്ങളിൽ മിൽക്ക് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ടി സംഘങ്ങളിൽ ഏറ്റവും കൂടുതൽ പാൽ അളക്കുന്നത് തങ്കമണി ആപ്കോസിലാണ് 1300 ലിറ്റർ. പഞ്ചായത്തിലെ പാൽ ഉൽപാദനത്തിന്റെ 70 ശതമാനവും മിൽക്ക് സൊസൈറ്റികളിൽ കൂടിയാണ് വിപണനം നടത്തുന്നത്.

വേനൽ കാലത്ത് തങ്കമണി ഒഴിച്ച് മറ്റ് സംഘങ്ങളിൽ പാൽ അളവ് വളരെ കുറയുന്നുണ്ട്. ആയത് സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നല്ല ഇനത്തിലുള്ള സങ്കര ഇനം കന്നുകാലികളെ വളർത്താത്തതിന്റെ അഭാവം ഉൽപ്പാദനത്തിൽ കുറവ് അനുഭവപ്പെടുവാൻ കാരണം ആകുന്നു. അതുപോലെ കറവമാടുകൾക്ക് വേണ്ടത്ര അളവിൽ പോഷകാഹാരം നൽകാത്തതും പാൽ ഉൽപ്പാദനത്തെ ബാധിക്കുന്നു.

ആപ്കോസ് വഴി കറവപ്പശുക്കൾക്ക് വായ്പ ലഭ്യമാക്കിയാൽ പാൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. തങ്കമണി ആപ്കോസ് വായ്പ ലഭ്യമാക്കുന്നതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

(1) ആപ്കോസ് വഴി വർഷം തോറും 100 കറവമാടുകൾക്ക് വായ്പ ലഭ്യമാക്കണം.

(2) പാൽ ഉൽപ്പാദകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ സംഘങ്ങൾ വഴി വിതരണം നടത്തണം.

(3) തങ്കമണി ആപ്കോസിന്റെ ആഭിമുഖ്യത്തിൽ തങ്കമണിയിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കണം.

(4) കൂടുതൽ ഉൽപ്പാദനശേഷിയുള്ള സങ്കര യിനം കറവമാടുകളെ ലഭ്യമാക്കുന്നതിനു വേണ്ടി സഹായങ്ങൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെയ്യണം.

(5) പാൽ ഉൽപ്പാദകർക്ക് ന്യായമായതും യഥാർത്ഥവുമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

(6) പഞ്ചായത്തിലെ ആപ്കോസ് സംഘങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ തങ്കമണിയിൽ വർഷംതോറും കന്നുകാലി പ്രദർശനം സംഘടിപ്പിച്ച് മികച്ച കറവമാടുകൾക്കും കിടാരികൾക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകണം.

കാമാക്ഷി പഞ്ചായത്തിൽ സഹകരണ മേഖലയിൽ കൂടുതലായി വരേണ്ട സ്ഥാപനങ്ങൾ

(1) മാർക്കറ്റിംഗ് സഹകരണസംഘം

കാമാക്ഷി പഞ്ചായത്ത് പ്രവർത്തനപരിധിയായി ഒരു മാർക്കറ്റിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്തു.പ്രവർത്തനം ആരംഭിക്കണം. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ പ്രവർത്തനം വളരെ ആവശ്യമാണ്. കാമാക്ഷി, പ്രകാശ്, നെല്ലിപ്പാറ എന്നീ മേഖലകളിൽ ടി സംഘത്തിന്റെ പർച്ചേയ്സ് ഡിപ്പോകളും ആരംഭിക്കാവുന്നതാണ്.

(2) സഹകരണകോളേജ്

പഞ്ചായത്ത് കേന്ദ്രമായ തങ്കമണിയിൽ ഒരു സഹകരണപാരലൽ കോളേജ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്നതാണ്.

(3) സഹകരണാശുപത്രി

കാമാക്ഷി പഞ്ചായത്തിൽ നിലവിൽ മെച്ചപ്പെട്ട വിദഗ്ദ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല. സഹകരണമേഖലയിൽ ഒരു ആശുപത്രി ഈ പഞ്ചായത്തിൽ തുടങ്ങുന്നതിന് വളരെയേറെ സാദ്ധ്യത ഉണ്ട് അതു പോലെ ആവശ്യവുമാണ്. സഹകരണമേഖലയിൽ ഈ പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ആശുപത്രി തുടങ്ങുന്നതിന് പഞ്ചായത്തിൽ നിന്നും അടിയന്തിര ശ്രദ്ധ ഉണ്ടാവുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(4) ചെലവു കുറഞ്ഞ രീതിയിൽ വീടുകൾ വയ്ക്കുന്നതിന് സാധന സാമഗ്രികൾ നൽകുന്നതിനുവേണ്ടി ഒരു ഭവന നിർമ്മാണ സഹകരണസംഘം സഹകരണമേഖലയിൽ ആരംഭിക്കണം.

വിവധ ക്ഷീരോല്പാദകസഹകരണസംഘങ്ങളിലെ പാലിന്റെ അളവ് വിവരങ്ങൾ

	ആകെ പാൽ ലിറ്റർ	ലോക്കൽ സെയിൽ ലിറ്റർ	പുറത്തേക്ക് അയയ്ക്കുന്ന ലിറ്റർ
1. തങ്കമണി ആപ്കോസ്	1300	130	1170
2. കാൽവരിമൗണ്ട് ആപ്കോസ്	500	50	450
3. നെല്ലിപ്പാറആപ്കോസ്	700	40	660
4. ഉദയഗിരി ആപ്കോസ്	800	50	750
5. കോതമംഗലം ഡയറി സൊസൈറ്റി തങ്കമണി	350	50	300
6. കോതമംഗലം ഡയറി സൊസൈറ്റി പാണ്ടിപ്പാറ	350	30	320
7. നിർമ്മൽഗ്രാം സൊസൈറ്റി കരിക്കുതോളം	150	20	130
8. നിർമ്മൽഗ്രാ സൊസൈറ്റി ചന്ദനക്കവല	100	10	90

കാമാക്ഷി പഞ്ചായത്ത് പ്രദേശത്ത് മലനാട് കാർഷികവികസന ബാങ്കിൽ നിന്നും നല്കിയിട്ടുള്ള വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

1. കാർഷികവായ്പകൾ	-	47.09 ലക്ഷം
2. ചെറുകിട ജലസേചനം	-	4.00 ,,
3. ഭവനനിർമ്മാണവായ്പ	-	10.76 ,,
4. കാർഷികേതരവായ്പ	-	5.00 ,,
5. വ്യവസായവായ്പ	-	4.00 ,,
ആകെ	-	70.85 ലക്ഷം

ഈ പഞ്ചായത്തു പ്രദേശത്തുനിന്നും ബാങ്കിൽ അംഗത്വമുള്ളവർ 550 പേരാണ്.

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 5% ആളുകൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. ഈ പഞ്ചായത്തിൽ അമ്പലമേട്, ഈട്ടിക്കവല, കാമാക്ഷി എന്നിവിടങ്ങളിലായി 3 അംഗീകൃത പട്ടികജാതി കോളനികൾ നിലവിലുണ്ട്.

ആകെ പട്ടികജാതിക്കാർ	:	751
പുരുഷന്മാർ	:	379
സ്ത്രീകൾ	:	372
ആകെ പട്ടികവർഗ്ഗക്കാർ	:	119
പുരുഷന്മാർ	:	62
സ്ത്രീകൾ	:	57

ഈ പഞ്ചായത്തിലെ അമ്പലമേട് ഒഴികെ മറ്റൊരിടത്തും വൈദ്യുതി ലഭിച്ചിട്ടില്ല. ഇവിടങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ തന്നെ അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, കക്കൂസ്, പാർപ്പിടം, യാത്രാസൗകര്യങ്ങൾ മുതലായവ കോളനികൾക്കില്ല. കല്യാണതണ്ടിൽ ഒരു പട്ടികജാതികോളനിയും കരിക്കിൻചോട്ടിൽ ഒരു കോളനിയും ഉടനടി സ്ഥാപിക്കണം. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമം എത്രയും വേഗം നടപ്പാക്കണമെന്ന് ഈ പഞ്ചായത്തിലെ എല്ലാ ആളുകളും ഒന്നടങ്കം ആവശ്യപ്പെടുന്നു.

I വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ വിദ്യാഭ്യാസരംഗത്ത് വളരെയേറെ പിന്നോക്കം പോകുന്നതായിട്ട് കാണുന്നു. ഈ വിഭാഗങ്ങളുടെ സാമ്പത്തിക പരാധീനതയാണ് ഇതിന് മുഖ്യ കാരണം. ഈ വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായ് ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുന്നു. അതുപോലെ തന്നെ ഹോസ്റ്റൽ സൗകര്യം, സൗജന്യമായി പാഠപുസ്തകങ്ങൾ, യൂണിഫോം, പഠനോപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യണമെന്നത് ഇവിടുത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ട ആളുകളുടെ ആവശ്യമാണ്. വിദ്യാലയങ്ങളിൽ ഈ വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് കലാ-കായിക രംഗങ്ങളിൽ പരിശീലനം നൽകുക. സ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം. അതുപോലെ തന്നെ സാങ്കേതിക വിദ്യാഭ്യാസം ആരംഭിക്കണം. ഈ വിഭാഗങ്ങളിൽ കുട്ടികൾക്ക് S. S. L. C. വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി സൗകര്യം ലഭ്യമാക്കണം. അതുപോലെ തന്നെ തോറ്റ കുട്ടികൾക്ക് വീണ്ടും പഠിക്കുന്നതിനുള്ള സൗകര്യവും അവർക്കതിനുള്ള ധനസഹായവും നല്കണം.

II തൊഴിൽരംഗം

ഈ വിഭാഗങ്ങളിൽ ബഹുഭൂരിപക്ഷം ആളുകളും തൊഴിൽ ചെയ്യുന്നത് കാർഷിക മേഖലയിലാണ്. എന്നാൽ കാർഷിക മേഖലയിലെ കൂലി നിരക്കിലുള്ള കുറവും മേഖലയിലെ തകർച്ചയും കാരണം ഇവർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഈ വിഭാഗങ്ങളിൽ പെട്ട വനിതകൾക്ക് തൊഴിൽ സംരംഭം ഉറപ്പാക്കുന്നതിനു വേണ്ടി കോളനികൾ കേന്ദ്രീകരിച്ച് ഖാദി വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചാൽ കുറെ ആളുകൾക്ക് ഗുണം ചെയ്യും. ഈട്ടിക്കവല കോളനി യിൽ ഇതിനുള്ള സ്ഥലസൗകര്യം ഉണ്ട്.

പുരുഷന്മാർക്ക് തൊഴിൽ സംരംഭം ഉണ്ടാക്കുന്നതിനായി ഇഷ്ടിക നിർമ്മാണം (ഹോളോബ്രിക്സ്, ചുടുകട്ട) ആരംഭിക്കുക. അതുപോലെതന്നെ വനിതകൾക്കായ് ടെയ്ലറിംഗ് സെന്ററുകൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ മുതലായവ ആരംഭിക്കുക. അഭ്യസ്തവിദ്യരായ ഈ വിഭാഗത്തിലെ ആളുകൾക്ക് തൊഴിൽസംരംഭം ഉടനെ ഉറപ്പു വരുത്തണം.

III കാർഷികരംഗം

ഈ പഞ്ചായത്തിലെ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വിത്തുകൾ, കീടനാശിനികൾ, ജൈവവളങ്ങൾ കാർഷികോപകരണങ്ങൾ മുതലായവ സൗജന്യമായി വിതരണം ചെയ്യണം. കാർഷികരംഗത്തെ കുറിച്ച് ഇവർക്ക് ബോധവല്ക്കരണ ക്ലാസ്സും പരിസീലനവും നൽകണം.

IV ആരോഗ്യരംഗം

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ട ആളുകൾക്ക് വൈദ്യസഹായം സൗജന്യമായി ലഭ്യമാക്കണം. ഇതിനായ് ഹെൽത്ത് സബ് സെന്ററുകൾവഴി രോഗികളെ കണ്ടെത്തുകയും ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യണം.

V പാർപ്പിടം

ഈ വിഭാഗത്തിൽ പെട്ട ആളുകൾക്ക് പാർപ്പിടം ഇല്ലാത്തവർക്ക് എത്രയും പെടെന്ന് വീട് വയ്ക്കുന്നതിനുള്ള ധനസഹായം ഗവൺമെന്റ് തലത്തിൽ ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

VI മൃഗസംരക്ഷണം

കന്നുകാലി വളർത്തൽ, ആടുവളർത്തൽ, മുയൽ വളർത്തൽ മുതലായവയ്ക്ക് ഇവർക്ക് ധനസഹായം നൽകുകയും കൊടുത്ത സഹായം വേണ്ട രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.

VII കലാ-സാംസ്കാരികരംഗം

ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ കലാ-സാംസ്കാരിക വളർച്ച ഉറപ്പാക്കുന്നതിനു വേണ്ടി, കലാ-സാംസ്കാരിക നിലയങ്ങൾ ഇവർക്കായി ഉണ്ടാക്കണം. എല്ലാ കോളനികളിലും ടി. വി. സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യണം.അതുപോലെ തന്നെ കലകൾ അഭ്യസിക്കുന്നതിനായി കലാകേന്ദ്രം ആരംഭിക്കണം. ഈട്ടിക്കവല കോളനിയിൽ ടി. വി. സെന്ററും ഹാളും നിലവിലുണ്ട്. അതുപോലെ തന്നെ മറ്റിടങ്ങളിലും കമ്മ്യൂണിറ്റിഹാൾ, ടി. വി. സെന്റർ മുതലായവ സ്ഥാപിക്കണം.

VIII സാമൂഹ്യരംഗം

ഈ വിഭാഗങ്ങളിൽപ്പെട്ട ആളുകളുടെ സാമൂഹ്യക്ഷേമം ഉറപ്പു വരുത്തുന്നതിനായി അംഗണ വാടികൾ വഴിയായി പോഷകാഹാര വിതരണം നടപ്പിലാക്കണം. അതുപോലെ ഈ വിഭാഗങ്ങളിലെ വനിതകൾക്കായി മഹിളാസമാജങ്ങൾ രൂപീകരി ക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണസംഘ ങ്ങളിൽക്കൂടി വരുന്ന ആനുകൂല്യങ്ങൾ അർഹരായ വർക്ക് നൽകാൻ ശ്രദ്ധിക്കണം.

സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ ഈ വിഭാഗ ത്തിൽ പെട്ട ആളുകൾ കടന്നു വരാൻ മടിക്കുന്നു. ഈ വിഭാഗങ്ങളിലെ പ്രത്യേകിച്ച് വനിതകളെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ അവർക്ക് ബോധവല്ക്കരണം നടത്തണം. ഈ വിഭാഗങ്ങളിൽ പെട്ട ആളുകളെ ഗ്രൂപ്പ് ഇൻഷുറൻസ് ചെയ്യുക.



കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോസഫ് പടവൻ, ഇടുക്കി ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസ്, മാത്യു മത്തായി തെക്കേമല എന്നിവർ ഡൽഹിയിൽ വച്ചു നടത്തപ്പെട്ട പഞ്ചായത്തു രാജ് പരിശീലന ക്യാമ്പിൽ

വിഭവസമാഹരണം

കാമാക്ഷി പഞ്ചായത്ത് സമ്പന്നതയുടെ കാര്യത്തിൽ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നോക്കമാണ്. വികസന പ്രവർത്തനങ്ങളിൽ ഏറെയും പഞ്ചായത്തു തന്നെയാണ് ഏറ്റെടുത്ത് നടത്തുത്. എന്നാൽ പഞ്ചായത്തിന്റെ തനതു വരുമാനം ഭരണപരമായ ചിലവുകൾ നിറവേറ്റുന്നതിനു പോലും തികയുന്നതല്ല. വികസന രംഗത്തു മുന്നേറ്റമുണ്ടാകണമെങ്കിൽ ഗവ: ന്റെ സഹായത്തോടൊപ്പം പഞ്ചായത്തിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുകയും ജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ പരമാവധി സംഘടിപ്പിക്കുകയും ചെയ്യണം. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നത് നമ്മുടെ പൊതു ആവശ്യമാണെന്ന ബോധ്യത്തോടെ യാഥാർത്ഥ്യബോധത്തോടുകൂടിയ നികുതി പുനർനിർണ്ണയത്തോടു സർവ്വാത്മനാ സഹകരിക്കണം.

കെട്ടിട നികുതി

കെട്ടിടത്തിന്റെ മുതൽ മുടക്കിന് ആനുപാതികമായും വാടകയ്ക്കു നൽകുന്നതാണെങ്കിൽ യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിലും നികുതി നിർണ്ണയിക്കുക.

തൊഴിൽ കരവും സ്ഥാപനങ്ങളുടെ ലൈസൻസിംഗും

യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ കരവും, സാമ്പത്തികനിലവാരത്തിനനുസരണമായി എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസും നിർണ്ണയിക്കുക.

മാർക്കറ്റിംഗിനുള്ള സംവിധാനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനു നിലവിലുള്ള മാർക്കറ്റ് മെച്ചപ്പെടുത്തുകയും സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഷോപ്പിംഗ്കോംപ്ലക്സ് പണിയുകയും ചെയ്യുക.

പഞ്ചായത്തിന്റെ പൊതു ജലവിതരണ സംവിധാനം ചിട്ടപ്പെടുത്തി ഉപഭോക്താക്കളിൽ നിന്നു ന്യായമായ ചാർജ്ജ് ഈടാക്കുക.

ചെറുകിട ജലവൈദ്യുത പദ്ധതിയും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പദിപ്പിക്കുവാനുള്ള സാധ്യതയും ധാരാളമുള്ള പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാകുന്നു.

പഞ്ചായത്തിലെ ധാതു വിഭവങ്ങൾ (മണൽ, പാറ, മണ്ണ്) നിർമ്മാണാവശ്യത്തിനു ഉപയോഗപ്പെടുത്തുമ്പോൾ ന്യായമായ നികുതി ഈടാക്കാവുന്നതാണ്.

കാലാവസ്ഥയും ഭൂപ്രകൃതിയും ഇടുക്കി ജലാശയവും വന്യമൃഗസങ്കേതവും കൊണ്ടനുഗൃഹീതമായ കല്യാണതണ്ട് ടൂറിസ്റ്റുകേന്ദ്രമായി വികസിപ്പിക്കുന്നതു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു സഹായകമാവും.

ടാക്സി സ്റ്റാന്റും ബസ്സ് സ്റ്റാന്റും നിർമ്മിച്ച് ഫീസ് പിരിക്കാവുന്നതാണ്. വിനോദനികുതി പരമാവധി പിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

പട്ടയം നൽകുന്നതിനുള്ള തടസ്സം നീക്കി കൈവശക്കാർക്കു പട്ടയം നൽകിയാൽ ഭൂനികുതി വിഹിതവും വസ്തു കൈമാറ്റ നികുതി വിഹിതവും ഗണ്യമായി പഞ്ചായത്തിനു ലഭിക്കുന്നതാണ്. മാത്രമല്ല കാർഷിക വ്യവസായ മേഖലകളിൽ പുത്തൻ മുതൽ മുടക്കിനു പട്ടയം സഹായിക്കുന്നതു വഴി ഉണ്ടാകുന്ന വരുമാന വർദ്ധനവും കണക്കിലെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനുകൂടി സഹായകമാകുന്ന പട്ടയവിതരണ ത്തിന്റെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനു ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബാങ്കുകളും പണമിടപാടു സ്ഥാപനങ്ങളും

യൂണിയൻ ബാങ്കിന്റെ തങ്കമണി ശാഖയും തങ്കമണി ഉദയഗിരി സഹകരണബാങ്കുകളുമാണ് പ്രധാന ധനകാര്യസ്ഥാപനങ്ങൾ. ക്രെഡിറ്റ് യൂണിയനുകൾ തുടങ്ങി സേവനപ്രവർത്തനങ്ങളും സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും നിരവധി ലഘു സമ്പാദ്യപദ്ധതികളും, സ്വകാര്യ ചിട്ടികളും പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയാകട്ടെ പഞ്ചായത്തിന്റെ പൊതു സാമ്പത്തികപുരോഗതിക്ക് ഉപയുക്തമാകുന്ന രൂപത്തിൽ ആസൂത്രണം ചെയ്യപ്പെടേണ്ടതാണു. സ്വകാര്യ പണമിടപാടുകാരിൽ നിന്നും വികസനത്തിനു സഹായകമായ രൂപത്തിൽ ശേഷിക്കനുസരിച്ച് ഫീസു പഞ്ചായത്തു ഈടാക്കേണ്ടതാണ്.

വിഭവസമാഹരണം

പഞ്ചായത്തിലെ കെട്ടിടനികുതി	201191.52
തൊഴിൽ നികുതി	100400.00
മറ്റിനം വരവ്	84000.00
ആകെ വരവ്	385591.52
അൺഡെഡ് ഉൾപ്പടെ ഗവഃ ഗ്രാന്റുകൾ	678512.00
J.R.Y	336000.00
ആകെ വരവ്	1400103.00

ചിലവ്

സെക്രട്ടറി ജീവനക്കാർ	309436.00
ഭരണസമിതി അലവൻസ്	87000.00
വിദ്യാഭ്യാസ ചിലവ്	13279.75
തെരുവ് വിളക്ക്	962.00
മറ്റുള്ളവ	186459.35
	597137.10

ഉപസംഹാരം

മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെ പടമുഖത്ത്, ഒരു തീജ്വാലയായി കത്തിപ്പടർന്ന് ആയുധമെടുക്കാത്ത സഹനസമരത്തിലൂടെ, സത്യവും അഹിംസയും ആയുധമാക്കി ഭാരതത്തിനു സ്വാതന്ത്ര്യം നേടിക്കൊടുത്ത് ലോകചരിത്രത്തിനു സുവർണ്ണാദ്ധ്യായം രജിച്ച മോഹൻദാസ് കരംചന്ദ്ഗാന്ധി എന്ന മഹാത്മജിക്ക് ഈ നാടിനെപ്പറ്റി ഒരു വലിയ സ്വപ്നമുണ്ടായിരുന്നു. ഗ്രാമങ്ങളിൽ പ്രഭചൊരിയുന്ന ഭാരതത്തിന്റെ ആത്മാവിനുസാക്ഷാത്ക്കാരം. അതു ഫലവത്താക്കാൻ അദ്ദേഹം ആസങ്കല്പത്തിന് അതിമനോഹരമായ ഒരു പേരുനൽകി ഗ്രാമസ്വരാജ്.

സ്വതന്ത്രഭാരതം പതിറ്റാണ്ടുകൾക്കുംശേഷം മഹാത്മജിയുടെ സ്വപ്നത്തിനുസാഫല്യമേകാൻ കരുത്തനു, കർമ്മകുശലനുമായ ഒരു യുവഭരണാധികാരിയേ ഈ രാഷ്ട്രത്തിന്റെ ഭരണസാരഥിയാക്കി രാജീവ്ഗാന്ധി, അദ്ദേഹംപറഞ്ഞു;' എനിക്ക് ഒരു സ്വപ്നമുണ്ട്. ഓരോ ഇൻഡ്യാക്കാരനും ഗ്രാമസ്വരാജിലൂടെ സമ്പൽസമൃദ്ധവും ഐശ്വര്യസമ്പൂർണ്ണവുമായ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്കു മാർച്ചുചെയ്യുന്ന മനോഹരമായ ഒരു സ്വപ്നം.'ആ സ്വപ്നത്തിന്റെ പൂർത്തീകരണത്തിനായി അദ്ദേഹം ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായി ഗ്രാമസ്വരാജിനെ ഭാരതീയന് സ്വന്തം നെഞ്ചിലേറ്റിലാളിക്കാൻ അവസരമുണ്ടാക്കി.

ഇന്ന്; നാം ഗ്രാമസ്വരാജിലൂടെ (പഞ്ചായത്തീരാജിലൂടെ) കരഗതമായ അധികാരത്തിന്റെ ശീതളഛായയിൽ ജനകീയാസൂത്രണ പരിപാടിയുടെ വിജയത്തിനായി പരിശ്രമിക്കുകയാണല്ലോ. ജനങ്ങളുടെ അധികാരം ജനങ്ങൾക്കു തന്നെ നൽകിയ നടപടിയിലൂടെ വിപ്ലവകരമായ ഭരണപരിഷ്ക്കാരം പോലെ നമ്മുടെ സംസ്ഥാന ഭരണക്കൂടം ഒൻപതാം പദ്ധതിയുടെ രൂപരേഖതയ്യാറാക്കാനും പദ്ധതിനടപ്പാക്കാനുമുള്ള അധികാരവും അവസരവും ജനങ്ങൾക്കു നൽകിയിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ പദ്ധതികളുടെ നടത്തിപ്പിലുണ്ടായ പാളിച്ചകൾമൂലം സംജാതമായ വികസനരംഗത്തെ മുരടിപ്പും ശൂന്യതാബോധവും പരിഹരിക്കാൻ ഈ പദ്ധതിക്കു കഴിയുമെന്നു നമുക്കു പ്രത്യാശിക്കാം.

ഈ പദ്ധതിയുടെ വിജയം നമ്മുടെ ഓരോരുത്തരുടേയും കൈകളിലാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുമ്പോൾ അതു വിജയത്തിലെത്തിക്കാനുള്ള ഇച്ഛാശക്തിയും ദിശാബോധവും നാം പ്രകടിപ്പിച്ചാൽമാത്രമേ ഈ പദ്ധതിവിജയിപ്പിക്കാൻ നമുക്കാവുകയുള്ളൂ. മുരടിപ്പുബാധിച്ച നമ്മുടെ വികസന രംഗത്ത് പുത്തനുണർവ്വിനുവേണ്ടി പ്രയത്നിക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ്. ഈ പഞ്ചായത്തിൽ ആവശ്യങ്ങൾക്കുവേണ്ടി ഒത്തൊരുമയോടെ ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കതീതമായി അണിനിരന്ന ചരിത്രം മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ആ ഒരുമയുടെ പ്രതീകമാണ് ഈ ഗ്രാമത്തിന്റെ വികസനത്തിന്റെ പാത. വികസനത്തിന്റെ പന്ഥാവിൽ നമുക്കിനിയും ഒത്തിരിയേറെ സഞ്ചരിക്കേണ്ടതുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തിരുമുറ്റത്ത് നാം പ്രവേശിക്കുമ്പോൾ ഗ്രാമസ്വരാജിനെ നനമുക്കുതന്ന മഹാത്മാവിന്റെ സ്വപ്നം പോലെ നമുക്കും നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധവും ഐശ്വര്യസമ്പൂർണ്ണവുമാക്കേണ്ടതുണ്ട്. അതിലെയ്ക്ക് നമുക്കോരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ യഥാവിധി ചെയ്യുവാൻ നമുക്കുകഴിയണം. പലപ്പോഴും സഹായങ്ങൾ സ്വീകരിക്കാൻ മാത്രംവ്യഗ്രതകാണിക്കുന്ന സ്ഥിതിവിശേഷം നമുക്കിടയിലുണ്ട്. അതിൽനിന്നുവ്യത്യസ്തമായി കൊടുക്കുവാൻ സന്നദ്ധമായ മനോഭാവം നമുക്കു വളർത്തിയെടുക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിന്റെ കാതലായ വിഭവംമാനവശേഷിയാണ്. അതു പൂർണ്ണമായുപയോഗിച്ചാൽമാത്രമേ നമ്മുടെ വികസനം യാഥാർത്ഥ്യമാകുന്നുള്ളൂ.

ഈ നാടിന്റെ വികസനരംഗത്ത് അതുല്യമായ സംഭാവനകൾനൽകിയ നിരവധിവ്യക്തികൾ സ്മൃതി മണ്ഡല ത്തിലെത്തി നിൽക്കെ ഓരോരുത്തരുടേയും പേരെടുത്തു പറയുക എളുപ്പമല്ലാത്തതിനാൽ അവരെയെല്ലാവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇവിടുത്തെ രാഷ്ട്രീയ, സാംസ്ക്കാരിക,സാമുദായിക രംഗങ്ങളിലെ ഒട്ടേറെ പ്രമുഖ വ്യക്തികൾ ആപ്പട്ടിക യിൽപ്പെടുന്നു. എല്ലാവർക്കുംഹൃദയം നിറഞ്ഞനന്ദി. അതോടൊപ്പം ഗ്രാമ പഞ്ചായത്തിന്റെ ആരംഭം മുതലു ള്ള പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെയും വിസിഷ്യ ഈ പദ്ധതിയുടെ വിജയത്തിനായ സഹ കരിക്കുന്ന ഈ ഗ്രാമപഞ്ചായത്ത്കാരനായ ഇടുക്കി ബ്ലോക്ക് പഞ്ചായ 'ത്ത് പ്രസിഡന്റ് ശ്രീ അഗസ്റ്റിൻ തോമസ്. ഈ പഞ്ചായത്തിന്റെ ജനകീയാസൂത്രണ ത്തിന്റെ ചാർജുള്ള ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്തംഗം ശ്രീ. നോബിൾ ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി സെലിൻ മാത്യു, ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ സർഗ്ഗാ ത്മകവും ശ്ലാഖനീയവുമായ നേതൃത്വം കൊടുക്കുന്ന ബഹുഃ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മാത്യു മത്തായി തേക്കുമല, എന്റെ സഹപ്രവർചത്തകരായ പഞ്ചായത്ത് മെമ്പറന്മാർ, ജനകീയാസൂത്രണ പ്രക്രിയയിൽ ആരംഭം മുതൽ സഹകരിച്ചുകൊണ്ടിരി ക്കുന്ന ഡി. ആർ. പി. മാർ പഞ്ചായത്ത് ജീവനക്കാർ, ഉദ്യോഹസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ധർ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക, മത രംഗങ്ങളി ലെ നേതാക്കൾ പ്രവർത്തകർ തുടങ്ങി തുടങ്ങി ഈ പദ്ധതിയുമായി സഹകരിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങളെ താലോലിക്കുന്നതിനും പൂവണിയിക്കുന്നതിനും വേണ്ടിയുള്ള പ്രയത്നത്തിൽ ഈ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണവും സാന്നിദ്ധ്യവും സഹായവും ഒരിക്കൽ കൂടി അഭ്യർദ്ധിച്ചു കൊള്ളുന്നു.

ജോസ് തെച്ചേരി

(വൈസ് പ്രസിഡന്റ്)



Technosoft, Kottayam. Ph: 567031